# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ഡിസംബർ വോള്യം: 10 ലക്കം: 4



**പാർലമെന്ററി ജനാധിപത്യത്തിന് നേരെയുള്ള ആക്രമണം**



എളമരം കരീം 08




ഫെബ്രുവരി 23, 24 12

**ഐതിഹാസിക കർഷകസമരത്തിന് വൻവിജയം**




15

**വർഗീയ ഭ്രാന്തൻ നീക്കങ്ങളെ പ്രതിരോധിക്കുക**

കെ. ടി.കുഞ്ഞിക്കണ്ണൻ 20

**സംസ്ഥാന സർക്കാരിനെതിരായ കള്ളവാദങ്ങൾ തള്ളിക്കളയുക**

പി. നന്ദകുമാർ MLA 26



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ: ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ: എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള





**പാർട്ടിയും ട്രേഡ് യൂണിയനുകളും തമ്മിലുള്ള ബന്ധം**

എൻ. പത്മലോചനൻ 30

**ഒമിക്രോൺ അല്ല, മുതലാളിത്തത്തിന്റെ അത്യാർത്തിയാണ് ലോകത്തിന് ഭീഷണി**

33 പ്രബീർ പുർകായസ്ത

**ലാറ്റിനമേരിക്കൻ വോട്ട് : അമേരിക്കൻ സാമ്രാജ്യത്തത്തിനെതിരെ**

36 വിജയ് പ്രഷാദ്

**പ്ലാന്റേഷൻ നയം**

44 എസ്. ജയമോഹനൻ

**സംഘടനാ വാർത്തകൾ** 46

മുഖപ്രസംഗം

# കർഷക സമര വിജയം
# നവലിബറലിസത്തിനേറ്റ തിരിച്ചടി

2020 നവംബർ 6-ന് ആരംഭിച്ച കർഷകസമരത്തിൽ, കർഷകരുടെ സമരതീക്ഷണതക്ക് മുമ്പിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി അടിയറവ് പറയേണ്ടിവന്നു. സാമ്രാജ്യത്ത ആഗോളവൽക്കരണ നയങ്ങൾ ലോകമാകെ നടപ്പാക്കാനും, ലോക സമ്പത്ത് മുഴുവൻ അധീനപ്പെടുത്താനും കച്ച കെട്ടിയിറങ്ങിയ അന്തർദേശീയ മൂലധന ശക്തികൾക്ക്, ഏറ്റ കനത്ത പ്രഹരമാണ് ഇന്ത്യൻ കർഷകരുടെ ഉജ്ജ്വല വിജയം. പൊതുമേഖലാ വ്യവസായങ്ങൾ, പൊതുമേഖലാ ബാങ്കുകൾ, ദേശീയ ആസ്തികൾ, എന്നിവക്ക് പുറമെ, രാജ്യത്തെ കൃഷിഭൂമിയും അധീനപ്പെടുത്താനായിരുന്നു സാമ്രാജ്യത്ത ശക്തികളുടെ നീക്കം. സോവിയറ്റാനന്തര ലോകത്ത്, സാമ്രാജ്യത്ത തേരോട്ടത്തിന് വഴങ്ങിയ ഇന്ത്യൻ ഭരണവർഗം, അവർ മുന്നോട്ടുവച്ച നവഉദാരവൽക്കരണ നയങ്ങൾ നടപ്പാക്കുകയായിരുന്നു. തൊഴിലാളിവർഗവും, കർഷകരും ഉയർത്തിയ എതിർപ്പുകളെ അവഗണിച്ചായിരുന്നു ആ തേരോട്ടം. കർഷകരും, തൊഴിലാളികളും ചേർന്ന് നടത്തിയ ചരിത്രത്തിൽ സമാനതകളില്ലാത്ത പോരാട്ടത്തിന് മുമ്പിൽ, ഒടുവിൽ അവർക്ക് അടിയറ പറയേണ്ടിവന്നു.

പാർലമെന്റ് പാസാക്കിയ മൂന്ന് കാർഷിക നിയമങ്ങളുടെ ലക്ഷ്യം, കർഷക കേന്ദ്രീകൃത കൃഷിയെ, കോർപറേറ്റ് അധീനതയിലാക്കലായിരുന്നു. ഇന്ത്യൻ കാർഷിക മേഖലയിൽ കോർപറേറ്റ് ആധിപത്യം സ്ഥാപിക്കലായിരുന്നു ലക്ഷ്യം. ഈ അർഥത്തിൽ സാമ്രാജ്യത്തത്തിന് ഏറ്റ തിരിച്ചടിയാണ് കർഷകസമര വിജയം. അതുകൊണ്ടാണ്, മോദിയുടെ കീഴടങ്ങലിനെ, പാശ്ചാത്യ മാധ്യമങ്ങൾ വിമർശിച്ചത്.

ഭൂമിയിലാകമാനമുള്ള ഭക്ഷ്യസ്രോതസ്സുകളും, അസംസ്കൃത വസ്തുക്കളുടെ സ്രോതസുകളും കൈവശപ്പെടുത്തലാണ് സാമ്രാജ്യത്ത ലക്ഷ്യം. ലോകത്താകെയുള്ള എണ്ണ സ്രോതസ്സുകളും, ധാതുവിഭവങ്ങളും തങ്ങളുടെ നിയന്ത്രണത്തിലാക്കലും സാമ്രാജ്യത്ത ലക്ഷ്യമാണ്. അതുപോലെ ലോകമാസകലമുള്ള ഭൂവിനിയോഗം നിയന്ത്രണത്തിലാക്കാനും അവർ ലക്ഷ്യം വെക്കുന്നു. ഉഷ്ണമേഖലയിലും, അതിനോടടുത്തായി സ്ഥിതി ചെയ്യുന്ന മൂന്നാം ലോക രാജ്യങ്ങളിലെ ഭൂവിനിയോഗവും അവർക്ക് അധീനപ്പെടുത്തണം. വികസിത രാജ്യങ്ങൾ സ്ഥിതി ചെയ്യുന്ന ശൈത്യമേഖലയിൽ വളരാത്ത വിളകൾ, മൂന്നാംലോക രാജ്യങ്ങളിലെ ഭൂമിയിൽ വളരും എന്നതാണ് കാരണം.

വ്യവസായ വിപ്ലവാനന്തരം ശക്തിപ്പെട്ട വ്യവസായവൽകൃത പാശ്ചാത്യരാജ്യങ്ങൾ, ലോകം വെട്ടിപ്പിടിച്ച് വലിയ സാമ്രാജ്യത്ത ശക്തികളായി മാറിയിരുന്നു. ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളെല്ലാം അവരുടെ കോളനികളായി. ഈ രാജ്യങ്ങളിലെ അളവറ്റ സമ്പത്ത് വെട്ടിപ്പിടിച്ച് അധീനതയിലാക്കി, അവർ അതിസമ്പന്നരായി. കൊളോണിയൽ അടിമത്തത്തിൽ അമർന്ന ഇന്ത്യയുടെ ദയനീയാവസ്ഥ ഓർക്കുന്നുണ്ടാവും. 1917-ൽ റഷ്യൻ വിപ്ലവനാന്തരം രൂപം കൊണ്ട സോവിയറ്റ് യൂണിയന്റെയും, ലോക തൊഴിലാളിവർഗ മുന്നേറ്റങ്ങളുടെയും ഫലമായാണ് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ കൊളോണിയലിസം തകർന്നത്. സോവിയറ്റ് യൂണിയന്റെ നേതൃത്വ

ത്തിൽ ശക്തിപ്പെട്ടുവന്ന സോഷ്യലിസ്റ്റ് ചേരിയുടെ പിൻബലത്തോടെയാണ് നവസ്വതന്ത്ര രാജ്യങ്ങൾ പിന്നീട് ശക്തിപ്പെടാൻ ആരംഭിച്ചത്. കൊളോണിയൽ കാലത്തെ പിന്നോക്കാവസ്ഥയിൽ നിന്നും ഇന്ത്യ ശക്തിപ്പെട്ടുവന്നതും, സോവിയറ്റ് യൂണിയന്റെ കലവറയില്ലാത്ത പിന്തുണയോടെയാണ്.

1991-ൽ സോവിയറ്റ് യൂണിയനും, കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും, സോഷ്യലിസം ഉപേക്ഷിക്കപ്പെട്ടതോടെ, സാമ്രാജ്യത്തം വീണ്ടും കരുത്തരായി. അമേരിക്കൻ സാമ്രാജ്യത്ത നേതൃത്വത്തിൽ രൂപം കൊണ്ട സാമ്രാജ്യത്ത ചേരി 'പുത്തൻ കോളനി' വാഴ്ച ലോകത്തിന് മേൽ അടിച്ചേൽപ്പിക്കാനാരംഭിച്ചു. ആഗോളവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയ നയങ്ങൾ സാമ്രാജ്യത്ത അധിനിവേശത്തിന്റെ പുതിയ ആയുധങ്ങളായി മാറി. സ്വതന്ത്ര ഭാരതത്തിലെ ബൂർഷ്വാ-ഭൂപ്രഭുവർഗ ഭരണകൂടം, അവരുടെ വർഗതാല്പര്യം സംരക്ഷിക്കാൻ സാമ്രാജ്യത്തവുമായി കൂട്ടുചേർന്നു. ഇന്ത്യയും സാമ്രാജ്യത്ത പദ്ധതിയുടെ ഭാഗമായി മാറി.

കൊളോണിയൽ കാലഘട്ടത്തിൽ, തങ്ങളുടെ ലാഭത്തിനായി ലോകത്താകമാനുള്ള ഭൂവിനിയോഗം, നിയന്ത്രിക്കാനുള്ള ആയുധം, വികസിത ലോകത്തിന് കൊളോണിയലിസം നൽകി. ഈ ആയുധം ഇന്ത്യയിൽ ദീർഘകാലം ഉപയോഗിച്ചു. കർഷകരുടെ ഭൂമി വ്യാപാരികളിൽ നിന്ന് മുൻകൂർ പണം വാങ്ങി, അവർക്കാവശ്യമുള്ള വിളകൾ കൃഷി ചെയ്യുന്ന രീതി വ്യാപിച്ചു. ഉൽപ്പന്നങ്ങൾ മുൻകൂട്ടി നിശ്ചയിച്ച വിലയ്ക്ക് വിൽക്കേണ്ടിവന്നു. വികസിത ലോകത്ത് ഡിമാന്റ് ഉള്ള വിളകളുടെ ഉൽപ്പാദനം, വ്യാപാരികൾ പ്രോത്സാഹിപ്പിച്ചു. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഏജന്റുമാർ, അവർക്കാവശ്യമുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകരെ നിർബന്ധിക്കുമായിരുന്നു. ഈ വിധം വികസിത ലോകം ഭൂവിനിയോഗത്തെ നിയന്ത്രിച്ചു.

ഭക്ഷ്യധാന്യ ഉൽപാദനം മാറ്റി, പകരം അതുവരെ കൃഷി ചെയ്തിട്ടില്ലാത്ത നീലം, കറുപ്പ്, പരുത്തി മുതലായവ നട്ടുവളർത്താൻ വികസിത ലോകം നിർബന്ധിച്ചു. 'കറുപ്പ്' വൻതോതിൽ ഇന്ത്യയിൽ നിന്ന്, ചൈനയിലേക്കും മറ്റും കയറ്റുമതി ചെയ്തു. നീലം കർഷകരുടെ ദുരിതാവസ്ഥ, 19-ാം നൂറ്റാണ്ടിൽ 'ദിനബന്ധുമിത്ര' എഴുതിയ 'നീൽദർപ്പൺ' എന്ന ബംഗാളി നാടകത്തിൽ സ്പഷ്ടമായി പ്രതിപാദിച്ചിരുന്നു. നാടകം കളിക്കുമ്പോൾ, കാണികളുടെ കൂട്ടത്തിലിരുന്ന 'ഈശ്വരചന്ദ്ര വിദ്യാസാഗർ' എന്ന മഹാനായ സാമൂഹ്യ പരിഷ്കർത്താവ്, തോട്ടമുടമയുടെയും വ്യാപാരിയുടെയും കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടിരുന്ന അഭിനേതാവിന് നേരെ, ചെരിപ്പെറിഞ്ഞ സംഭവമുണ്ടായി.

സ്വാതന്ത്ര്യാനന്തരം ഈ അവസ്ഥ മാറി. സ്വതന്ത്ര ഭാരതത്തിൽ ഒരുപരിധി വരെ, കർഷക കേന്ദ്രീകൃത കൃഷി - ഉൽപ്പാദനം, സംഭരമം തുടഹ്ങിയവ, സാമ്രാജ്യാധിപത്യത്തിൽ നിന്ന് മാറി. വികസിത ലോകത്തിന് ഇന്ന്, ഭക്ഷ്യധാന്യങ്ങൾ, ഇറക്കുമതി ചെയ്യേണ്ട ആവശ്യമില്ല. സർക്കാർ വില നിശ്ചയിച്ച്, സംഭരിക്കുന്ന വ്യവസ്ഥ നിലവിൽ വന്ന ശേഷം, കർഷകരെ ഭക്ഷ്യോൽപ്പാദനത്തിൽ നിന്ന് മാറ്റി, തങ്ങൾക്കാവശ്യമുള്ള വിളകൾ ഉൽപ്പാദനത്തിലേക്ക് എത്തിക്കാൻ, വികസിത ലോകത്തിന് സാധിക്കുന്നില്ല.

ധനപരമായ ചെലവ് കുറയ്ക്കൽ നവലിബറൽ അജണ്ടയാണ്. സബ്സിഡികൾ,

മറ്റ് സഹായങ്ങൾ എന്നിവക്ക് ഫണ്ട് വിനിയോഗിക്കാൻ, ഈ നയം തടസ്സമാകുന്നു. എല്ലാ മേഖലയും സ്വകാര്യ മൂലധനത്തിന് കയ്യടക്കാനാണ്, 'ധനക്കമ്മി കുറയ്ക്കൽ' നയം. എന്നാൽ ഭക്ഷ്യധാന്യ ഉൽപ്പാദനം കുറയ്ക്കാൻ കഴിയുന്നില്ല. ജനങ്ങളുടെ വരുമാനം (തൊഴിലാളികളുടെ വേതനം) വർധിക്കാത്തതിനാൽ, കമ്പോളത്തിൽ ഡിമാന്റ് കുറയുന്നു. സർക്കാരിന്റെ കയ്യിൽ ഭക്ഷ്യധാന്യ ശേഖരം കുന്നുകൂടുന്നു. ഈ സാഹചര്യത്തിലാണ്, താങ്ങുവിലയും സംഭരണവും ഉപേക്ഷിക്കാനുള്ള സമ്മർദം ഉയരുന്നത്. ഒപ്പം, കർഷകരുടെ കൃഷി, വിലസംബന്ധമായ തീരുമാനങ്ങളിൽ സ്വാധീനം ചെലുത്തുന്ന ഒരു ബദൽ സംവിധാനത്തിനുള്ള സമ്മർദവും. ഈ ലക്ഷ്യത്തോടെയാണ്, മൂന്ന് കാർഷിക നിയമങ്ങൾ കൊണ്ടുവന്നത്. കാർഷിക മേഖലയുടെ കോർപറേറ്റുവൽക്കരണമാണ് ലക്ഷ്യം. ഭൂവിനിയോഗത്തിൽ, വികസിത മുതലാളിത്ത ലോകത്തിന്റെ നിയന്ത്രണം കൊണ്ടുവരലാണ് ഈ തന്ത്രം. തങ്ങൾക്ക് വൻലാഭമുണ്ടാക്കുമെന്ന് ഉറപ്പുള്ള വിളകൾ കൃഷി ചെയ്യാൻ, കോർപറേറ്റുകൾ കർഷകരെ നിർബന്ധിതരാക്കും. വികസിത രാജ്യങ്ങളുടെ കമ്പോളത്തിനനുസരിച്ച്, മൂന്നാം ലോകത്തെ ഭൂവിനിയോഗം ക്രമീകരിക്കപ്പെടും. ഈ ലക്ഷ്യം നേടാൻ സാമ്രാജ്യത്തം ഏതു മാർഗവും വിനിയോഗിക്കും. കർഷകർക്ക് സർക്കാരിന്റെ വില പിന്തുണ ലഭിക്കാതിരിക്കുന്നത്, എത്രത്തോളം 'നല്ലത്' ആണെന്ന് അക്കാദമിക രംഗത്തെ വിദഗ്ധരും, മാധ്യമ വിശാരദന്മാരും, സാമ്രാജ്യത്ത കുഴലൂത്തുകാരായി പാടിപ്പുകഴ്ത്തും. എന്നാൽ ഇത്തവണ അവർക്ക് വിജയിക്കാനായില്ല.

ഒടുവിൽ മോദിക്ക് മുട്ടു മടക്കേണ്ടിവന്നു. കർഷക നിയമങ്ങൾ പിൻവലിച്ചത് കൊണ്ട് എല്ലാമായില്ല. തങ്ങൾ സമരം നിർത്തില്ല എന്നും താഴെ പറയുന്ന ആവശ്യങ്ങളും അംഗീകരിക്കണമെന്നും, സംയുക്ത കർഷക സമരസമിതി പ്രഖ്യാപിച്ചു. ഉൽപ്പന്നങ്ങളുടെ 'ചുരുങ്ങിയ താങ്ങുവില' നിയമപരമാക്കണം എന്ന് അവർ ആവശ്യപ്പെട്ടു. നിയമം വന്നാൽ സർക്കാരിന് തോന്നുമ്പോൾ പിൻവാങ്ങാനാവില്ല. കർഷകർക്ക്, ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടും. ഇതിന് പുറമെ, സമരകാലത്ത് കർഷകരുടെ പേരിൽ ചുമത്തിയ കേസുകൾ പിൻവലിക്കുക, മരണമടഞ്ഞ കർഷകരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുക, വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കുക എന്നീ ആവശ്യങ്ങളും അംഗീകരിക്കണമെന്ന് കർഷകസമരസമിതി ആവശ്യപ്പെട്ടു. ഗത്യന്തരമില്ലാതെ, സർക്കാരിന് അതും അംഗീകരിക്കേണ്ടിവന്നു. കർഷകസമരം കൊടുമ്പിരിക്കൊള്ളുന്ന കാലത്ത്, പാർലമെന്റ് പാസാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കുന്ന പ്രശ്നമേയില്ലെന്ന് വീമ്പടിച്ച സർക്കാർ, കർഷക പോരാട്ടത്തിന് മുമ്പിൽ കമിഴ്ന്നടിച്ചു വീണു. കർഷകർ നിർണായക വിജയം നേടി. ഉഷ്ണമേഖലാഭൂമി, വികസിത ലോക താൽപ്പര്യത്തിന് ഉപയോഗിക്കൽ എന്ന സാമ്രാജ്യത്ത തന്ത്രത്തെ പരാജയപ്പെടുത്തി.

ജനങ്ങൾ കൂട്ടായി, ജനവിരുദ്ധ നയങ്ങൾക്കെതിരായി, പ്രക്ഷോഭം നടത്തുന്നതിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ 'നവലിബറലിസം' എല്ലാ തന്ത്രങ്ങളും ഉപയോഗിക്കും. മാധ്യമങ്ങൾ ഉപയോഗിച്ച് കള്ള പ്രചരണം, 'മതം-വംശം' തുടങ്ങിയവയെ ഉപയോഗപ്പെടുത്തി ജനങ്ങളെ ഭിന്നിപ്പിക്കൽ തുടങ്ങിയവയെല്ലാം

അവരുടെ തന്ത്രത്തിൽ പെടും. വർഗസമരങ്ങൾക്ക്, സാമൂഹ്യ പിന്തുണ നേടുന്നതിനെയും തടയാൻ സാമ്രാജ്യത്തം ശ്രമിക്കും. ഇതിനെയെല്ലാം നേരിട്ട് കൊണ്ടാണ്, പൊതുപണിമുടക്കങ്ങളും, മറ്റ് പ്രക്ഷോഭങ്ങൾ, ലോകത്ത് പല ഭാഗത്തും നടക്കുന്നത്. ഈ കാലഘട്ടത്തിലെ മറ്റൊരനുഭവം. ബദൽ രാഷ്ട്രീയം ഉയർത്തി, രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ നടത്തുന്ന പരിശ്രമങ്ങളാണ്. രാഷ്ട്രീയമായും നവലിബറൽ നയങ്ങളെ നേരിടലാണിത്.

നവലിബറലിസത്തോട് എതിർപ്പുള്ള സർക്കാരുകൾ വരുമ്പോൾ, വിദേശനാണയ പ്രതിസന്ധി, ഉപരോധം തുടങ്ങിയ നയങ്ങളാണ് സാമ്രാജ്യത്തം പ്രയോഗിക്കുന്നത്. ഇത്തരം തടസങ്ങൾക്കെതിരെ, ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കുന്നതിൽ, ക്യൂബയും വെനിസ്വലയും മറ്റ് ലാറ്റിനമേരിക്കൻ രാജ്യങ്ങളും മാതൃകയാണ്. ഈ പശ്ചാത്തലത്തിലാണ്, ഇന്ത്യയിലെ കർഷക പ്രക്ഷോഭം ഒരു വ്യത്യസ്തത രേഖപ്പെടുത്തുന്നത്. നവലിബറലിസത്തിന് എതിരെയുള്ള അപൂർവങ്ങളിൽ അപൂർവമായ അനുഭവമാണിത്. ഒരുവർഷം മുഴുവൻ, ദൽഹിയിൽ തമ്പടിച്ച്, കടുത്ത തണുപ്പും ചൂടും അവഗണിച്ച് അവർ പോരാടി. വലിയ പോലീസ് അതിക്രമങ്ങൾ നേരിട്ട് കള്ളക്കേസുകളിൽ അകപ്പെടുത്തപ്പെട്ടു. എഴുനൂറോളം കർഷകർ ജീവൻ വെടിഞ്ഞു. ഈ പ്രക്ഷോഭത്തിലെ സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. കർഷകർക്ക് എങ്ങനെ വിജയം കൈവരിക്കാനായെന്ന്, ഭാവിയിലെ ഗവേഷകർ വെളിച്ചത്ത് കൊണ്ടുവരും. ഈ മഹത്തായ വിജയം ആഘോഷിക്കേണ്ടത് തന്നെയാണ്.

കർഷകസമരത്തിന് ട്രേഡ് യൂണിയനുകൾ വലിയ പിന്തുണ നൽകി. ദേശീയമായി നടന്ന ഐക്യദാർഢ്യ സമരങ്ങളിലും, ഭാരതബന്ദിലും തൊഴിലാളിവർഗം സജീവമായി അണിനിരന്നു. തൊഴിലാളി-കർഷക ഐക്യം സുദൃഢമായി. ഇത് ഭാവി പ്രക്ഷോഭങ്ങൾക്ക് ദിശാബോധവും കരുത്തും നൽകും.

തോൽപ്പിക്കാനാവാത്ത അജയ്യത ബിജെപിക്കും, സംഘപരിവാറിനുമില്ലെന്ന്, കർഷക പ്രക്ഷോഭം തെളിയിച്ചു. ഉദാരവൽക്കരണ നയങ്ങൾക്കും തീവ്ര 'ഹിന്ദുത്വ' നിലപാടുകൾക്കും ബദൽ ഉയർത്താൻ ഉറച്ച നിലപാട് സ്വീകരിക്കാൻ കഴിയാത്ത കോൺഗ്രസ്, 'മൃദുഹിന്ദുത്വ' നിലപാടിലേക്ക് നീങ്ങുമ്പോൾ, കർഷകരും തൊഴിലാളികളും രാജ്യത്തിന് ബദൽമാതൃക ഉയർത്തുന്നു.

തൊഴിൽ നിയമങ്ങൾ തകർക്കൽ, സ്വകാര്യവൽക്കരണം തുടങ്ങിയ നയങ്ങൾക്കെതിരായും, കർഷകരുടെ ആവശ്യങ്ങൾ ഉയർത്തിയും ഇന്ത്യൻ തൊഴിലാളിവർഗം 2022 ഫെബ്രുവരി 23, 24 തീയതികളിൽ ദേശീയ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുണ്ട്. വർഗീയ വിഭജനത്തിലൂടെ, നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടങ്ങളെ ദുർബലമാക്കാമെന്ന, കോർപറേറ്റ് ശക്തികളുടെ വ്യാമോഹത്തിനേറ്റ കനത്ത തിരിച്ചടിയാണ്, കർഷക സമരത്തിന്റെ വിജയം. കർഷക-തൊഴിലാളിവർഗങ്ങളുടെ ഐക്യവും പോരാട്ടങ്ങളും, ഭാരതത്തിന് പുത്തൻദിശാബോധം നൽകും.



രാജ്യസഭയിലെ പ്രതിപക്ഷ എംപിമാരുടെ സസ്പെൻഷൻ

# പാർലമെന്ററി ജനാധിപത്യത്തിനുമേലുള്ള ആക്രമണം



എളമരം കരീം

**ജനങ്ങൾക്കു മുമ്പിൽ മുഖം നഷ്ടപ്പെട്ട മോഡി സർക്കാർ ഈ പരാജയം മൂടിവയ്ക്കാൻ നടത്തിയ ഗൂഢാലോചനയുടെ ഭാഗമാണ് രാജ്യസഭാംഗങ്ങളുടെ സസ്പെൻഷൻ. പ്രതിപക്ഷത്തിന്റെ നിലപാടുകൾ ശ്രവിക്കുക എന്നത് ജനാധിപത്യത്തിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ പ്രതിപക്ഷം ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാതിരിക്കാനും ചോദ്യമുന്നയിക്കുന്ന പാർലമെന്റംഗങ്ങളെ നിശ്ശബ്ദരാക്കാനുമാണ് ബിജെപി സർക്കാർ ശ്രമിക്കുന്നത്.**

**പാർലമെന്റംഗങ്ങളുടെ** അവകാശങ്ങൾ തട്ടിപ്പറിച്ചുകൊണ്ട് ബിജെപിയും സഖ്യകക്ഷികളും രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. പാർലമെന്റിന്റെ മൺസൂൺ സമ്മേളനം തികച്ചും അപമാനകരമായ ദിനങ്ങൾക്കായിരുന്നു സാക്ഷ്യം വഹിച്ചത്. ഇപ്പോൾ നടക്കുന്ന ശീതകാല സമ്മേളനത്തിൽ അവസ്ഥ കൂടുതൽ ദയനീയമാണ്. പ്രതിപക്ഷത്തിന്റെ നിലപാടുകൾ ശ്രവിക്കുക എന്നത് ജനാധിപത്യത്തിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ പ്രതിപക്ഷം ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാതിരിക്കാനും ചോദ്യമുന്നയിക്കുന്ന പാർലമെന്റംഗങ്ങളെ നിശ്ശബ്ദരാക്കാനുമാണ് ബിജെപി ശ്രമിക്കുന്നത്. 2021 ജൂലൈ 16ന് മൺസൂൺ സമ്മേളനം ആരംഭിച്ചതു മുതൽ കർഷക പ്രക്ഷോഭം, വിലക്കയറ്റം, പെഗാസസ് എന്നീ മൂന്ന് പ്രധാന വിഷയങ്ങളിൽ പ്രതിപക്ഷം ചർച്ച ആവശ്യപ്പെടുന്നുണ്ട്. ഈ സുപ്രധാന വിഷയങ്ങളിൽ ചർച്ചയ്ക്കായി പ്രതിപക്ഷം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സർക്കാർ അത് പരിഗണിച്ചില്ല. പാർലമെന്റിൽ ഇക്കാര്യങ്ങൾ ഉന്നയിക്കുന്നത് തടയാൻ പ്രതിപക്ഷാംഗങ്ങളുടെ മൈക്ക് ഓഫ് ചെയ്യുന്നതുവരെയെത്തി കാര്യങ്ങൾ. ഐതിഹാസികമായ കർഷക പ്രക്ഷോഭത്തിനു മുന്നിൽ ബിജെപി സർക്കാർ ദയനീയമായി കീഴടങ്ങിയതിനു പിന്നാലെ നടക്കുന്നതായതുകൊണ്ടുതന്നെ ശീതകാല സമ്മേളനം നിർണായകമാണ്. ബിജെപി മുമ്പെങ്ങുമില്ലാത്ത വിധം പൂർണമായി പ്രതിരോധത്തിലാകുകയും അവർക്ക് ജനങ്ങൾക്കുമുന്നിൽ മുഖം നഷ്ടപ്പെടുകയും ചെയ്തു. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലെ ആസന്നമായ തിരിച്ചടികൾ ഭയന്ന് സർക്കാർ കാർഷിക നിയമങ്ങൾ പിൻവലിച്ചുവെങ്കിലും പ്രക്ഷോഭകരായ കർഷകരുടെ മറ്റ് ആവശ്യങ്ങൾ പലതും പരിഹരിക്കാതെ കിടക്കുകയാണ്. ഈ വിഷയത്തിൽ ഒരു ചർച്ച നടക്കുന്നത് ബിജെപിയുടെ ജീർണ മുഖത്തെ കൂടുതൽ വിളറുകയും സ്വന്തം നിലപാടുകൾ പ്രതിരോധിക്കാനാകാതെ ജനങ്ങൾക്കുമുന്നിൽ ഉഴറുകയും ചെയ്യും. അതുകൊണ്ടാണ് പ്രതിപക്ഷ ആവശ്യങ്ങൾ നിരാകരിക്കുകയും സമ്മേളനത്തിന്റെ ആദ്യ ദിനം തന്നെ കാർഷിക നിയമങ്ങൾ റദ്ദാക്കുന്ന ബിൽ




അവതരിപ്പിച്ച് ചർച്ചകളൊന്നും കൂടാതെ പാസാക്കുകയും ചെയ്തത്. രാജ്യസഭയിൽ ബിൽ പാസാക്കിയതിനു പിന്നാലെ ചില എംപിമാരെ സസ്പെൻഡ് ചെയ്യാനുള്ള പ്രമേയം അവതരിപ്പിക്കാൻ ചെയർമാൻ പാർലമെന്ററി കാര്യ മന്ത്രിയെ ക്ഷണിച്ചു. പ്രമേയം അവതരിപ്പിച്ച മന്ത്രി, 12 അംഗങ്ങളെ മൺസൂൺ സമ്മേളനം(255–ാം സമ്മേളനം) പൂർത്തിയാകുംവരെ രാജ്യസഭയിൽനിന്ന് സസ്പെൻഡ് ചെയ്യുന്നതായി പ്രഖ്യാപിച്ചു. മുൻ സമ്മേളനത്തിന്റെ അവസാന ദിനത്തിലുണ്ടായ ചില പ്രശ്നങ്ങൾ മുൻനിർത്തിയായിരുന്നു ഈ നടപടി.

254–ാം സമ്മേളനത്തിന്റെ അവസാനദിനമായ 2021 ആഗസ്ത് 11ന് ജനറൽ ഇൻഷുറൻസ് ബിസിനസ്(ദേശസാൽക്കരണ) ഭേദഗതി ബിൽ, സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയത്തിൽ വോട്ടിങ് അനുവദിക്കാതെ ഏകപക്ഷീയമായി അവതരിപ്പിച്ചതിനെതിരെ പ്രതിപക്ഷ എംപിമാർ പ്രതിഷേധിച്ചിരുന്നു. മൺസൂൺ സമ്മേളനം തുടങ്ങുമ്പോൾ തന്നെ രാജ്യസഭയിലെ മിക്കവാറും പാർട്ടികൾ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നും വിദശമായ ചർച്ചകൾക്കും പരിശോധനകൾക്കും വിധേയമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആഗസ്ത് 11ന് പ്രതിപക്ഷ ആവശ്യങ്ങളെല്ലാം തള്ളിക്കൊണ്ട് ബിൽ പാസാക്കാൻ സർക്കാർ ശ്രമിച്ചതോടെ സഭാ നടപടികൾ തടസ്സപ്പെട്ടു.

സഭാധ്യക്ഷനാകട്ടെ ഡിവിഷനും വോട്ടിങ്ങും ആവശ്യപ്പെടാനുള്ള അംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് പക്ഷപാതപരമായ നിലപാടാണ് സ്വീകരിച്ചത്. ഇതാണ് അംഗങ്ങളുടെ പ്രതിഷേധത്തിലേക്കും മുദ്രാവാക്യം വിളികളിലേക്കും നയിച്ചത്. ഒരിക്കലും ഈ പ്രതിഷേധം അക്രമത്തിലേക്കോ ശാരീരികാക്രമണങ്ങളിലേക്കോ വഴിമാറിയിരുന്നില്ല. ഈ വസ്തുതകൾ പൊതുജനമധ്യത്തിൽ നിലനിൽക്കെ തന്നെ സഭ തടസ്സപ്പെടുത്തിയതിന് പ്രതിപക്ഷത്തെ കുറ്റം പറഞ്ഞുകൊണ്ടുള്ള വ്യാജപ്രചാരണങ്ങൾ തുടരുകയാണ്.

ഈ ലേഖകൻ, ബിനോയ് വിശ്വം(സിപിഐ), ഫുലോ ദേവി നേതം, ഛായ വർമ, റിപുൻ ബോറ, രാജാമണി പട്ടേൽ, സെയ്ദ് നാസിർ ഹുസൈൻ, അഖിലേഷ് പ്രസാദ് സിങ് (കോൺഗ്രസ്), ഡോള സെൻ, ശാന്തി ഛേത്രി(തൃണമൂൽ കോൺഗ്രസ്), പ്രിയങ്ക ചതുർവേദി, അനിൽ ദേസായ്(ശിവസേന) എന്നിവരെയാണ് നിയമവിരുദ്ധമായ പെരുമാറ്റത്തിന്റെ പേരിൽ നടപ്പു സമ്മേളനം തീരുംവരെ സസ്പെൻഡ് ചെയ്തത്. ഒരു അന്വേ

**12 എംപിമാരെ സസ്പെൻഡ് ചെയ്ത അഭൂതപൂർവമായ നടപടി ഭരണഘടനാ വിരുദ്ധവും ചട്ടങ്ങളുടെയും നടപടി ക്രമങ്ങളുടെയും വ്യവസ്ഥകളുടെയും നഗ്നമായ ലംഘനവുമാണ്. മുൻ സമ്മേളനത്തിൽ ഉണ്ടായ ഒരു പ്രശ്നത്തിന്റെ പേരിൽ നടപ്പു സമ്മേളനത്തിൽ എംപിമാർക്കെതിരെ സസ്പെൻഷൻ നടപടി യെടുക്കുന്നത് തികച്ചും അരാജകമായ കാര്യമാണ്.**



ഷണ കമീഷൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ എന്നാണ് സർക്കാർ വാദം. എന്നാൽ ഇപ്പറഞ്ഞ അന്വേഷണ കമീഷൻ ഇന്നേവരെ ഒരു പ്രതിപക്ഷ അംഗത്തെയും കണ്ടിട്ടില്ല. മൺസൂൺ സമ്മേളനം പൂർത്തിയായ ഉടനെ എംപിമാരെ ആക്രമിച്ച സുരക്ഷാ ജീവനക്കാർക്കെതിരെ ഞാൻ ഒരു പരാതി നൽകിയിരുന്നു. ഈ പരാതിയിൽ ഇതുവരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല.

ജനങ്ങൾക്കു മുമ്പിൽ മുഖം നഷ്ടപ്പെട്ട മോഡി സർക്കാർ ഈ പരാജയം മൂടിവയ്ക്കാൻ നടത്തിയ ഗൂഢാലോചനയുടെ ഭാഗമാണ് സസ്പെൻഷൻ. സസ്പെൻഷൻ പ്രഖ്യാപിച്ച ഉടൻ ഞങ്ങൾ പാർലമെന്റ് കവാടത്തിനു മുന്നിലെ ഗാന്ധി പ്രതിമയ്ക്കു മുന്നിൽ സസ്പെൻഷൻ പിൻവലിക്കുംവരെ ധർണ നടത്താൻ തീരുമാനിച്ചു. സസ്പെൻഷൻ പിൻവലിക്കണമെന്ന ആവശ്യം പാർലമെന്റിനകത്ത് ഉന്നയിക്കാനും പുറത്ത് പ്രതിഷേധം സംഘടിപ്പിക്കാനും തുടർന്ന് തീരുമാനമായി. ധർണ ഇപ്പോഴും തുടരുകയാണ്. ഇത് സർക്കാരിനെ സമ്മർദത്തിലാഴ്ത്തിയിരിക്കയാണ്. സസ്പെൻഡ് ചെയ്യപ്പെട്ടവർ മാപ്പു പറഞ്ഞാൽ സസ്പെൻഷൻ പിൻവലിക്കാമെന്ന് ആദ്യം പറഞ്ഞ സർക്കാർ ഇപ്പോൾ പറയുന്നത് ആഗസ്ത് 11ലെ സംഭവങ്ങളിൽ ഖേദം പ്രകടിപ്പിച്ചാൽ പോലും സസ്പെൻഷൻ പിൻവലിക്കില്ല എന്നാണ്. എന്നാൽ തെറ്റു ചെയ്തവരാണ് മാപ്പു പറയേണ്ടതും ഖേദപ്രകടനം നടത്തേണ്ടതും. ഇവിടെ സർക്കാരാണ് തെറ്റ് വരുത്തിയത് എന്നതുകൊണ്ടുതന്നെ സർക്കാർ രാജ്യത്തെ ജനങ്ങളോടാണ് മാപ്പു പറയേണ്ടത്.

12 എംപിമാരെ സസ്പെൻഡ് ചെയ്ത അഭൂതപൂർവമായ നടപടി ഭരണഘടനാ വിരുദ്ധവും ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും വ്യവസ്ഥകളുടെയും നഗ്നമായ ലംഘനവുമാണ്. മുൻ സമ്മേളനത്തിൽ ഉണ്ടായ ഒരു പ്രശ്നത്തിന്റെ പേരിൽ നടപ്പു സമ്മേളനത്തിൽ എംപിമാർക്കെതിരെ സസ്പെൻഷൻ നടപടിയെടുക്കുന്നത് തികച്ചും അരാജകമായ കാര്യമാണ്. രാജ്യസഭ തുടർച്ചയായി നടക്കുന്ന സഭയാണ്. ആ സഭ പിരിച്ചു വിടുകയോ സഭയുടെ കാലാവധി പൂർത്തിയാകലോ ഒന്നുമില്ല. രാജ്യസഭയുടെ ഓരോ സമ്മേളനവും വിളിച്ചു ചേർക്കുന്നതും സമ്മേളനം പൂർത്തിയായി ചെയർമാൻ അനിശ്ചിത കാലത്തേക്ക് സഭ പിരിയുന്നതായി പ്രഖ്യാപിച്ച ശേഷം സഭ നിർത്തിവയ്ക്കുന്നതായി പ്രഖ്യാപിക്കുന്നതും രാഷ്ട്രപതിയാണ്. അതായത് രാഷ്ട്രപതി സഭ നിർത്തിവച്ച് ഉത്തരവിടുന്നതോടെ ഒരു പ്രത്യേക സമ്മേളനത്തിലെ എല്ലാ നടപടികളും പൂർത്തിയാകും. അതുകൊണ്ടു തന്നെ മാസങ്ങൾക്കു മുമ്പു തന്നെ രാഷ്ട്രപതി നിർത്തിവച്ച ഒരു സഭാസമ്മേളനത്തിൽ നടന്ന സംഭവങ്ങളുടെ പേരിൽ നടപ്പു സമ്മേളനത്തിൽ എംപിമാർക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളുന്നത് അങ്ങേയറ്റം അർഥശൂന്യമാണ്. അതുമാത്രമല്ല, ഞങ്ങളെ സസ്പെൻഡ് ചെയ്യാനായി പാർലമെന്ററികാര്യ മന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നത് 255–ാം സമ്മേളനത്തിന്റെ സേവനത്തിൽനിന്ന് കൗൺസിൽ ഓഫ് സ്റ്റേറ്റ്സ് (രാജ്യസഭാ) റൂൾസ് ഓഫ് പ്രൊസിജ്യർ ആന്റ് കൺടക്ട് ഓഫ് ബിസിനസിന്റെ ചട്ടം 256 പ്രകാരം സസ്പെൻഡ് ചെയ്യുന്നു

എന്നാണ്. ഈ ചട്ടം 256 പ്രകാരം സഭാധ്യക്ഷൻ രാജ്യസഭാ നടപടികൾ തടസ്സപ്പെടുത്തുന്ന അംഗത്തിന്റെ പേര് പരാമർശിക്കണം. ഈ കേസിൽ അതുണ്ടായിട്ടില്ല. ആഗസ്ത് 11നോ സസ്പെൻഷൻ പ്രമേയം അവതരിപ്പിക്കുന്ന ദിവസത്തിലോ ഞങ്ങളുടെ ഒരാളുടെ പേരും സഭാധ്യക്ഷൻ പരാമർശിച്ചിട്ടില്ല. ഒരംഗത്തിന്റെ പേര് പരാമർശിക്കാതിരുന്നാൽ പോലും സഭാ നടപടികൾ തടസ്സപ്പെടുത്തിയതിന്റെയും ചട്ടം ലംഘിച്ചതിന്റെയും പേരിൽ രാജ്യസഭാ രേഖകളിൽ ആ അംഗങ്ങളുടെ പേര് രേഖപ്പെടുത്തേണ്ടതുണ്ട്. ഇവിടെ 2021 ആഗസ്ത് 11ന് രാജ്യസഭയിലെ നടപടിക്രമത്തിന്റെ ഹ്രസ്വരേഖയായ ബുള്ളറ്റിനിലാണ് "രാജ്യസഭയുടെ ചട്ടങ്ങളും മര്യാദയും ലംഘിച്ച്" 33 എംപിമാരുടെ പേര് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 33 എംപിമാർ സഭയുടെ നടുത്തളത്തിൽ ഇറങ്ങി പ്ലക്കാഡുകൾ ഉയർത്തുകയും മുദ്രാവക്യം വിളിക്കുകയും ചെയ്തു എന്നാണ് ബുള്ളറ്റിനിൽ പറയുന്നത്. ഈ 33 പേരുടെ പട്ടികയിൽ എന്റെ പേര് ഇല്ല. അതിനർഥം സിപിഐ എമ്മിന്റെ രാജ്യസഭാ കക്ഷിനേതാവിനെ മനഃപൂർവം സസ്പെൻഷനുവേണ്ടി തെരഞ്ഞെടുക്കുകയായിരുന്നു എന്നാണ്. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള പ്രതിഷേധത്തിൽ പ്രതിപക്ഷത്തെയാകെ ഏകോപിപ്പിച്ച് അണിനിരത്താൻ നേതൃപരമായ പങ്കുവഹിക്കുന്ന സിപിഐഎം അംഗങ്ങളുടെ സാന്നിധ്യത്തെ സർക്കാർ എത്രയേറെ ഭയക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണിത്. ബിജെപിക്കെതിരെ ഏകോപിത പ്രതിപക്ഷത്തെ ഉയർത്തിക്കൊണ്ടുവരാൻ ഇടതുപക്ഷം നടത്തുന്ന ശ്രമങ്ങൾക്കുള്ള അംഗീകാരമാണ് വാസ്തവത്തിൽ ഈ സസ്പെൻഷൻ.

12 എംപിമാരെ ഒരു സഭാസമ്മേളന കാലയളവിലേക്ക് സസ്പെൻഡ് ചെയ്തത് മറ്റു പല ചോദ്യങ്ങളും ഉയർത്തുന്നുണ്ട്. നിലവിൽ എൻഡിഎയ്ക്കും സഖ്യകക്ഷികൾക്കും കൂടി 245 അംഗങ്ങളുള്ള (ഒഴിഞ്ഞുകിടക്കുന്ന ആറു സീറ്റുകൾ ഉൾപ്പെടെ) രാജ്യസഭയിൽ 120 അംഗങ്ങളേ ഉള്ളൂ. പ്രതിപക്ഷത്താവട്ടെ 104 അംഗങ്ങളുണ്ട്. ബിജെഡിക്ക് ഒമ്പതും വൈഎസ്ആർ കോൺഗ്രസിനു ആറും അംഗങ്ങളുണ്ട്. രണ്ടു സ്വതന്ത്രരുടെയും ഒരു തെലുഗുദേശം പാർടി എംപിയുടെയും പിന്തുണയുണ്ടെങ്കിൽ സാങ്കേതികാർഥത്തിൽ ബിജെപിക്ക് രാജ്യസഭയിൽ ഭൂരിപക്ഷം ലഭിക്കും. എന്നാൽ ബിജെപിയുമായി കുറച്ചുകാലമായി ശത്രുതയിലാണെങ്കിലും ടിആർഎസ്സും വൈഎസ്ആർ കോൺഗ്രസും സർക്കാർ പ്രതിസന്ധി നേരിടുമ്പോൾ ബില്ലുകൾ പാസാക്കാൻ സഹായിച്ചിട്ടുണ്ട്. തെലങ്കാനയിൽ ടിആർഎസ് ബിജെപിയെ തുറന്നെതിർക്കുമ്പോൾ സംസ്ഥാന സംബന്ധിയായ വിഷയങ്ങളിൽ വൈഎസ്ആർ കോൺഗ്രസ് ബിജെപിയെ കടന്നാക്രമിക്കാൻ മടികാണിക്കാറില്ല. ടിആർഎസും വൈഎസ്ആർ കോൺഗ്രസും ബിജെഡിയും പ്രതിപക്ഷത്തിനൊപ്പം കൈകോർക്കുകയാണെങ്കിൽ ഉപരിസഭയിൽ അത് ഭരണകക്ഷിക്ക് തലവേദന സൃഷ്ടിക്കും. പ്രത്യേകിച്ച് ഭരണപക്ഷത്ത് അംഗങ്ങൾ ഹാജരാകാത്ത സാഹചര്യത്തിൽ. ഈ അവസ്ഥയിൽ പ്രതിപക്ഷ നിരയിൽ അംഗങ്ങളുടെ എണ്ണം 119 ആകും. എന്നാൽ 12 പ്രതിപക്ഷത്തെ എംപിമാരെ സസ്പെൻഡ് ചെയ്തതോടെ വരും ദിവസങ്ങൾ വിവാദ ബില്ലുകൾ സൗകര്യം പോലെ സഭയിൽ വയ്ക്കാൻ സർക്കാരിനു സാധിക്കും. ചില ഓർഡിനൻസിനു പകരമുള്ള ബില്ലുകൾക്കെതിരെ നിരവധി പാർട്ടികൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

ജനാധിപത്യത്തിന്റെ കുരുതിനിലമായി പാർലമെന്റിനെ മാറ്റുകയാണ് ബിജെപി സർക്കാർ. ബജെപിയുടെ ഭീരുത്വവും വിമർശനങ്ങളോടും സംവാദങ്ങളോടുമുള്ള അസഹിഷ്ണുതയും ഓരോ ദിവസവും കൂടുതൽ വെളിപ്പെടുകയാണ്. ജനവിരുദ്ധമായ നിയമനിർമാണങ്ങൾ ചർച്ച കൂടാതെ അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിനെതിരെ പ്രതിഷേധിച്ച 12 എംപിമാരെ പുറത്താക്കിയതിലൂടെ ഒരു ജനാധിപത്യ സമൂഹത്തിന് ഒരിക്കലും അനുയോജ്യമായ പാർട്ടിയല്ല ബിജെപി എന്ന് ആവർത്തിച്ച് തെളിയിക്കപ്പെട്ടിരിക്കയാണ്. ഭരണഘടനയും സഭാചട്ടങ്ങളും ഇങ്ങനെ ചവിട്ടിമെതിക്കപ്പെടുന്നത് ദൗർഭാഗ്യകരമാണ്. കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ എതിർക്കാനും സഭാ നടപടികൾക്ക് അനുയോജ്യമാംവിധം പ്രതികരിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അതും അനുവദിക്കാത്തപ്പോൾ എംപിമാർ എന്തു ചെയ്യണം? ഈ സാഹചര്യത്തിൽ ജനാധിപത്യത്തിനെതിരായ കടന്നാക്രമണത്തിനെതിരായ നമ്മുടെ പ്രതിഷേധം കൂടുതൽ ശക്തമാക്കണം. ഈ സസ്പെൻഷനെ ബിജെപി നേതൃത്വത്തിലുള്ള ഫാസിസ്റ്റ് ഭരണത്തിന്റെ ജനാധിപത്യ വിരുദ്ധ മുഖം തുറന്നുകാട്ടാനുള്ള അവസരം കൂടിയായി കാണണം. •




# ദേശീയ പണിമുടക്ക്

**2021 നവംബർ 11ന് ന്യൂദൽഹിയിലെ ജന്തർമന്തറിൽ കൂടിയ തൊഴിലാളികളുടെ ദേശീയ കൺവൻഷന്റെ ആഹ്വാനം**

കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും നാനാ മേഖലകളിലെ സ്വതന്ത്ര അഖിലേന്ത്യാ ഫെഡറേഷനുകളുടെയും ഐക്യവേദിയുടെ ഒരു യോഗം 2021 ഡിസംബർ മൂന്നിന് ന്യൂദൽഹിയിൽ ചേരുകയുണ്ടായി. ഈ യോഗത്തിൽ 2021 നവംബർ 11ന് ന്യൂദൽഹിയിൽ കൂടിയ തൊഴിലാളികളുടെ ദേശീയ കൺവെൻഷൻ കേന്ദ്ര സർക്കാരിന്റെ വിനാശകരമായ തൊഴിലാളിവിരുദ്ധ ജനദ്രോഹ നയങ്ങൾക്കെതിരെ പാർലമെന്റിന്റെ അടുത്ത ബജറ്റ് സമ്മേളനത്തിന്റെ സമയത്ത് നടത്തണമെന്ന് ആഹ്വാനം ചെയ്തിട്ടുള്ള ദ്വിദിന ദേശീയ പണിമുടക്ക് 2022 ഫെബ്രുവരി 23, 24 തീയതികളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

'ജനങ്ങളെ സംരക്ഷിക്കുക, രാജ്യത്തെ സംരക്ഷിക്കുക' എന്നതാണ് ഈ പണിമുടക്കിന്റെ പ്രധാന മുദ്രാവാക്യം.

സംയുക്ത കിസാൻ മോർച്ചയുടെ (SKM) 'മിഷൻ ഉത്തർപ്രദേശ്', 'മിഷൻ ഉത്തരാഖണ്ഡ്' എന്നീ പരിപാടികൾ വിജയിപ്പിക്കുന്നതിനായി അതിന്റെ നേതൃത്വവുമായി കൈകോർത്തുകൊണ്ട് ഫെബ്രുവരിയിലെ പണിമുടക്കിന് മുന്നോടിയായി പൊതുയോഗങ്ങൾ പ്രത്യേകിച്ച് 2022ന്റെ തുടക്കത്തിൽ നിയമസഭാ തെരഞ്ഞെടുപ്പുകളിലേക്ക് പോകുന്ന സംസ്ഥാനങ്ങളിൽ, നടത്തുന്നതിനും ഡിസംബർ മൂന്നിലെ യോഗത്തിൽ തീരുമാനിച്ചു. കാർഷിക നിയമം കേന്ദ്ര സർക്കാർ പിൻവലിച്ചതിന് ശേഷം SKM നടത്തുന്ന തുടർ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ക്രിയാത്മകമായ പിന്തുണ ട്രേഡ് യൂണിയനുകളുടെയും ഫെഡറേഷനുകളുടെയും ഐക്യവേദി ഭാവിയിലും വാഗ്ദാനം ചെയ്യു.

സ്വകാര്യവൽക്കരണത്തിനും അതിന് വഴിയൊരുക്കുന്നതിനായി കൊണ്ടുവരുന്ന പിന്തിരിപ്പൻ നിയമങ്ങൾക്കും എതിരായ പൊതുമേഖലാ ബാങ്കുകളിലെ ജീവനക്കാർ ഡിസംബർ 16, 17 തീയതികളിൽ ദേശവ്യാപകമായി പണിമുടക്കുകയാണ്. 2022 ഫെബ്രുവരി 1ന് ഇതേ കാരണങ്ങളാൽ വൈദ്യുതി മേഖലയിലും ഒരു അഖിലേന്ത്യാ

പണിമുടക്ക് നടക്കുവാൻ പോകുകയാണ്. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ഐക്യവേദി ഈ രണ്ട് പണിമുടക്കുകൾക്കും സർവവിധ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്. ജനങ്ങളുടെ അവകാശങ്ങളും, ജീവനും, ജീവനോപാധികളും സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമല്ല നാം യോജിച്ചു പോരാട്ടങ്ങൾ നടത്തുന്നത്. തദ്ദേശീയ/വിദേശ സ്വകാര്യ കുത്തകകളുടെ പിന്തുണയോടെ ഭരണകൂടത്തിലെ ഏകാധിപത്യ ശക്തികൾ വരുത്തിവയ്ക്കുന്ന ദുരന്തങ്ങളിലും തകർച്ചകളിലും നിന്ന് രാജ്യത്തിന്റെ സമ്പദ് ഘടനയേയും ജനാധിപത്യ സംവിധാനങ്ങളേയും സമൂഹത്തെയാകെ തന്നെയും രക്ഷിക്കുന്നതിനു വേണ്ടി കൂടിയാണ് നാം പോരാടുന്നത്.

തൊഴിലാളികൾക്കും കർഷകർക്കും ജനങ്ങൾക്കും, രാജ്യത്തിനും വിരുദ്ധവും കോർപറേറ്റുകൾക്ക് മാത്രം അനുകൂലവുമായ കേന്ദ്രസർക്കാർ നയങ്ങൾ മൊത്തം ജനങ്ങളുടെ ജീവനേയും ജീവനോപാധികളേയും നാടിന്റെ സമ്പദ് ഘടനയേയും വലിയൊരു ദുരന്തത്തിന്റെ വക്കിലെത്തിച്ചിരിക്കുകയാണ്. ഈ നയങ്ങളെ തുറന്നുകാട്ടുന്ന തരത്തിൽ സംസ്ഥാനതല കൺവെൻഷൻ, മനുഷ്യച്ചങ്ങല, പന്തം കൊളുത്തി പ്രകടനം, ഒപ്പുശേഖരണം, മേഖല/ പ്രാദേശിക തലങ്ങളിലെ പ്രക്ഷോഭങ്ങൾ തുടങ്ങിയ വിവിധ രൂപത്തിലുള്ള പ്രചാരണ പരിപാടികൾ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും വിവിധ മേഖലകളിലെ സ്വതന്ത്ര ഫെഡറേഷനുകളുടെയും ഐക്യവേദിയുടെ സംസ്ഥാന ഘടകങ്ങൾ സംയുക്തമായി സംഘടിപ്പിക്കണം. സമാനമായ പ്രശ്നങ്ങളിൻമേൽ വിവിധ മേഖലകളിൽ ഐക്യവേദിയുടെ ഭാഗമായ സംഘടനകൾ മുൻകൈ എടുത്തുകൊണ്ട് ഇതിനകം തന്നെ പ്രക്ഷോഭങ്ങൾ നടന്നുവരികയാണ്.

മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കുന്നതിന് മോദി സർക്കാരിനെ നിർബന്ധിപ്പിച്ചുകൊണ്ട് ഐതിഹാസികമായ വിജയമാണ് കർഷക പ്രസ്ഥാനം കൈവരിച്ചിരിക്കുന്നത്. ഇനി ജീവനും ജീവനോപാധികൾക്കും നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾക്കും, ദാരിദ്ര്യവും പട്ടിണിയും ആശങ്കയുണ്ടാക്കുന്ന വിധം രൂക്ഷമാക്കുന്ന നയങ്ങൾക്കും, ജനങ്ങളുടെ ഐക്യത്തേയും ജനാധിപത്യത്തേയും തകർക്കുന്നതിനായുള്ള ശ്രമങ്ങൾക്കും എതിരെയും നമ്മുടെ രാജ്യത്തെ സർവനാശത്തിൽ നിന്നും സംരക്ഷിക്കുന്നതിനും

> **‘ജനങ്ങളെ സംരക്ഷിക്കുക, രാജ്യത്തെ സംരക്ഷിക്കുക’ എന്നതാണ് ഈ പണിമുടക്കിന്റെ പ്രധാന മുദ്രാവാക്യം. കേന്ദ്ര സർക്കാരിന്റെ വിനാശകരമായ തൊഴിലാളിവിരുദ്ധ ജനദ്രോഹ നയങ്ങൾക്കെതിരെയാണ് ദ്വിദിന ദേശീയ പണിമുടക്ക് നടത്തുന്നത്.**

വേണ്ടി വിവിധ മേഖലകളിലെ തൊഴിലാളികൾ യോജിച്ചുകൊണ്ട് പോരാട്ടങ്ങൾ ശക്തമാക്കണം.

‘തൊഴിൽ, ജീവിക്കാനാവശ്യമായ കൂലി, നിലവാരമുള്ള വിദ്യാഭ്യാസവും ആരോഗ്യ പരിരക്ഷയും സൗജന്യമായി ലഭ്യമാക്കൽ എന്നീ അവകാശങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും” സംരക്ഷിക്കണമെന്ന ഉറപ്പ് പ്രകടന പത്രികയുടെ ഭാഗമാക്കുന്നതിനും അധികാരത്തിൽ വന്നാൽ തൊഴിലാളികളുടെയും കർഷകരുടെയും രാജ്യത്തെ സമസ്ത ജനങ്ങളുടെയും ആവശ്യങ്ങളെ പിന്തുണക്കുമെന്ന് പരസ്യമായി പ്രതിജ്ഞ ചെയ്യുന്നതിനും 2022 ന്റെ തുടക്കത്തിൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലും 2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും മത്സരിക്കുന്ന എല്ലാ രാഷ്ട്രീയ പാർടികളോടും ആവശ്യപ്പെടണം.

കർഷകർ നിശ്ചയദാർഢ്യത്തോടെ ദീർഘകാലം നടത്തിയ പോരാട്ടത്തിന്റെയും ഇതിന് പിന്തുണച്ചുകൊണ്ട് രാജ്യവ്യാപകമായി തൊഴിലാളികൾ സംഘടിപ്പിച്ച ഐക്യദാർഢ്യ പ്രക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിലാണ് മൂന്ന് കാർഷിക നിയമങ്ങളും പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിന് വഴങ്ങേണ്ടിവന്നത്. അതുപോലെ തന്നെ ജനങ്ങളുടെ വർധിച്ചുവരുന്ന അസംതൃപ്തിയേയും രോഷത്തേയും അവഗണിക്കാനാകാതെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറയ്ക്കുന്നതിനും

**ജീവനും ജീവനോപാധികൾക്കും നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾക്കും, ദാരിദ്ര്യവും പട്ടിണിയും രൂക്ഷമാക്കുന്ന നയങ്ങൾക്കും, ജനങ്ങളുടെ ഐക്യത്തേയും ജനാധിപത്യത്തേയും തകർക്കുന്നതിനായുള്ള ശ്രമങ്ങൾക്കും എതിരെയും നമ്മുടെ രാജ്യത്തെ സർവനാശത്തിൽ നിന്നും സംരക്ഷിക്കുന്നതിനും വേണ്ടി തൊഴിലാളികൾ യോജിച്ച പോരാട്ടങ്ങൾ ശക്തമാക്കണം.**

കേന്ദ്ര സർക്കാർ തയ്യാറായി. അടുത്തിടെ നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് ഉണ്ടായ തിരിച്ചടികളും ഈ തീരുമാനങ്ങൾ എടുക്കാൻ കേന്ദ്ര സർക്കാരിനെ സ്വാധീനിക്കുകയുണ്ടായി. അതുകൊണ്ട് ജനവിരുദ്ധനയങ്ങൾക്കും അവ അടിച്ചേൽപ്പിക്കുന്ന ഭരണകൂടത്തിനും എതിരെ നിശ്ചയദാർഢ്യത്തോടുകൂടി തുടർച്ചയായ ഐക്യപോരാട്ടങ്ങൾ കൂടുതൽ ശക്തമാക്കുക എന്നതു മാത്രമാണ് നമുക്ക് മുന്നിലുള്ള ഏകമാർഗം. ആ നിശ്ചയദാർഢ്യം 2022 ഫെബ്രുവരിയിലെ ദ്വിദിന ദേശീയ പണിമുടക്കിലും നമുക്ക് പ്രകടിപ്പിക്കുവാനാകട്ടെ.

താഴെ പറയുന്ന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് നമുക്ക് നമ്മുടെ ഐക്യപോരാട്ടത്തെ കരുത്തുറ്റതാക്കാം.

1. തൊഴിൽ കോഡുകളും അവശ്യ പ്രതിരോധ സേവന നിയമവും റദ്ദാക്കുക.
2. കാർഷിക നിയമങ്ങൾ റദ്ദാക്കിയതിനു ശേഷവും കർഷകരുടെ 6 ആവശ്യങ്ങൾ അടങ്ങിയ അവകാശ പത്രിക അംഗീകരിക്കുക.
3. എല്ലാ രൂപത്തിലുമുള്ള സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക. ദേശീയ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ ഉപേക്ഷിക്കുക.
4. ആദായ നികുതിയുടെ പരിധിയിൽ വരാത്തവർക്ക് ഭക്ഷ്യധാന്യവും വരുമാന നഷ്ടപരിഹാരമായി 7500 രൂപയും മാസം തോറും നൽകുക.
5. ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തുക. പദ്ധതി നഗരങ്ങളിലേക്കും വ്യാപിപ്പിക്കുക.
6. അനൗപചാരിക മേഖലയിലെ എല്ലാ തൊഴിലാളികൾക്കും സാർവത്രിക സാമൂഹ്യ സുരക്ഷാപദ്ധതി നടപ്പിലാക്കുക.
7. അംഗൻവാടി ജീവനക്കാർക്കും ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്കും ആശമാരായി പണിയെടുക്കുന്നവർക്കും മറ്റ് പദ്ധതി തൊഴിലാളികൾക്കും നിയമപ്രകാരമുള്ള മിനിമം കൂലിയും സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളും അനുവദിക്കുക.
8. കോവിഡ് പ്രതിരോധത്തിലെ മുൻനിര പ്രവർത്തകർക്ക് സുരക്ഷയും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുക.
9. ദേശീയ സമ്പദ് ഘടനയെ പുനർജനിപ്പിക്കുന്നതിനു വേണ്ടി സമ്പത്ത് നികുതി ഉൾപ്പെടെയുള്ള നികുതികൾ സമ്പന്നമാരുടെ മേൽ ചുമത്തിക്കൊണ്ട് കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുസേവനങ്ങൾക്കായുള്ള നിക്ഷേപം വർധിപ്പിക്കുക.
10. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് മേലുള്ള കേന്ദ്ര എക്സൈസ് തീരുവ വെട്ടിക്കുറക്കുക, വിലക്കയറ്റം തടയുക.
11. കരാർ/ പദ്ധതി തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, തുല്യ ജോലിക്ക് തുല്യ വേതനം നൽകുക
12. പുത്തൻ പെൻഷൻ പദ്ധതി റദ്ദാക്കി എല്ലാ തൊഴിലാളികളെയും പഴയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരിക. ഇ.പി.എസിന് കീഴിലെ കുറഞ്ഞ പെൻഷനിൽ വർധനവ് വരുത്തുക.

കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും ഫെഡറേഷനുകളുടെയും / അസോസിയേഷനുകളുടെയും ഐക്യവേദി ഇതിനകം തന്നെ മുന്നോട്ടുവച്ചിട്ടുള്ള മറ്റ് ആവശ്യങ്ങളും ദേശീയ പണിമുടക്കിന്റെ ഭാഗമായി ഉയർത്തുന്നുണ്ട്.

2022 ഫെബ്രുവരി 23, 24 തീയതികളിൽ പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ സമയത്ത് നടക്കുന്ന ദ്വിദിന ദേശീയ പണിമുടക്ക് വിജയിപ്പിക്കുക.

**'ജനങ്ങളെ സംരക്ഷിക്കുക, രാജ്യത്തെ സംരക്ഷിക്കുക'**

# ഐതിഹാസിക കർഷകസമരത്തിന്
# വൻവിജയം



### അംഗീകരിച്ച ആവശ്യം

- മിനിമം താങ്ങുവിലയെക്കുറിച്ച് പഠിക്കാൻ നിയോഗിക്കുന്ന സമിതിയിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും സംയുക്ത കിസാൻ മോർച്ചയുടെയും പ്രതിനിധികളെയും കാർഷിക വിദഗ്ധരെയും ഉൾപ്പെടുത്തും. നിലവിൽ സർക്കാർ പ്രഖ്യാപിച്ച താങ്ങുവില പ്രകാരമുള്ള സംഭരണം തുടരും.
- സമരവുമായി ബന്ധപ്പെട്ട് കർഷകർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കും. സംസ്ഥാന സർക്കാരുകളും ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്.
- രക്തസാക്ഷികളായ കർഷകരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകും.
- വൈദ്യുതി നിയമ ഭേദഗതി ബില്ലിനെക്കുറിച്ച് കർഷകനേതാക്കൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തും.
- തലസ്ഥാനനഗര മലിനീകരണ നിയമത്തിലെ കർഷകദ്രോഹ വകുപ്പുകൾ ഒഴിവാക്കും.

**ഡൽഹി അതിർത്തികളിൽ 378 ദിവസമായി സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ നടന്നുവന്ന ഐതിഹാസിക കർഷക സമരത്തിന് വൻ വിജയം. കാർഷിക നിയമങ്ങൾ പിൻവലിച്ചതിനു പിന്നാലെ കർഷകർ ഉന്നയിച്ച ആറ് ആവശ്യത്തിൽ അഞ്ചെണ്ണം അംഗീകരിച്ചതായി കേന്ദ്രസർക്കാർ എഴുതി ഒപ്പിട്ട് നൽകി.**

കിസാൻ മോർച്ച ഉപസമിതിയും കേന്ദ്രസർക്കാരും തമ്മിൽ നടത്തിവന്ന ആശയവിനിമയത്തെ തുടർന്ന് കൃഷി സെക്രട്ടറി ഔദ്യോഗികമായി ഉറപ്പുകൾ എഴുതി കൈമാറി. ലഖിംപുർ ഖേരി കർഷക കൂട്ടക്കൊലയ്ക്ക് ഉത്തരവാദിയായ അജയ് മിശ്രയെ കേന്ദ്രമന്ത്രിസഭയിൽനിന്ന് പുറത്താക്കണമെന്നതൊഴികെയുള്ള ആവശ്യം സർക്കാർ അംഗീകരിച്ചു. അജയ് മിശ്ര മന്ത്രിസഭയിൽ തുടരുന്നതിന്റെ അധാർമികത ജനങ്ങൾക്ക് മുന്നിൽ സമർപ്പിക്കുകയാണെന്ന് കിസാൻ മോർച്ച നേതാക്കൾ പറഞ്ഞു. കേസ് ഹൈക്കോടതിറിട്ട. ജഡ്ജിയുടെ മേൽനോട്ടത്തിൽ പ്രത്യേക സംഘം അന്വേഷിക്കുകയാണ്.

കർഷകർ പൊരുതി നേടിയ ഉജ്വല വിജയം ലഖിംപുർ ഖേരിയിൽ കൊല്ലപ്പെട്ടവരടക്കമുള്ള 715 രക്തസാക്ഷികൾക്ക് സമർപ്പിക്കുന്നെന്ന് കിസാൻ മോർച്ച പ്രതികരിച്ചു. കർഷകരുടെ ഐക്യവും ക്ഷമയുമാണ് വിജയത്തിലേക്ക് നയിച്ചത്. ട്രേഡ് യൂണിയനുകളും മഹിളാ സംഘടനകളും വിദ്യാർഥിയുവജന പ്രസ്ഥാനങ്ങളും കർഷകർക്കൊപ്പം പൊരുതി. അഭിഭാഷകരും ഡോക്ടർമാരും വ്യാപാരികളും കലാകാരന്മാരും മനുഷ്യാവകാശ പ്രവർത്തകരും സഹായിച്ചു. യോഗങ്ങൾക്ക് ദേശീയപാതയോരത്തെ ഭക്ഷണശാല ഉടമകൾ ഇടമൊരുക്കി. ഭക്ഷണവിതരണത്തിന് വിവിധ മതവിശ്വാസികൾ സഹായിച്ചു. വിദേശ ഇന്ത്യക്കാരും രാജ്യാന്തര കർഷക പ്രസ്ഥാനങ്ങളും ഐക്യദാർഢ്യമേകി. നൂറുകണക്കിന് വളന്റിയർമാർ സമയവും ഊർജവും ചെലവിട്ടു. പിന്തുണ നൽകിയ എല്ലാവർക്കും കിസാൻ മോർച്ച നന്ദി പ്രകടിപ്പിച്ചു. നിയമപരമായ താങ്ങുവില ഉറപ്പാക്കാൻ പോരാട്ടം തുടരും.

## കർഷകർക്കും പിന്തുണച്ചവർക്കും അഭിനന്ദനം: കിസാൻസഭ

സുദീർഘമായ പോരാട്ടത്തിൽ ചരിത്രവിജയം നേടിയ കർഷകരെ അഖിലേന്ത്യാ കിസാൻസഭ അഭിനന്ദിച്ചു. 378 ദിവസമായി നടന്നുവന്ന പോരാട്ടത്തിൽ സംയുക്ത കിസാൻ മോർച്ച വിജയം നേടിയിരിക്കയാണ്. മിനിമം താങ്ങുവില (എംഎസ്പി) നിയമപരമാക്കാൻ പോരാട്ടം തുടരും.

രാജ്യത്തെ കർഷകരുടെയും തൊഴിലാളികളുടെയും യോജിച്ച പോരാട്ടവും 715 കർഷകരുടെ ജീവത്യാഗവുമാണ് അഭൂതപൂർവമായ വിജയം സാധ്യമാക്കിയത്. സ്വാതന്ത്ര്യത്തിനുശേഷം നടന്ന ഏറ്റവും ദീർഘമായ പ്രക്ഷോഭമാണ് ഇത്. ഭരണഘടനാ തത്വങ്ങൾ കടന്നാക്രമിക്കുന്ന ഭരണാധികാരികൾക്കെതിരെ ജനാധിപത്യ, മതനിരപേക്ഷ മൂല്യങ്ങളുടെ വിജയംകൂടിയാണ് ഇത്.

എല്ലാ രാജ്യത്തുനിന്നും നേരിട്ടും അല്ലാതെയും സമരത്തെ പിന്തുണച്ചവരെ കിസാൻസഭ അഭിനന്ദിച്ചു. പ്രക്ഷോഭത്തിൽ പങ്കാളികളായ ജനാധിപത്യ പ്രസ്ഥാനങ്ങളെയും അഭിനന്ദിച്ചു.

## ഐക്യവിജയം

പൊതുശത്രുവിനെ തിരിച്ചറിഞ്ഞ് ഐക്യത്തോടെ പൊരുതിയാണ് കർഷകർ വിജയം ഗംഭീരമാക്കിയത്. സുദീർഘവും വിപുലവും ജനകീയവുമായ പ്രക്ഷോഭത്തിലുണ്ടായ ചെറിയ അസ്വാരസ്യങ്ങൾ പറഞ്ഞുതീർത്തു. പ്രധാന കാര്യങ്ങളിൽ നീണ്ട ചർച്ചകളിലൂടെ സമവായമുണ്ടാക്കി. അഞ്ഞൂറിൽപ്പരം സംഘടനകളുടെ പൊതുവേദിയായ സംയുക്ത കിസാൻ മോർച്ച എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചു. സമരം ഒത്തുതീർക്കാൻ നിർബന്ധിതരായ കേന്ദ്രസർക്കാർ മുന്നോട്ടുവച്ച കരട് നിർദേശങ്ങളോട് പ്രതികരിക്കുന്നതിലും കിസാൻ മോർച്ച ഐക്യത്തിന്റെ കരുത്ത് പ്രദർശിപ്പിച്ചെന്ന് അഖിലേന്ത്യാ കിസാൻ സഭ ഫിനാൻസ് സെക്രട്ടറി പി കൃഷ്ണപ്രസാദ് പറഞ്ഞു. ജാതി, മത, സ്വത്വ ഭേദങ്ങൾക്കപ്പുറം തങ്ങളുടെ പൊതുശത്രു കോർപറേറ്റുകളാണെന്ന കർഷകരുടെ തിരിച്ചറിവിന് മുന്നിൽ ഭിന്നിപ്പിക്കാനുള്ള കുതന്ത്രങ്ങൾ പരാജയപ്പെട്ടു. ഭാവി പോരാട്ടങ്ങൾക്ക് കരുത്താകുന്ന ഐക്യവും വർഗബോധവും കർഷകരിൽ രൂപംകൊണ്ടതാണ് പ്രക്ഷോഭത്തിന്റെ ഏറ്റവും വലിയ നേട്ടം.

# തകർന്നടിഞ്ഞത് ബിജെപിയുടെ ഹുങ്ക്




കർഷക വിജയത്തിൽ തകർന്നടിഞ്ഞത് ബിജെപിയുടെ ഹുങ്ക്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ '56 ഇഞ്ച് നെഞ്ചുറപ്പ്' മണ്ണിൽ പണിയെടുക്കുന്നവർക്കു മുന്നിൽ വിലപ്പോയില്ല.

രണ്ടാം തവണയും അധികാരത്തിൽ വന്നതിനു പിന്നാലെയാണ് കോവിഡ് അടച്ചിടൽ അവസരമാക്കി കേന്ദ്ര സർക്കാർ കാർഷികമേഖലയിൽ കമ്പനിവൽക്കരണം പ്രഖ്യാപിച്ചത്. ധനമന്ത്രി നിർമല സീതാരാമൻ ആത്മനിർഭർ പാക്കേജിന്റെ ഭാഗമായി പുതിയ കാർഷിക നിയമങ്ങൾ കൊണ്ടുവരുമെന്ന് ആദ്യം അറിയിച്ചു. വൈകാതെ ഓർഡിനൻസുകൾ ഇറക്കി. പാർലമെന്റിൽ തിരക്കിട്ട് നിയമവും പാസാക്കി. കോവിഡ് കാലത്തുപോലും വളർച്ച കൈവരിച്ച കാർഷികമേഖലയിൽനിന്ന് കോർപറേറ്റുകൾക്ക് വൻതോതിൽ ലാഭം കൊയ്യാൻ സർക്കാർ വാതിൽ തുറന്നുകൊടുത്തു.

ബിജെപിയുടെ തെരഞ്ഞെടുപ്പുഫണ്ടിലേക്ക് യഥേഷ്ടം പണമൊഴുക്കിയതിന് കോർപറേറ്റുകൾക്കുള്ള പ്രത്യുപകാരമായിരുന്നു കാർഷികനിയമങ്ങൾ. ഇവ നടപ്പാക്കുകതന്നെ ചെയ്യുമെന്ന് പ്രധാനമന്ത്രി ആവർത്തിച്ചു. കർഷകരെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തു. ഭിന്നിപ്പിക്കാൻ ശ്രമിച്ചു. പതറാതെ പൊരുതിയ കർഷകർ ബിജെപി സർക്കാരിനെ പാഠംപഠിപ്പിച്ചു.

അതേസമയം, കാർഷികമേഖലയിൽ നവഉദാരനയങ്ങൾ നടപ്പാക്കുന്നതിൽനിന്ന് പിൻവാങ്ങേണ്ടിവന്നത് മോദിസർക്കാരും കോർപറേറ്റുകളും തമ്മിൽ അസ്വാരസ്യമുണ്ടാക്കി. കാർഷിക വായ്പകൾ നൽകാനുള്ള എസ്ബിഐഅദാനി ക്യാപിറ്റൽ കരാർ കോർപറേറ്റുകളുടെ കോപം ശമിപ്പിക്കാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണ്. ബിജെപിയുടെ രാഷ്ട്രീയ അടിത്തറയിലും കർഷകപ്രക്ഷോഭം വിള്ളലുണ്ടാക്കി. വർഗീയവൽക്കരിച്ച് വോട്ട് തട്ടാനുള്ള ശ്രമങ്ങൾക്കും കർഷകഐക്യം വിലങ്ങുതടിയാകും. മുസഫർനഗർ അടക്കമുള്ള സ്ഥലങ്ങളിൽ എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികളും കർഷകരും ഒന്നിച്ചിരിക്കുന്നു. ലഖിംപുർ ഖേരി കൂട്ടക്കൊലയും ബിജെപിയെ വേട്ടയാടും.

# യുദ്ധതന്ത്രങ്ങൾ തോറ്റമ്പി



കർഷകസമര വീര്യത്തിനുമുന്നിൽ തോറ്റ് തുന്നംപാടിയത് കേന്ദ്ര സർക്കാരിന്റെ 'യുദ്ധതന്ത്രങ്ങൾ.' കർഷകപ്രവാഹം തടയാൻ ഒറ്റരാത്രികൊണ്ട് ടിക്രിയിലേക്കുള്ള റോഡിൽ പൊലീസുകാർ അള്ളുവച്ചു. ഹരിയാനയിൽനിന്ന് കർഷകർ വരുന്ന വാഹനങ്ങൾ അതിർത്തിയിൽത്തന്നെ പഞ്ചറാക്കാനായിരുന്നു നീക്കം.

ഡൽഹിക്കും ഹരിയാനയ്ക്കും ഇടയിൽ പൊലീസ് ബാരിക്കേഡുകളും കമ്പിവേലികളും നിരത്തി തടസ്സമുണ്ടാക്കി. റോഡിൽ ട്രെഞ്ചുകൾ കുഴിച്ചു.

ഗാസിപുർ അതിർത്തിയിലും ആണികൾ തറച്ച് 'മുൾപ്പാത'യുണ്ടാക്കി. ചില സ്ഥലത്ത് കോൺക്രീറ്റ് ബാരിക്കേഡുകളും. സമരക്കാരെ തടയാൻ റോഡിൽ കിടങ്ങുണ്ടാക്കുന്നതും അള്ളുവയ്ക്കുന്നതും മുതിർന്ന പൊലീസുകാർക്കുപോലും ആദ്യാനുഭവമായിരുന്നു. എന്നാൽ, ഇതിനെയെല്ലാം അപ്രസക്തമാക്കി കർഷകരും അവരുടെ ട്രാക്ടറുകളും സമരകേന്ദ്രങ്ങളിലേക്ക് ഇരമ്പിയെത്തി. കർഷകരെ പ്രതിരോധിക്കാനുള്ള സർക്കാരിന്റെ 'പുതിയവഴികൾ' സമൂഹ അന്താരാഷ്ട്ര മാധ്യമങ്ങളിൽ ഉൾപ്പെടെ ചർച്ചയായി. പൊലീസുകാർ ആണികൾ തറച്ച വഴിയിൽ കർഷകർ ചെടികൾ നട്ടു.

കർഷകസമരവുമായി ബന്ധപ്പെട്ട് സുരക്ഷയൊരുക്കാനെന്ന പേരിൽ ഏഴുകോടി രൂപ ചെലവിട്ടെന്നാണ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായി പാർലമെന്റിനെ അറിയിച്ചത്. ഇതിൽ സിംഹഭാഗവും കർഷകരുടെ പ്രവാഹം തടയാനായിരുന്നു.

# 715 രക്തസാക്ഷികൾ



കർഷകസമരം വിജയത്തിലേക്ക് എത്തിക്കാൻ ജീവൻ ബലിയായി നൽകിയത് 715 ലേറെ കർഷകർ. ലഖിംപുർ ഖേരിയിൽ കേന്ദ്ര ആഭ്യന്തരസഹമന്ത്രിയുടെ മകൻ കാറിടിച്ച് കൊലപ്പെടുത്തിയ നാലുപേർ ഉൾപ്പെടെയുള്ളവരുടെ ജീവന്റെയും ചോരയുടെയും അടിത്തറയിലാണ് ഈ വിജയം.

ഒരുവർഷത്തിലേറെ നീണ്ട പ്രക്ഷോഭത്തിനിടയ്ക്ക് രോഗങ്ങൾ, ഹൃദയാഘാതം, കോവിഡ്, വാഹനാപകടങ്ങൾ, ആത്മഹത്യ, തീപിടിത്തം, കഠിനമായ തണുപ്പ് തുടങ്ങി വിവിധ കാരണങ്ങളാണ് ഇത്രയും കർഷകർക്ക് ജീവൻ നഷ്ടപ്പെട്ടത്.

സിൻഘുഅതിർത്തി, ടിക്രി അതിർത്തി, ഡൽഹികർണാൽ ഹൈവേ, ഡൽഹിഹിസാർ റോഡ്, പഞ്ചാബിലെ മൊഹാലി, വിവിധ ടോൾപ്ലാസകൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം മരണമുണ്ടായി. മരിച്ചവരിൽ അധികം പേരും ചെറുകിട, ഇടത്തരം കർഷകരായിരുന്നു. ചിലർക്കെല്ലാം സ്വന്തമായി ഒരുതുണ്ട് ഭൂമി പോലുമുണ്ടായിരുന്നില്ല.

മരിച്ച കർഷകരുടെ ശരാശരി പ്രായം 57 ആയിരുന്നെന്ന് പട്യാലയിലെ പഞ്ചാബി സർവകലാശാല നടത്തിയ പഠനത്തിൽ പറയുന്നു.ചരിത്രം കുറിച്ച പോരാട്ടത്തിനിടയ്ക്ക് മരണമടഞ്ഞവരുടെ ഉജ്വലസ്മരണകൾ പുതുക്കിയാണ് കർഷകർ ഓരോദിവസവും പോരാട്ടം ശക്തിപ്പെടുത്തിയത്.

# വർഗീയ ഭ്രാന്തൻ നീക്കങ്ങളെ പ്രതിരോധിക്കുക



കെ.ടി. കുഞ്ഞിക്കണ്ണൻ

**ഒരു സമൂഹത്തിനും പൊറുപ്പിക്കാനാവാത്ത വർഗീയ തീവ്രവാദ മുദ്രാവാക്യങ്ങളും പ്രസംഗങ്ങളും മാത്രമാണ് കോഴിക്കോട്ടെ റാലിയിലുടനീളം മുഴങ്ങിക്കേട്ടത്. കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധതയെയും നവോത്ഥാന പാരമ്പര്യത്തെയും അപഹസിക്കുന്ന പ്രസംഗങ്ങളും മുദ്രാവാക്യങ്ങളും വഴി ഒരു ബഹുമതസമൂഹത്തിലാണ് നാം ജീവിക്കുന്നതെന്നും വ്യത്യസ്ത വിശ്വാസ സമൂഹങ്ങൾക്ക് ഒരു രാജ്യമായി ഒരു നിയമ വ്യവസ്ഥക്ക് കീഴിൽ ജീവിക്കാൻ കഴിയുമെന്നും അതിനാണ് ഭരണഘടന ബഹുസ്വരതയുടെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതെന്നും മത ഭ്രാന്ത് പിടിച്ച ലീഗ് പ്രാസംഗികർ വിസ്മരിച്ചു കളഞ്ഞു.**

വഖഫ് സംരക്ഷണത്തിനെന്ന പേരിൽ കോഴിക്കോട് മുസ്ലീംലീഗ് റാലിയിൽ നടന്ന അങ്ങേയറ്റം വംശീയവിദ്വേഷവും വർഗീയതയും പടർത്തുന്ന റാലി ഉയർത്തുന്ന അപകടകരമായ രാഷ്ട്രീയ പ്രവണതകളെയും മതനിരപേക്ഷ ജനാധിപത്യ ജീവിതത്തിനു നേരെ ഉയർത്തിയ ഭീഷണികളെയും ഗൗരവ്വപൂർവ്വം കാണേണ്ടതുണ്ട്.. 2021 ഡിസംബർ 9 കോഴിക്കോടിന്റെ ചരിത്രത്തിലെ അപമാനകരമായൊരു ചരിത്രദിനമാക്കി മാറ്റുകയാണ് അധികാരം നഷ്ടപ്പെട്ട് ഭ്രാന്ത് പിടിച്ച മുസ്ലിം ലീഗ് നേതാക്കൾ ചെയ്തത്. കോഴിക്കോടിന്റെ മഹനീയവും മതനിരപേക്ഷവുമായ പാരമ്പര്യത്തെയും സംസ്കാരത്തെയും അപമാനിച്ച വർഗീയഭ്രാന്തന്മാരുടെ കൂടിച്ചേരലാണ് വഖഫ് സംരക്ഷണ റാലിയെന്ന പേരിൽ ഡിസംബർ 9 ന് കോഴിക്കോട് നടന്നത്. മുസ്ലിം സമുദായ നേതാക്കളും മുഖ്യമന്ത്രിയും വഖഫ് നിയമന പ്രശ്നത്തിൽ എല്ലാ ആശയ കുഴപ്പങ്ങളും ആശങ്കകളും കൂടിയാലോചനകളിലൂടെ പരിഹരിച്ച് മുന്നോട്ട് പോകാനുള്ള ആത്മാർത്ഥവും വിശ്വസ്തവുമായ ശ്രമം നടത്തി കൊണ്ടിരിക്കുന്നതിനിടയിലാണ് താലിബാൻ ആശയങ്ങൾ മനസിൽ പേറുന്ന ലീഗ് നേതാക്കൾ വർഗീയ ആക്രോശങ്ങൾ മുഴക്കി വഖഫ് സംരക്ഷണ റാലിയെന്ന പേരിൽ തെരുവിലിറങ്ങിയത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന മനുഷ്യരുടെ ജനാധിപത്യ ബോധത്തെയും മതനിരപേക്ഷ സംസ്കാരത്തെയും വെല്ലുവിളിക്കുന്ന അത്യന്തം നിന്ദ്യവും വർഗീയവുമായ മുദ്രാവാക്യങ്ങളും പ്രസംഗങ്ങളുമാണ് പാണക്കാട്ടെ തങ്ങന്മാരെയും കേരള നിയമസഭയിലെ പ്രതിപക്ഷ ഉപനേതാവിനെയും മുന്നിൽ നിർത്തിയും സ്റ്റേജിലിരുത്തിയും ലീഗ് വർഗീയ വാദികൾ നടത്തിയത്.

ആധുനിക മതനിരപേക്ഷ ജനാധിപത്യ ആശയങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഒരു സമൂഹത്തിനും പൊറുപ്പിക്കാനാവാത്ത വർഗീയ തീവ്രവാദ മുദ്രാവാക്യങ്ങളും പ്രസംഗങ്ങളും മാത്രമാണ് കോഴിക്കോട്ടെ റാലിയിലുടനീളം മുഴങ്ങിക്കേട്ടത്. ഇവരൊക്കെ ജീവിക്കുന്നതും ചിന്തിക്കുന്നതും ഇസ്ലാമിനു മുമ്പുള്ള അജ്ഞതയുടെ ഇരുണ്ട കാലത്തിലാണെന്ന് ആരെങ്കിലും ചിന്തിച്ചാൽ കുറ്റപ്പെടുത്താനാകുമോ.

കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധതയെയും നവോത്ഥാന പാരമ്പര്യത്തെയും അപഹസിക്കുന്ന പ്രസംഗങ്ങളും മുദ്രാവാക്യങ്ങളും വഴി

ഒരു ബഹുമതസമൂഹത്തിലാണ് നാം ജീവിക്കുന്നതെന്നും വ്യത്യസ്ത വിശ്വാസ സമൂഹങ്ങൾക്ക് ഒരു രാജ്യമായി ഒരു നിയമ വ്യവസ്ഥക്ക് കീഴിൽ ജീവിക്കാൻ കഴിയുമെന്നും അതിനാണ് ഭരണഘടന ബഹുസ്വരതയുടെ മൂല്യങ്ങളെ ഉയർത്തിപിടിക്കുന്നതെന്നും മത ഭ്രാന്ത് പിടിച്ച ലീഗ് നേതാക്കളായ പ്രാസംഗികർ വിസ്മരിച്ചു കളഞ്ഞു. മിശ്രവിവാഹങ്ങളും വ്യത്യസ്ത മത വിശ്വാസങ്ങൾ സൂക്ഷിക്കുമ്പോഴും ഒന്നിച്ച് ജീവിക്കുവാൻ സ്ത്രീപുരുഷന്മാർക്ക് നിയമപരമായ അവകാശവും പരിരക്ഷയും ഉറപ്പ് നൽകുന്ന നിയമ വ്യവസ്ഥയുള്ള രാജ്യമാണ് ഇന്ത്യയെന്ന് പോലും താലിബാൻ ബോധത്തിന് കീഴ്പ്പെട്ട ലീഗ് നേതാക്കൾ മറന്നുപോയി. റിയാസും വീണയും മാത്രമല്ല സർവാദരണീയരായ ലീഗ് നേതാക്കളായിരുന്ന ഇ അഹമ്മദിന്റെയും ബി വി അബ്ദുള്ളക്കോയയുടെയും മക്കൾ മിശ്ര വിവാഹിതരായിരുന്നുവെന്നും അതൊന്നും ഇന്ത്യൻ നിയമമനുസരിച്ച് വ്യഭിചാരമായിരുന്നില്ല വിവാഹമായിരുന്നുമെന്നും ചിന്തിക്കാനുള്ള വിവേകവും സാമാന്യബുദ്ധിയും ലീഗ് നേതാക്കൾക്ക് നഷ്ടപ്പെട്ടത് വർഗീയത തലക്ക് പിടിച്ചത് കൊണ്ടാണ്.

എന്തായാലും വഖഫ് സംരക്ഷണത്തിന്റെ പേര് പറഞ്ഞു ലീഗ് നടത്തിയ വർഗീയക്കളിയാണ് ഇപ്പോൾ പുറത്തു വന്നിരിക്കുന്നത്. അസംബ്ലിയിൽ വഖഫ് നിയമന ഉത്തരവിനോ എതിർപ്പ് പ്രകടിപ്പിക്കാത്തവർ, വഖഫ് ബോർഡ് ചർച്ചയിലും നിയമസഭാ ചർചയിലും ഇപ്പോഴുള്ളതാൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിന് ശേഷം പിഎസ് സിക്ക് വിടുന്നതിൽ എതിർപ്പില്ലെന്നു പറഞ്ഞവർ ഇപ്പോൾ വഖഫ് വിവാദമാക്കുന്നതിലെ രാഷ്ട്രീയവും ഇരട്ടത്താപ്പും എല്ലാവർക്കും മനസിലാവും. എന്തുകൊണ്ടാണ് ലീഗ് വർഗീയ പ്രകോപനങ്ങൾ സൃഷ്ടിക്കുന്നതെന്നും ജനാധിപത്യവാദികൾക്ക് മനസിലാക്കാവുന്നതേയുള്ളൂ. സങ്കുചിതമായ രാഷ്ട്രീയ താല്പര്യങ്ങൾക്കായി യുഡിഎഫും ലീഗും വർഗീയ ഭ്രാന്ത് പടർത്താനാണ് നോക്കിയത്. അതിന് ജിഫ്രിതങ്ങളെയും കാന്തപുരത്തെയും പോലുള്ള വിവേകമതികളായ സമുദായ നേതാക്കളെ കിട്ടില്ലെന്ന് വന്നതോടെ ലീഗ് നേതാക്കൾ പ്രകോപിതരായതാണ് കോഴിക്കോട്ടെ റാലിയിലാകെ കണ്ടത്. ഇതിനെതിരെ ശക്തമായ ജനവികാരം ഉയർത്തണമെന്നും സംഘപരിവാറിനെ പോലെ താലിബാൻ വികാരം പടർത്തുന്ന ലീഗ് വർഗീയവാദികളെ ഒറ്റപ്പെടുത്തണം. നിർഭാഗ്യവശാൽ മതനിരപേക്ഷ പാർടിയെന്ന് പറയുന്ന കോൺഗ്രസുകാർ ലീഗ് വർഗീയതക്ക് കുട പിടിച്ച് നടക്കുകയാണ്.

മുഖ്യമന്ത്രിയ്ക്കുനേരെ ജാത്യാധിക്ഷേപം നടത്തുകയും മന്ത്രി മുഹമ്മദ് റിയാസിനെയും കുടുംബത്തെയും അധിക്ഷേപിക്കുകയും മുഖ്യമന്ത്രിക്കും കെ.ടി.ജലീലിനുമെതിരെ വധഭീഷണിമുഴക്കുകയും ചെയ്ത മുസ്ലീംലീഗ് നേതാക്കളും പ്രവർത്തകരും വർഗീയഭ്രാന്ത് ഇളക്കിവിടുകയാണ് ചെയ്യതെന്ന് കോൺഗ്രസുകാർക്ക് എന്തുകൊണ്ടാണ് മനസിലാവാത്തത്. ഭൂരിപക്ഷ വർഗീയതയെയും ന്യൂനപക്ഷ വർഗീയതയെയും പ്രീണിപ്പിക്കുന്ന കോൺഗ്രസ് രാഷ്ടീയമാണല്ലോ ദേശീയാധികാരത്തിൽ ഇന്ന് ഹിന്ദുത്വ വാദികളെ എത്തിച്ചത്. ഇവിടെയിപ്പോൾ ബിജെപി രാഷ്ടീയമാണ് ന്യൂനപക്ഷ വർഗീയതയിൽ നിന്ന് ലീഗുകാർ പരീക്ഷിക്കുന്നത്. വഖഫ് ബോർഡ് നിയമനവുമായി ബന്ധപ്പെട്ട് ലീഗിന്റെ നിലപാടുകൾ തുറന്നുകാണിക്കപ്പെടുകയും വിവിധ മുസ്ലീം സാമുദായിക സംഘടനകൾ ഇക്കാര്യത്തിലെടുത്ത വിവേകപൂർവ്വമായ സമീപനവും ലീഗിനെ വല്ലാതെ പ്രകോപിതരാക്കിയെന്നാണ് കോഴിക്കോട്ടെ സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

നിരവധി പുരോഗമനാത്മകവും മതനിരപേക്ഷവുമായ സമ്മേളനങ്ങൾക്ക് സാക്ഷ്യം വഹിച്ച കോഴിക്കോട് കടപ്പുറത്ത് നടന്ന ലീഗിന്റെ റാലി അക്ഷരാർത്ഥത്തിൽ ഇടതുപക്ഷ വിരുദ്ധ വർഗീയ ഭ്രാന്തന്മാരുടെ സമ്മേളനമായി മാറുകയായിരുന്നു. സിപിഐഎമ്മിലും ഡിവൈഎഫ്ഐയിലും ചേർന്നാൽ ദീനിൽ നിന്നകലാലാണെന്ന് വരെ തട്ടിവിടാൻ താലിബാൻ മനസ്കർക്കല്ലാതെ മതനിരക്ഷേ രാഷ്ട്രിയവുമായി തരിമ്പു ബന്ധമുള്ള ഒരാൾക്കും കഴിയില്ല. ലീഗിന്റെ സംസ്ഥാന സെക്രട്ടറി അബ്ദുറഹിമാൻ കല്ലായിയും കെ.എം.ഷാജിയും താലിബാൻ നിലപാടുകളിൽ നിന്നുകൊണ്ടാണ് സി.പി.ഐ (എം)നെയും അതിന്റെ നേതാക്കളെയും ആക്ഷേപിച്ചത്.

ചെത്തുകാരൻ കോരന് സ്ത്രീധനം കിട്ടിയതല്ല കേരളം എന്നതുപോലുള്ള മുദ്രാവാക്യങ്ങളും മുസ്ലീംലീഗ് എത്ര വംശീയവും വരേണ്യവുമായ നിലപാടുകളാണ് സൂക്ഷിക്കുന്നത് എന്നതിന്റെ തെളിവാണ്. മതനിരപേക്ഷതക്കും സമൂഹമൈത്രിക്കും ആഘാതമേൽപ്പിക്കുന്ന ഇത്തരം വർഗീയഭ്രാന്തൻ നീക്കങ്ങളെ മുഴുവൻ ജനാധിപത്യ മതിനിരപേക്ഷ ശക്തികളും ഒന്നിച്ചുനിന്ന് പ്രതിരോധിക്കേണ്ടതുണ്ട്.●

# 10% വരുന്ന ധനികരുടെ സ്വത്ത് ലോക സമ്പത്തിന്റെ 76%
# 50% വരുന്ന താഴ്ന്ന വരുമാനക്കാരുടെ സമ്പത്ത് ലോക സമ്പത്തിന്റെ 2%

- ലോകത്തെ ജനസംഖയുടെ 10% വരുന്ന ധനികർ ആഗോള വരുമാനത്തിന്റെ 52 ശതമാനവും കയ്യടക്കിയിരിക്കുന്നു. എന്നാൽ ജനസംഖ്യയുടെ താഴെക്കിടയിലുള്ള 50 ശതമാനത്തിന് ആഗോള വരുമാനത്തിന്റെ 8% മാത്രമാണ് ലഭിക്കുന്നത്.
- 1995-ന് ശേഷം ശതകോടിശ്വരന്മാരുടെ സമ്പത്ത് ആഗോള സമ്പത്തിന്റെ 1% ആയിരുന്നത് 3% ആയി ഉയർന്നു.
- പാരീസ് അടിസ്ഥാനമായി പ്രവർത്തിക്കുന്ന പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞൻ തോമസ് പിക്കറ്റി ഉൾപ്പെടെയുള്ളവർ തയ്യാറാക്കിയ **'വേൾഡ് ഇൻ ഇക്വാലിറ്റി ലാബ്'** എന്ന പ്രസ്ഥാനത്തിന്റെ 228 പേജ് വരുന്ന റിപ്പോർട്ട് 2021 ഡിസംബർ ആദ്യവാരം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ കോവിഡ് കാലത്തും അതിസമ്പന്നരുടെ സമ്പത്ത് കുതിച്ചുയർന്നതായി കാണുന്നു.
- 2020-ൽ ലോകത്തെ ശതകോടിശ്വരന്മാരുടെ എണ്ണവും വലിയ തോതിൽ വർധിച്ചു. 1995-നുശേഷം ലോകത്തുണ്ടായ സമ്പത്തിന്റെ മൂന്നിലൊന്നും കയ്യടക്കിയത് ജനസംഖ്യയുടെ 1% മാത്രം വരുന്ന ഏറ്റവും വലിയ ധനികരാണ്. എന്നാൽ 1995-ന് ശേഷം ലോകത്തുണ്ടായ സമ്പത്തിന്റെ 2% മാത്രമാണ് ജനസംഖ്യയുടെ താഴേക്കിടയിലുള്ള 50 ശതമാനത്തിന് ലഭിച്ചത്.



- ശതകോടിശ്വരന്മാരുടെ സമ്പത്ത് 2020-ൽ 3.6 ട്രില്യൻ (ഒരു ട്രില്യൻ = ഒരു ലക്ഷം കോടി) യൂറോ വർധിച്ചു.
- 2020-ൽ മാത്രം 10 കോടിയിലധികം ജനങ്ങൾ തീവ്രദാരിദ്ര്യത്തിലായി.
- 2021-ൽ ശരാശരി ജനങ്ങളുടെ വരുമാനം 16700 യൂറോ ആയിരുന്നെങ്കിൽ ധനികരായ 10%-ൽ ഒരാളുടെ വരുമാനം 87200 യൂറോ ആയിരുന്നു.
- താഴേക്കിടയിലുള്ള ഒരാൾക്ക് ലഭിച്ച ശരാശരി വരുമാനം 2800 യൂറോ ആയിരുന്നു.
- ലോക ജനസംഖ്യയുടെ 10% വരുന്ന ധനികർ ലോക സമ്പത്തിന്റെ 76% കൈവശം വയ്ക്കുന്നു. താഴെക്കിടയിലുള്ള 50% പേർക്ക് ലോക സമ്പത്തിന്റെ 2% മാത്രമാണ് ഉള്ളത്.
- ആഗോള വരുമാനത്തിൽ സ്ത്രീകളുടെ പങ്ക് 35% മാത്രമാണ്.
- യൂറോപ്പാണ് ലോകത്തെ അസമത്വത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന പ്രദേശം
- കോവിഡ് കാലത്ത് ധനികരാജ്യങ്ങൾ തൊഴിലാളികൾക്കും ദരിദ്ര ജനവിഭാഗങ്ങൾക്കും നല്ല സഹായങ്ങൾ നൽകി. എന്നാൽ ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങൾ അതിന് തയ്യാറായില്ല. അതുകൊണ്ട് ദരിദ്രരുടെ എണ്ണം വികസ്വര രാജ്യങ്ങളിലും ദരിദ്ര രാജ്യങ്ങളിലും വലിയ തോതിൽ വർധിച്ചു.

# അസമത്വത്തിൽ ലോകത്ത് മുന്നിൽ ഇന്ത്യ



- 2021-ൽ ജനസംഖ്യയുടെ 1% വരുന്ന ഇന്ത്യയിലെ ധനികർ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട സമ്പത്തിന്റെ അഞ്ചിലൊന്ന് വരെ കയ്യടക്കി.
- എന്നാൽ ജനസംഖ്യയുടെ താഴേക്കിടയിലെ 50 ശതമാനത്തിന് ലഭിച്ചത് 13.1% മാത്രമാണ്. 2021-ൽ ജനസംഖ്യയുടെ 10 ശതമാനം പേർ ദേശീയ സമ്പത്തിന്റെ 57% -വും കയ്യടക്കി.
- ഇന്ത്യ ലോകത്തെ ദാരിദ്ര്യവും അസമത്വം നിറഞ്ഞതുമായ ഒരു സമൂഹമാണെന്ന് **'വേൾഡ് ഇൻ ഇക്വാലിറ്റി ലാബ്'** റിപ്പോർട്ട് പറയുന്നു.
- ഇന്ത്യയിലെ ഒരു കുടുംബത്തിന്റെ ശരാശരി സമ്പത്ത് 9,83,010 ആയിരിക്കുമ്പോൾ ജനസംഖ്യയുടെ താഴെ തട്ടിലുള്ള 50% ജനങ്ങളുടെ ശരാശരി സമ്പത്ത് 66,280 രൂപ മാത്രമാണ്.
- 2021-ൽ ഇന്ത്യയിലെ മൊത്തം തൊഴിലാളികളുടെ വരുമാനത്തിന്റെ 18% മാത്രമാണ് സ്ത്രീകൾക്കുള്ളത്. ഇത് ലോകത്തെ ഏറ്റവും കുറഞ്ഞ നിലവാരമാണ്.
- ഏഷ്യയിലെ തന്നെ തൊഴിൽ വരുമാനത്തിലെ സ്ത്രീകളുടെ പങ്ക് 21% ആണ്.
- **വേൾഡ് ഇൻ ഇക്വാലിറ്റി ലാബിന്റെ ഇന്ത്യയെ സംബന്ധിച്ചുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു നിരീക്ഷണം ഇതാണ് :** 'ഇന്ത്യയിൽ 1980 മധ്യം തുടങ്ങി നടപ്പാക്കിയ ഉദാരവൽക്കരണ നടപടികളാണ് ഇന്ത്യയിലെ അസമത്വം ഇത്ര ഉയരത്തിലെത്തിച്ചത്. ഉദാരവൽക്കരണ നടപടികൾ ഇന്ത്യയിലെ ഒരു ശതമാനത്തിന്റെ സമ്പത്തിൽ വലിയ വർധന ഉണ്ടാക്കിയപ്പോൾ മധ്യവർഗത്തിന്റെയും താഴെക്കിടയിലുള്ളവരുടെയും സമ്പത്തിലെ വളർച്ച തുച്ഛമായിരുന്നു. മാത്രമല്ല ദാരിദ്ര്യത്തിൽ വലിയ കുറവും ഉണ്ടായിട്ടില്ല.
- ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന അസമത്വം സംബന്ധിച്ച കണക്കുകളുടെ ഗുണനിലവാരം കഴിഞ്ഞ മൂന്ന് വർഷത്തിൽ ഗൗരവതരമായി കൃത്യതയില്ലാത്തതാണ്.

# ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ രൂക്ഷമായി തുടരുന്നു

- ഏപ്രിൽ 2020 മുതൽ ഡിസംബർ 2020 വരെയുള്ള 9 മാസക്കാലത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) ജോലി ചെയ്തത് 9.11 കോടി പേരാണ്. എന്നാൽ 2019-20 കാലത്തെ 12 മാസത്തിൽ MGNREGs പദ്ധതി പ്രകാരം തൊഴിൽ ചെയ്തത് 7.55 കോടി പേർ മാത്രമാണ്. ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മയുടെ രൂക്ഷതയാണ് ഇത് കാണിക്കുന്നത്.



- മറ്റൊരു തൊഴിലും ലഭിക്കാത്തവരാണ് MGNREGs തൊഴിലിനായി രജിസ്റ്റർ ചെയ്യുന്നത്. കുടിയേറ്റ തൊഴിലാളികൾ അവരവരുടെ ഗ്രാമങ്ങളിലേക്ക് മടങ്ങിയതു മൂലമാണ് ഇത്തരത്തിൽ തൊഴിലില്ലായ്മ കുതിച്ചുയർന്നത്.
- കോവിഡിന് മുമ്പുതന്നെ ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ രൂക്ഷമായിരുന്നു.
- 2004-2012 കാലത്ത് കാർഷികേതര മേഖലയിൽ ശരാശരി 75 ലക്ഷം തൊഴിലാണ് ഉണ്ടായിരുന്നത്. എന്നാൽ 2013-2019 കാലത്ത് കാർഷികേതര മേഖലയിൽ ഒരുവർഷം ശരാശരി സൃഷ്ടിക്കപ്പെട്ട തൊഴിൽ 29 ലക്ഷം മാത്രമാണ്.
- കോവിഡിനുമുമ്പ് ഗ്രാമീണ മേഖലയിലെ യുവാക്കൾ വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിലിനായി നഗരപ്രദേശങ്ങളിലേക്ക് പോയിരുന്നു. എന്നാൽ ഇപ്പോൾ സ്ഥിതി മറിച്ചാണ്. നേരത്തെ നഗരത്തിലേക്ക് പോയവർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ സ്ഥിതിയിലാണ്.

# ലോക്ഡൗണിനുശേഷം 15 ലക്ഷം സ്ത്രീകൾക്ക് ഇന്ത്യയിൽ തൊഴിൽ നഷ്ടപ്പെട്ടു

- **'സ്റ്റേറ്റ് ഓഫ് ഇന്ത്യ ലൈവ്‌ലിഹുഡ് റിപ്പോർട്ട്'** പറയുന്നത് ലോക് ഡൗണിനുശേഷം ഇന്ത്യയിൽ 15 ലക്ഷം സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നാണ്. കഴിഞ്ഞ വർഷം മാത്രം മൊത്തം നഷ്ടപ്പെട്ട തൊഴിൽ 63 ലക്ഷമാണെന്നും റിപ്പോർട്ട് പറയുന്നു.
- അനൗദ്യോഗിക മേഖലയിലെ അസംഘടിത വിഭാഗം ഗ്രാമീണ സ്ത്രീകളിൽ 71% പേർക്ക് കഴിഞ്ഞ വർഷം തൊഴിൽ നഷ്ടമായി. പുരുഷന്മാരുടെ തൊഴിൽനഷ്ടം 59% ആയിരുന്നു. യുവാക്കൾക്കാണ് ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടപ്പെട്ടതും തൊഴിൽ ലഭിക്കാതെ വന്നതും.
- സെപ്റ്റംബർ 2021-ൽ തൊഴിലില്ലായ്മ നിരക്ക് 8.3% ആയിരുന്നെങ്കിലും യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് ആഗസ്റ്റ് 2021-ൽ 32% ആയിരുന്നു. തൊഴിലെടുക്കാൻ കഴിയുന്ന പുരുഷന്മാരിൽ മൂന്നിലൊന്നു പേരും സ്ത്രീകളിൽ പത്തിൽ ഒൻപത് പേരും ഇന്ത്യയിൽ തൊഴിൽ ശക്തിയുടെ ഭാഗമാകുന്നില്ല എന്നും റിപ്പോർട്ട് പറയുന്നു.



- വലിയ തകർച്ചയുണ്ടായത് കുടിയേറ്റ തൊഴിലാളി മേഖലയിലാണ്. തൊഴിൽ നഷ്ടപ്പെട്ട് അവരവരുടെ ദേശങ്ങളിലേക്ക് തിരിച്ചുപോയ തൊഴിലാളികളിൽ ഭൂരിപക്ഷവും ഇപ്പോഴും തൊഴിലില്ലാതെ സ്വന്തം പ്രദേശങ്ങളിൽ ജീവിക്കാൻ നിർബന്ധിതരായിരിക്കുകയാണ്.

# കിട്ടാക്കടത്തിൽ ബാങ്കുകൾ; 10 വർഷത്തിൽ എഴുതിത്തള്ളിയത് 11.68 ലക്ഷം കോടി

കഴിഞ്ഞ സാമ്പത്തികവർഷം രാജ്യത്തെ ബാങ്കുകൾ എഴുതിത്തള്ളിയത് 2.02 ലക്ഷം കോടി രൂപയുടെ കിട്ടാക്കടം. ഇതോടെ 10 വർഷത്തിൽ ബാങ്കുകൾ എഴുതിത്തള്ളിയ കിട്ടാക്കടം 11.68 ലക്ഷം കോടിയായി. ഇതിൽ 10.72 ലക്ഷം കോടി രൂപയും മോദി സർക്കാർ അധികാരത്തിൽ വന്ന ശേഷമാണെന്ന് വിവരാവകാശ നിയമപ്രകാരം റിസർവ് ബാങ്ക് നൽകിയ മറുപടിയിൽ പറയുന്നു.




ബാങ്കുകൾ ഭക്ഷ്യ ഇതരമേഖലയിൽ മൊത്തം നൽകിയ വായ്പകളുടെ 10 ശതമാനത്തോളം തുകയാണ് 10 വർഷത്തിനിടെ എഴുതിത്തള്ളിയത്. 110.79 ലക്ഷം കോടി രൂപയാണ് ഭക്ഷ്യ ഇതര മേഖലയിലെ മൊത്തം വായ്പ. നടപ്പുവർഷത്തെ ബജറ്റ് പ്രകാരം വിപണിയിൽനിന്ന് കേന്ദ്രം കടമെടുക്കാൻ ഉദ്ദേശിക്കുന്നത് 12.05 ലക്ഷം കോടി രൂപയാണ്. ഏതാണ്ട് ഇത്രത്തോളം വരുന്ന തുകയാണ് വേണ്ടെന്നുവച്ചത്.

എഴുതിത്തള്ളലിൽ 75 ശതമാനവും നടത്തിയത് പൊതുമേഖലാ ബാങ്കുകൾ. 2019-20ൽ 2.34 ലക്ഷം കോടി, 2018-19ൽ 2.36 ലക്ഷം കോടി, 2017-18ൽ 1.61 ലക്ഷം കോടി, 2016-17ൽ 1.08 ലക്ഷം കോടി എന്ന ക്രമത്തിൽ ബാങ്കുകൾ എഴുതിത്തള്ളി. കിട്ടാക്കടം വരുത്തിയവരുടെ പേര് ബാങ്കുകൾ വെളിപ്പെടുത്തിയിട്ടില്ല. വൻകിടക്കാരാണ് വായ്പ മുടക്കിയവരിൽ ഏറിയപങ്കും.എഴുതിത്തള്ളുന്നതോടെ വായ്പത്തുക തിരിച്ചുപിടിക്കാനുള്ള സാധ്യത അവസാനിപ്പിക്കുന്നില്ലെന്നും അക്കൗണ്ട് കൃത്യമാക്കാൻ കിട്ടാക്കടം മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നതെന്നും ബാങ്കുകൾ വാദിക്കുന്നു. എന്നാൽ, 15-20 ശതമാനത്തിൽ കൂടുതൽ തുക ഇത്തരത്തിൽ തിരിച്ചുപിടിക്കാറില്ല.

# ഡൽഹിയിൽ തൊഴിലാളികളുടെ വൻപണിമുടക്ക്

2021 നവംബർ 25ന് ഡൽഹിയിൽ വിവിധ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ വൻപണിമുടക്ക് നടന്നു. സിഐടിയു പണിമുടക്കിൽ നല്ല രീതിയിൽ പങ്കെടുക്കുകയും ഇടപെടുകയും ചെയ്തു. പതിനൊന്നിന ചാർട്ടർ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു സമരം. പുതുതായി രൂപീകരിച്ച നാലു ലേബർ കോഡുകൾ റദ്ദാക്കുക, മാസത്തിൽ 7500 രൂപ സഹായധനം കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അനുവദിക്കുക, മിനിമം വേതനം നടപ്പാക്കി ഉറപ്പു വരുത്തുക, വേതനം വെട്ടിക്കുറയ്ക്കൽ അവസാനിപ്പിക്കുക തുടങ്ങി 11 ഇനങ്ങളടങ്ങിയ ആവശ്യങ്ങളാണ് തൊഴിലാളികൾ ഉയർത്തിയത്.

ഏകദേശം ഏഴു ലക്ഷത്തോളം തൊഴിലാളികൾ പണിമുടക്കിൽ പങ്കെടുത്തു. ഡൽഹിയിലെ പ്രധാന വ്യവസായ മേഖലകളായ ഗാസിയാബാദ്, ഗൗതം ബുദ്ധാനഗർ, ഡൽഹി NCR തുടങ്ങിയ മേഖലകളിലെല്ലാം പണിമുടക്ക് വൻവിജയമായി. ഡൽഹി പ്രദേശത്തെ 95 ശതമാനം തൊഴിലാളികൾക്കും മിനിമം വേതനം ലഭിക്കുന്നില്ല. കോവിഡ് കാലത്ത് മിക്ക ഫാക്ടറികളിലും 20 മുതൽ 30 ശതമാനം വരെ കൂലിയിൽ കുറവ് ചെയ്തു. തൊഴിൽ നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തി ശരാശരി മാസം 8000 രൂപക്ക് പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യേണ്ട സ്ഥിതിയാണ് തൊഴിലാളികൾക്കുള്ളത്. സ്ത്രീ തൊഴിലാളികൾക്ക് 5000 രൂപ വരെയാണ് മാസം കൂലി. ലേബർ ഓഫീസുകളുടെ എണ്ണവും ലേബർ ഓഫീസർമാരുടെ എണ്ണവും വെട്ടിക്കുറച്ചതുമൂലം തൊഴിൽശാലകളിലെ നിരീക്ഷണവും ഇൻസ്പെക്ഷനും വളരെ കുറഞ്ഞു. ഈ സാഹചര്യമാണ് തൊഴിലാളികളെ കൊള്ളയടിക്കാൻ മുതലാളിമാർക്ക് അവസരം നൽകിയത്.

# സംസ്ഥാന സർക്കാരിനെതിരായ കള്ളവാദങ്ങൾ തള്ളിക്കളയുക

**യഥാർഥത്തിൽ പെട്രോൾ, ഡീസൽ വിലക്കയറ്റത്തിന് ഉത്തരവാദി ആരാണ്? കേന്ദ്ര ഗവൺമെന്റല്ലേ. എണ്ണവിലയുടെ നിയന്ത്രണം എടുത്തുകളഞ്ഞത് കോൺഗ്രസല്ലേ? നമ്മുടെ രാജ്യത്തിലെ പ്രകൃതിവിഭവങ്ങളെ ആകെ കൊള്ള യടിക്കാനുള്ള അവസരമുണ്ടാക്കി കൊടുത്തത് കോൺഗ്രസാണ്. ഇപ്പോൾ ആ കോൺഗ്രസുകാർ ബിജെപിക്കുവേണ്ടി ഇതിന് ഉത്തരവാദി സംസ്ഥാന ഗവൺമെന്റാണെന്ന് പ്രചരിപ്പിക്കുന്നു.**



**പി.നന്ദകുമാർ**

സംസ്ഥാന സർക്കാരിന്റെ സുഗമമായ പ്രവർത്തിന് ആവശ്യമായ വിഭവ സമാഹരണം വളരെ പ്രയാസകരമാണെന്ന് നമുക്കറിയാം. ജൂലൈ മാസത്തിൽ ജിഎസ്ടി കോമ്പൻസേഷൻ ഇല്ലാതാകുന്നതോടെ സംസ്ഥാനങ്ങളുടെ റവന്യൂവരുമാനം വർധിപ്പിക്കുന്നതിന് പുതിയ മാർഗങ്ങൾ തേടേണ്ടിയിരിക്കുകയാണ്. നോൺ ടാക്സ് റവന്യൂ എങ്ങനെ വർധിപ്പിക്കാമെന്ന് ആലോചിക്കണം. ഈ പ്രയാസകരമായ സാഹചര്യത്തിലൂടെ സംസ്ഥാന കടന്നുപോകുമ്പോഴാണ് സംസ്ഥാന വരുമാനം ഇല്ലാതാക്കി ജനങ്ങളുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തി സാധാരണക്കാരനെ സർക്കാരിനെതിരായി എങ്ങനെ തിരിച്ചുവിടാമെന്നാണ് പ്രതിപക്ഷം ആലോചിച്ചുകൊണ്ടിരിക്കുന്നത്. 'മകൻ മരിച്ചാലും മരുമകളുടെ കണ്ണീർ കണ്ടാൽ മതി ' എന്നു പറയുമ്പോലെയാണ് പ്രതിപക്ഷത്തിന്റെ സമീപനം.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർധനവും അതുസംബന്ധിച്ച് പല വികലമായ വാദമുഖങ്ങളും സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തെപ്പറ്റി പറയുമ്പോൾ എല്ലാവശവും പരിശോധിക്കേണ്ടതുണ്ട്. അതിന്റെ ആഗോളമാനം, കറൻസിയും എണ്ണയും തമ്മിലുള്ള ബന്ധം, പരമാധികാരമുള്ള രാജ്യങ്ങളുടെ കറൻസി എങ്ങനെ ബാധിക്കുമെന്ന പ്രശ്നം, വിലക്കയറ്റം, ബിഓടി, കേന്ദ്രസംസ്ഥാന ബന്ധങ്ങൾ, അതിലെടുക്കുന്ന സമീപനങ്ങൾ, സ്റ്റേറ്റ് ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി തുടങ്ങി എല്ലാം വ്യക്തമായി പരിശോധിക്കാതെ പ്രതിപക്ഷം ഇവിടെ സംസ്ഥാന ഗവൺമെന്റിനെ മാത്രം കടന്നാക്രമിക്കുന്ന രൂപത്തിലുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചിലർക്കെങ്കിലും ഇതിന്റെ പ്രശ്നങ്ങൾ മനസിലാകാത്തതുകൊണ്ടല്ല, എന്നാൽ സങ്കുചിതമായ രാഷ്ട്രീയം കാരണം അവർ ശരിയായ രൂപത്തിൽ വിഷയങ്ങളെ കാണാൻ തയ്യാറാകുന്നില്ല എന്നതാണ് വസ്തുത.

പെട്രോളിയം നികുതിയായി സംസ്ഥാനത്തിന് തുച്ഛമായ വരുമാനം മാത്രമാണ് ലഭിക്കുന്നത്. പഞ്ചാബ് സംസ്ഥാനത്ത് പെട്രോളിയം നികുതി കുറച്ചു. എന്തുകൊണ്ട് കേരളത്തിൽ നികുതി കുറയ്ക്കുന്നില്ലെന്ന് ഇവിടെ പ്രതിപക്ഷം പറയുന്നതു കേട്ടു. ഇവിടെ ലഭിക്കുന്ന വരുമാനം ക്ഷേമൈശ്വര പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത്. പാവപ്പെട്ടവർക്ക് പെൻഷൻ നൽകാൻ, ക്ഷയരോഗികൾക്കും മറ്റും പെൻഷൻ നൽകാൻ, ആരോഗ്യ മേഖലയ്ക്ക്, പ്രവാസികളെ സഹായിക്കാൻ ഇങ്ങനെ പാവപ്പെട്ടവരെയും സാധാരണക്കാരെയും സഹായിക്കുന്നതിന് വേ

ണ്ടിയാണ് സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും വിനിയോഗിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ നിരവധി തവണ നികുതി കുറച്ചുവെന്നതാണ് മറ്റൊരു വാദം. ഈ രണ്ട് വാദവും നമുക്ക് പരിശോധിക്കാം. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് നികുതി കുറച്ച കണക്ക് പരിശോധിക്കുകയാണെങ്കിൽ വാദമുഖത്തിന്റെ കള്ളത്തരം പുറത്തുവരും. 2011ൽ ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോളിന് കേന്ദ്രനികുതി 15 രൂപയും സംസ്ഥാന നികുതി 29.1 രൂപയുമായിരുന്നു. 2016ൽ ഉമ്മൻചാണ്ടി അധികാരം ഒഴിയുമ്പോൾ കേന്ദ്ര നികുതി 21.48 രൂപയും സംസ്ഥാന നികുതി 31.8 രൂപയുമായിരുന്നു. വർധനവ് കേന്ദ്ര നികുതിയിൽ 45 ശതമാനവും സംസ്ഥാന നികുതിയിൽ 10 ശതമാനവുമാണ്. പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ 2016ൽ കേന്ദ്ര നികുതി 21.48 രൂപയും സംസ്ഥാന നികുതി 31.8 രൂപയുമായിരുന്നു. ഒരു മാറ്റവുമില്ല. ഇപ്പോഴത്തെ കേന്ദ്ര നികുതി 27.9 രൂപയും സംസ്ഥാന നികുതി 30.8 രൂപയുമാണ്. കേന്ദ്ര നികുതിയിൽ 30 ശതമാനത്തിന്റെ വർധനവും സംസ്ഥാന നികുതിയിൽ 0.05 ശതമാനത്തിന്റെ കുറവുമാണ്. ഡീസലിന്റെ കാര്യത്തിൽ ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിൽ വരുമ്പോൾ 2011ൽ കേന്ദ്ര നികുതി 2 രൂപയും സംസ്ഥാന നികുതി 24.69 രൂപയുമായിരുന്നു. ഉമ്മൻചാണ്ടി സർക്കാർ അധികാരം ഒഴിയുമ്പോൾ കേന്ദ്ര നികുതി 17.33 രൂപയും സംസ്ഥാന നികുതി 24.52 രൂപയുമായിരുന്നു. കേന്ദ്ര നികുതിയിൽ വർധനവ് 74 ശതമാനവും സംസ്ഥാന നികുതിയിൽ (1) ശതമാനവുമാണ്. പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കേന്ദ്ര നികുതി 17.33 രൂപയും സംസ്ഥാന നികുതി 24.52 രൂപയുമായിരുന്നു. ഇപ്പോൾ കേന്ദ്ര നികുതി 21.83 രൂപയും സംസ്ഥാന നികുതി 22.76 രൂപയുമാണ്. കേന്ദ്ര നികുതിയുടെ വർധനവ് 26 ശതമാനവും സംസ്ഥാന നികുതിയുടെ വർധനവ് 7 ശതമാനവുമാണ്. എവിടെയാണ് സംസ്ഥാന സർക്കാർ നികുതി വർധിപ്പിച്ചിട്ടുള്ളത്. അര ശതമാനമെങ്കിലും വർധിപ്പിച്ചിട്ടുണ്ടോ ? കേരളത്തിലെ നികുതി വർധിപ്പിച്ചതിനെ സംബന്ധിച്ച് കണക്കു പറയുമ്പോൾ വസ്തുതാപരമായി സംസാരിക്കണം. കേന്ദ്രം നികുതി വർധിപ്പിച്ചപ്പോൾ സംസ്ഥാനത്ത് ഉമ്മൻചാണ്ടി സർക്കാർ ഭരിക്കുമ്പോൾ വർധിപ്പിച്ചതിന്റെ കണക്ക് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2010 ജനുവരിയിൽ കേന്ദ്ര സർക്കാർ പെട്രോളിന്റെ നികുതി 13.34 രൂപയിൽ നിന്ന് 17.4 രൂപയായി വർധിപ്പിച്ചു. ഈ വർധനവ് 4.12 രൂപയാണ്. ഉമ്മൻചാണ്ടി സർക്കാർ 2015 ജനുവരിയിൽ പെട്രോളിന്റെ നികുതി 28.72ൽ നിന്നും 29.92 ശതമാനമായി വർധിപ്പിച്ചു. പ്രതിപക്ഷം അത് വിസ്മരിക്കുകയാണ്. ഇതേ അവസ്ഥയാണ് ഡീസലിന്റെ കാര്യത്തിലും ഉണ്ടായിട്ടുള്ളത്. 6.14 രൂപയിൽ നിന്ന് 10.2 രൂപയായി വർധിപ്പിച്ചപ്പോൾ, വർധനവ് 4 രൂപ. ഉമ്മൻചാണ്ടി സർക്കാർ 22.7ൽ നിന്ന് 23.23 ശതമാനമായി വർധിപ്പിച്ചു. ഇതുകൂടാതെ അതേ ഫെബ്രുവരിയിൽ തന്നെ പെട്രോളിന് 3.18 ശതമാനം വർധിപ്പിച്ച് 24.5 ശതമാനമാക്കി. ഇതാണ് അടിസ്ഥാനപരമായ കാര്യം. ഇതു വിസ്മരിച്ചുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ വസ്തുതാപരമല്ലാത്ത കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുകയാണ്. ഞാൻ അതിന്റെ വിശദമായ കണക്കിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല.

മറ്റൊരു വാദം ഇവിടെ പറഞ്ഞത് പഞ്ചാബിനെ പറ്റിയാണ്. പഞ്ചാബ് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമാണ്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തെ സ്ഥിതി പരിശോധിക്കേണ്ടേ? പഞ്ചാബും കേരളവും തമ്മിൽ താരതമ്യം നടത്തണം. സംസ്ഥാന വരുമാനത്തിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മേഖലയിൽ നമ്മൾ 14.7 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് വിദ്യാഭ്യാസ മേഖലയിൽ 11.6 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം ആരോഗ്യ മേഖലയിൽ 6.5 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് ആരോഗ്യ മേഖലയിൽ 4 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം റൂറൽ ഡവലപ്പ്മെന്റ് മേഖലയിൽ 4.3 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് റൂറൽ ഡവലപ്പ്മെന്റ് മേഖലയിൽ 2.2 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം റോഡ് വികസനത്തിന് 3 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് റോഡ് വികസനത്തിന് 1.6 ശതമാനമാണ് വിനിയോഗിക്കുന്നത്. ആകെ പഞ്ചാബ് വർധിപ്പിച്ചിട്ടുള്ളത് പോലീസിന്റെ കാര്യത്തിലാണ്. കേരളം 2.7 ശതമാനം വിനിയോഗിക്കുമ്പോൾ പഞ്ചാബ് 6 ശതമാനമാണ് വിനിയോഗിക്കുന്നത്. കേരളം ബജറ്റിൽ സാമൂഹ്യ സുരക്ഷാ മേഖലയിൽ 11,058 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചപ്പോൾ, പഞ്ചാബിൽ സാമൂഹ്യ സുരക്ഷാമേഖലയിൽ 6,562 കോടി രൂപയാണ് ചെലവഴിക്കാൻ തീരുമാനിച്ചത്.

കേരളത്തിന്റെ വരുമാനത്തിന്റെ മഹാഭൂരിപക്ഷവു വികസന മേഖലക്കാണ് വിനിയോഗിക്കുന്നത്. വസ്തുതാപരമായി യാഥാർഥ്യ ബോധത്തോടെ പ്രശ്നങ്ങളെ കാണാൻ അവർ തയ്യാറാകുന്നില്ല. കമ്യൂണിസ്റ്റ് വിരോധം വച്ചുപുലർത്തി അന്ധമായ രൂപത്തിൽ എതിർക്കുക മാത്രമാണ് ചെയ്യുന്നത്. ഇവിടെ എണ്ണവിലയെ ആധാരമാക്കി നടത്തിയ അധരവ്യായാമം യഥാർഥത്തിൽ സത്യം മറച്ചുവയ്ക്കുകയാണ്. യഥാർഥത്തിൽ പെട്രോൾ, ഡീസൽ വിലക്കയറ്റത്തിന് ഉത്തരവാദി ആരാണ് ? കേന്ദ്ര ഗവൺമെന്റല്ലേ. 1984ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരുന്നപ്പോൾ ഇന്ത്യൻ പാർലമെന്റിൽ പ്രസംഗം നടത്തിയത് നമുക്കെല്ലാവർക്കും ഓർമ്മയുണ്ടല്ലോ? ഇന്ത്യ എണ്ണമേഖലയിൽ സ്വാശ്രയത്വം കൈവരിക്കാൻ പോകുകയാണ്, പെട്രോളിയം ഉൽപ്പന്നങ്ങൾ കണ്ടെത്തിയിരിക്കുന്നു, അതിന് അടിസ്ഥാനമായി പറഞ്ഞത് ONGC (Oil and Natural Gas Corporation Ltd) ഗോദാവരി മേഖലയിൽ എണ്ണപ്പാടം കണ്ടെത്തിയെന്നൊക്കായാണ്. ആ എണ്ണപ്പാടങ്ങൾ കോൺഗ്രസ് സർക്കാർ ആർക്കാണ് കൊടുത്തത് അംബാനിക്ക്. അംബാനി ഇന്ന് ഏഷ്യയിലെ ഏറ്റവും വലിയ മുതലാളിയാണ്. ഇത് കോൺഗ്രസ് അല്ലേ കൊടുത്തത്. എണ്ണവിലയുടെ നിയന്ത്രണം എടുത്തുകളഞ്ഞത് കോൺഗ്രസല്ലേ? ജയ്പാൽ റെഡ്ഡിയെപ്പറ്റി സഭയിൽ ചർച്ച വന്നു. ജയ്പാൽ റെഡ്ഡി മാറാനുള്ള കാരണമെന്താണ് ? അന്ന് കൃത്രിമമായി എണ്ണവില വർധിപ്പിച്ച് കൊള്ളയടിക്കാൻ അംബാനി നടത്തിയ ശ്രമത്തെ പരാജയപ്പെടുത്തുകയും 7000 കോടി ഡോളറിന്റെ കച്ചവടം ബ്രിട്ടീഷ് പെട്രോളിയം കമ്പനിയിൽ നടത്തിയപ്പോൾ അത് തടയുകയും ചെയ്തതു കൊണ്ടാണ് അന്ന് പെട്രോളിയം വകുപ്പ് മന്ത്രി സ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റിയത്. അതാർക്കാണ് അറിയാത്തത്. അതു സംബന്ധിച്ച് ഒരുപാട് പത്രങ്ങൾ മുഖപ്രസംഗം എഴുതിയതല്ലേ ? Paranjoy Guha Thakurta യുടെ Gas War എന്ന ഒരു പ്രസിദ്ധമായ പുസ്തകമുണ്ട്. അതിന്റെ ആമുഖത്തിൽ സി & എ. ജിയുടെ ഒരു ക്വട്ടേഷൻ വന്നിട്ടുണ്ട്. അതിൽ പറയുന്നത്, the company had reaped huge profits thanks to the acts of commission and omission of a number of influential ministers and bureaucrats. The exchequer had been cheated because the government had failed to act as an impartial custodian of resources that belong to the people of India എന്നാണ്. നമ്മുടെ രാജ്യത്തിന്റെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നതിന് കൂട്ടുനിന്നവരാണ് കോൺഗ്രസുകാരെന്ന് അതിൽ പച്ചയായി എഴുതിവച്ചിരിക്കുകയാണ്. ആ മന്ത്രിമാരെപ്പറ്റിയാണ് പറയുന്നത്. സി ആന്റ് എ.ജി റിപ്പോർട്ടിലെ വാചകങ്ങൾ ക്വാട്ട് ചെയ്തുകൊണ്ടാണ് ആ പുസ്തകം എഴുതിയിരിക്കുന്നത്. ആർക്കെങ്കിലും അത് നിഷേധിക്കാൻ സാധിക്കുമോ ? നമ്മുടെ രാജ്യത്തിലെ പ്രകൃതിവിഭവങ്ങളെ ആകെ കൊള്ളയടിക്കാനുള്ള അവസരമുണ്ടാക്കി കൊടുത്തത് കോൺഗ്രസാണ്. ഇപ്പോൾ ആ കോൺഗ്രസുകാർ ബിജെപിക്കുവേണ്ടി ഇതിന് ഉത്തരവാദി സംസ്ഥാന ഗവൺമെന്റാണെന്നാണ് പ്രചരിപ്പിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് നികുതി കുറയ്ക്കണം. സംസ്ഥാനത്തിന്റെ വരുമാനമെന്താണ് ? സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം പരിമിതമാണ്. നികുതി പോലും പിരിക്കാനുള്ള അവകാശം സംസ്ഥാനത്തില്ല. പെട്രോളിൽനിന്നും മദ്യത്തിൽനിന്നും ലഭിക്കുന്ന തുക മാത്രമാണുള്ളത്. ഇത്തരം കള്ളവാദങ്ങൾ തുറന്നുകാണിക്കാനും യാഥാർഥ്യബോധത്തോടെ സമീപിക്കാനും കോൺഗ്രസുകാർ തയ്യാറാകണം. കേന്ദ്ര സംസ്ഥാന ബന്ധങ്ങളെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണെന്നും ഭാവിയിലെങ്കിലും ഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നവരാണല്ലോ നിങ്ങളൊക്കെയെന്ന് ബഹുമാന്യനായ ധനകാര്യവകുപ്പ് മന്ത്രി പ്രതിപക്ഷാംഗങ്ങളോട് ചോദിക്കുകയുണ്ടായി. അവർക്ക് ആ പ്രതീക്ഷയില്ല. ഈ ജന്മം അവർ വരില്ലെന്ന് പൂർണമായി ബോധ്യമുള്ളതു കൊണ്ടാണ് സംസ്ഥാന ഗവൺമെന്റിനെ പോലും എതിർക്കുന്നത്. യഥാർഥ പ്രശ്നത്തെ, സമീപിക്കാൻ അവർ തയ്യാറല്ല. ഈ പ്രശ്നത്തിൽ ഗൗരവതരമായ സമീപനമെടുക്കാൻ കോൺഗ്രസ് തയ്യാറാകണമെന്ന് വീണ്ടും അഭ്യർഥിക്കുകയാണ്. കാരണം അവർ ഇന്ത്യയിലെ പ്രധാനപ്പെട്ട പ്രതിപക്ഷ പാർടിയാണ്. ആ പാർടി ശരിയായ സമീപനമെടുക്കണം. അവർ തിരുത്തണം. അവർ അവരുടെ നയസമീപനം മാറ്റണം. യാഥാർഥ്യബോധത്തോടെ പ്രശ്നങ്ങളെ കാണാൻ അവർക്ക് കഴിയണം. അത്തരം സമീപനങ്ങൾ കോൺഗ്രസിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനയെ ഞാൻ പിന്തുണയ്ക്കുന്നു. ●

20 ലക്ഷം തൊഴിൽ പദ്ധതിക്ക് അംഗീകാരം

# കെ-ഡിസ്ക് പദ്ധതി സമീപനരേഖ അംഗീകരിച്ചു



അഞ്ചുവർഷത്തിൽ 20 ലക്ഷംപേർക്ക് തൊഴിൽ ഉറപ്പാക്കുന്ന കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതിക്ക് സർക്കാർ അംഗീകാരം. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ(കെ ഡിസ്ക്) തയ്യാറാക്കിയ പദ്ധതി സമീപനരേഖ മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകരിച്ചു. കെ ഡിസ്ക്കിന് കീഴിലാകും മിഷൻ പ്രവർത്തിക്കുക. വിശദ പദ്ധതി രേഖ തയ്യാറാക്കാൻ അനുമതി നൽകി.

പദ്ധതിക്കായി കെ ഡിസ്ക്കിന് ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, അന്താരാഷ്ട്ര ധനകാര്യകോർപറേഷൻ എന്നിവരോട് ധന സമാഹരണ മാർഗം തേടാം. ഈ ഏജൻസികളുമായി പ്രാഥമിക ആലോചന ആരംഭിക്കാനും മന്ത്രിസഭാ യോഗം അനുമതി നൽകി. 10,600 കോടി രൂപയാണ് പദ്ധതി അടങ്കൽ. സംസ്ഥാന ബജറ്റിൽ 300 കോടി നീക്കിവച്ചിട്ടുണ്ട്. നൈപുണി പരിശീലനം, ഇതിന് അടിസ്ഥാന സൗകര്യം, പിഎഫും ഇൻഷുറൻസും, തൊഴിലിട സജ്ജീകരണം എന്നിവയ്ക്കാണ് 5000 കോടി. സ്കിൽ സിറ്റി, സ്കിൽ ലൈസിയം, ടാലന്റ് പൂൾ രൂപീകരണം എന്നിവയ്ക്ക് 5600 കോടിയും.

### നൈപുണി വികസന ജനകീയ പ്രചാരണം

65 ലക്ഷം കുടുംബത്തിലേക്ക് നൈപുണി വികസന പ്രചാരണമെത്തിക്കും. തൊഴിൽ മുടങ്ങിയ അഞ്ചുലക്ഷം വനിതകൾ, 40 ലക്ഷത്തോളം വിദ്യാസമ്പന്നർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത 16 ലക്ഷം പേർ എന്നിങ്ങനെയുണ്ട്. പ്രചാരണത്തിൽ കുടുംബശ്രീ, സംഘടനകൾ, സർക്കാർ സർക്കാരേതര സ്ഥാപനങ്ങൾ എന്നിവർ പങ്കാളിയാകും.അഞ്ചുവർഷത്തിൽ 35 ലക്ഷം പേർക്ക് നൈപുണി പരിശീലനം ഉറപ്പാക്കും. നിലവിൽ വർഷം ഒന്നരലക്ഷമാണ്. വ്യവസായ അനുയോജ്യ പരിശീലനമാണ് ഉറപ്പാക്കുക. വീട്ടിലിരുന്ന് ജോലി, വീടിനടുത്ത് ജോലി എന്നിവയും പദ്ധതി ലക്ഷ്യമാണ്.

## നിർമ്മാണത്തൊഴിലാളികളുടെ ദ്വിദിന ദേശീയ പണിമുടക്ക്

കേന്ദ്ര സർക്കാരിന്റെ ദ്രോഹനയങ്ങൾക്കെതിരെ രാജ്യമാകെ കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (സിഐടിയു) ആഹ്വാനംചെയ്ത നിർമാണത്തൊഴിലാളികളുടെ ദ്വിദിന പണിമുടക്ക് ഡിസംബർ 2, 3 തീയതികളിൽ നടന്നു. നിർമാണമേഖലയാകെ സ്തംഭിപ്പിച്ച് പണിമുടക്കിയ തൊഴിലാളികൾ 90 കേന്ദ്രങ്ങളിൽ മാർച്ചും ധർണയുംനടത്തി. ഒരുലക്ഷത്തിലേറെ തൊഴിലാളികൾ അണിനിരന്നു.

ക്ഷേമനിധി വഴി നൽകുന്ന പെൻഷന്റെ സാമ്പത്തികബാധ്യത കേന്ദ്രസർക്കാർ വഹിക്കുക, 1996ലെ നിർമാണ തൊഴിലാളി സെസ് നിയമം സംരക്ഷിക്കുക, മൈഗ്രൻഡ് വർക്കേഴ്സ് നിയമവും ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമവും എല്ലാ തൊഴിലാളികൾക്കും ബാധകമാക്കുക, നിർമാണ സാമഗ്രികളുടെ വിലക്കയറ്റം തടയുക, എല്ലാ തൊഴിലാളി കുടുംബത്തിനും മാസം 7500 രൂപയും 10 കിലോ ഭക്ഷ്യധാന്യവും നൽകുക തുടങ്ങിയവ ഉന്നയിച്ചാണ് പണിമുടക്ക്.

# പാർട്ടിയും ട്രേഡ് യൂണിയനുകളും തമ്മിലുള്ള പരസ്പര ബന്ധം



**രാഷ്ട്രീയ പ്രശ്നങ്ങളിൽ എന്ന പോലെതന്നെ സംഘടനാ പ്രശ്നങ്ങളിലും സാമ്പത്തിക സമരവാദികൾ എപ്പോഴും സോഷ്യൽ ഡെമോക്രസിയിൽ നിന്ന് ട്രേഡ് യൂണിയനിസത്തിലേക്ക് വഴുതിപ്പോകുന്നു. തൊഴിലുടമകൾക്കും ഗവൺമെന്റിനും എതിരായ വിദഗ്ധരായ തൊഴിലാളികളുടെ സാമ്പത്തിക സമരത്തേക്കാൾ വളരെയേറെ വ്യാപകവും സങ്കീർണവുമായ ഒന്നാണ് സോഷ്യൽ ഡെമോക്രസിയുടെ രാഷ്ട്രീയ സമരം. അതുപോലെ തന്നെ ഇത്തരം സമരത്തിനുള്ള തൊഴിലാളി സംഘടനയുടെ അനിവാര്യമായും വ്യത്യസ്തമായ തരത്തിൽ പെട്ട ഒന്നായിരിക്കണം.**



എൻ.പത്മലോചനൻ

നമ്മുടെ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് തൊഴിലാളിവർഗ്ഗത്തിന്റെ മുഖ്യ സംഘടന. രാഷ്ട്രീയമായി ഏറ്റവും അഭിവൃദ്ധി പ്രാപിച്ച തൊഴിലാളിവർഗ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന, തൊഴിലാളികൾക്ക് നിർണായകമായ താൽപര്യങ്ങളുള്ള എല്ലാ പ്രശ്നങ്ങളുമായി, ബന്ധപ്പെടുത്തുന്ന, മുതലാളിത്തത്തിന്റെ എല്ലാ പ്രത്യയശാസ്ത്രപരവും സാമ്പത്തികവും രാഷ്ട്രീയവുമായ നിയന്ത്രണങ്ങളെ ആക്രമിക്കുന്ന പാർട്ടി. തൊഴിലാളികളുടെ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന മുതലാളിത്തത്തിനെ നിർമാർജനം ചെയ്യുന്നതിനും സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനും തൊഴിലാളിവർഗ്ഗത്തെ നയിക്കുന്നതിനും തികച്ചും അനുയോജ്യമായ സംഘടനയാണ്. ഇതാണ് ലെനിന്റെ പുതിയ തരത്തിൽപ്പെട്ട പാർട്ടി. ”തൊഴിലാളിവർഗ്ഗത്തെ മുന്നണിപ്പട”.

റിവിഷനിസ്റ്റുകൾ, ബ്യൂറോക്രാറ്റുകൾ, ഇത്തരക്കാർ മാർഗ്ഗദർശകരായ ഒരു പാർട്ടി കെട്ടിപ്പടുക്കുന്നതിൽ ഇടയാക്കുന്ന എല്ലാ പ്രവണതകളെയും ചെറുത്തുതോൽപ്പിക്കാൻ സദാ ജാഗരൂകരായിരുന്നു. എല്ലാ രാജ്യങ്ങളിലും ഈ പോരാട്ടം പല രൂപങ്ങളിൽ ദീർഘകാലം നിലനിന്നിരുന്നു. പാർടിയും യൂണിയനുകളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് എപ്പോഴും പ്രസക്തമായ പ്രശ്നങ്ങളെ കുറിച്ച് 1907 സ്റ്റുട്ഗർട്ടിൽ ചേർന്ന രണ്ടാം ഇൻറർനാഷണൽ കോൺഗ്രസിൽ  ചൂടുപിടിച്ച ചർച്ച നടന്നു. പ്രസ്തുത സമ്മേളനം പാസാക്കിയ പ്രമേയം പാർട്ടിയോടുള്ള ട്രേഡ് യൂണിയനുകളുടെ പക്ഷപാതരാഹിത്യം എന്നറിയപ്പെടുന്ന നയമായിരുന്നു.

സാമ്പത്തിക വാദികളുടെ പ്രാകൃതവും വിപ്ലവകാരികളുടെ സംഘടനയും എന്ന വിഷയത്തെക്കുറിച്ച് ലെനിന്റെ അഭിപ്രായം പരിശോധിക്കാം.

"ഒരു സോഷ്യൽ ഡെമോക്രാറ്റിക്കിനെ സംബന്ധിച്ചിടത്തോളം എല്ലാം രാഷ്ട്രീയ സമരം എന്ന ധാരണ തൊഴിൽ ഉടമകൾക്കും ഗവൺമെന്റിനും എതിരായ സാമ്പത്തിക സമരം എന്ന ധാരണക്ക് തുല്യമാണെങ്കിൽ, വിപ്ലവകാരികളുടെ സംഘടന എന്ന ധാരണക്ക് തുല്യമായിരിക്കും എന്ന് സ്വാഭാവികമായും പ്രതീക്ഷിക്കാവുന്നതാണ്. വാസ്തവത്തിൽ സംഭവിക്കുന്നതും അത് തന്നെയാണ്. അതുകൊണ്ട് സംഘടനയെ പറ്റി പറയുമ്പോൾ നമ്മൾ അക്ഷരാർത്ഥത്തിൽ തന്നെ രണ്ടു ഭാഷകളിലാണ് സംസാരിക്കുന്നത്. ഉദാഹരണത്തിന് ഏറെക്കുറെ സ്ഥിരതയുള്ള ഒരു സാമ്പത്തിക സമരവാദിയുമായി ഒരിക്കൽ നടത്തിയ സംഭാഷണത്തിൽ ഞാൻ (ലെനിൻ) ഓർക്കുന്നു, എനിക്ക് അദ്ദേഹത്തെ നേരത്തെ പരിചയമില്ലായിരുന്നു, രാഷ്ട്രീയ വിപ്ലവം നടത്തുന്നത് ആരായിരിക്കുമെന്ന ലഘുലേഖ ആയിരുന്നു സംഭാഷണ വിഷയം. സംഘടനയുടെ പ്രശ്നം അവഗണിച്ചിരിക്കുന്നു എന്നതാണ് ആ ലഘുലേഖയുടെ പ്രധാന ന്യൂനത എന്ന കാര്യത്തിൽ ഞങ്ങൾ വേഗം  തന്നെ യോജിപ്പിൽ എത്തി. ഞങ്ങൾ ഏകാഭിപ്രായക്കാരായിരുന്നു എന്നായിരുന്നു രണ്ടുപേരുടെയും ധാരണ. എന്നാൽ ഞങ്ങൾ പറയുന്നത് വേവ്വെറെ കാര്യങ്ങളെക്കുറിച്ചാണ് എന്ന് സംഭാഷണം തുടർന്നപ്പോൾ വ്യക്തമായി. എന്റെ കൂടെ ഉള്ളയാൾ ലഘുലേഖ കർത്താവ് പണിമുടക്കുകളുടെയും പരസ്പര സംഘങ്ങളുടെയും മറ്റും കാര്യങ്ങൾ അവഗണിച്ചതിൽ കുറ്റപ്പെടുത്തി. എന്നാൽ ഒരു

**ഓരോ രാജ്യത്തും സോഷ്യൽ ഡെമോക്രാറ്റിക്, ട്രേഡ് യൂണിയനുകളോടുള്ള ബന്ധങ്ങൾ വ്യത്യസ്തവുമായിരിക്കും. തൊഴിലാളികളുടെ സാമ്പത്തിക സമരത്തിന്റെ മുഖ്യ ആയുധമായ പണിമുടക്കിനെ ഒരു ക്രിമിനൽ കുറ്റമായി കരുതുന്നതുകൊണ്ട് സാമ്പത്തിക സമരത്തിനുള്ള സംഘടനകൾ തൊഴിലാളി സംഘടനകളായിരിക്കണം. സോഷ്യൽ ഡെമോക്രാറ്റിക് തൊഴിലാളിയും കഴിയുന്നിടത്തോളം ആ സംഘടനകളെ സഹായിക്കുകയും അവയിൽ സജീവമായി പങ്കെടുക്കുകയും വേണം.**

രാഷ്ട്രീയ വിപ്ലവം നടത്തുന്നതിന് അനുപേക്ഷണീയമായ വിപ്ലവകാരികളുടെ സംഘടനയാണ് എന്റെ മനസ്സിൽ ഉണ്ടായിരുന്നത്.  ഈയൊരു അഭിപ്രായവ്യത്യാസം വ്യക്തമാക്കേണ്ട താമസം പ്രധാനപ്പെട്ട ഒരൊറ്റ പ്രശ്നത്തിൽ എങ്കിലും എനിക്ക് സാമ്പത്തിക വാദികളുമായി യോജിക്കാൻ കഴിഞ്ഞതായി ഞാൻ ഓർക്കുന്നില്ല.

ഞങ്ങളുടെ അഭിപ്രായ വ്യത്യാസത്തിന് ഉറവിടം  എന്തായിരുന്നു? രാഷ്ട്രീയ പ്രശ്നങ്ങളിൽ എന്നപോലെതന്നെ സംഘടനാ പ്രശ്നങ്ങളിലും സാമ്പത്തിക സമരവാദികൾ എപ്പോഴും സോഷ്യൽ ഡെമോക്രസിയിൽ നിന്ന് ട്രേഡ് യൂണിയനിസത്തിലേക്ക് വഴുതിപ്പോകുന്നു. തൊഴിലുടമകൾക്കും ഗവൺമെന്റിനും എതിരായ വിദഗ്ധരായ തൊഴിലാളികളുടെ സാമ്പത്തിക സമരത്തേക്കാൾ വളരെയേറെ വ്യാപകവും സങ്കീർണവുമായ ഒന്നാണ് സോഷ്യൽ ഡെമോക്രസിയുടെ രാഷ്ട്രീയ സമരം. അതുപോലെ തന്നെ ഇത്തരം സമരത്തിനുള്ള തൊഴിലാളി സംഘടനയുടെ അനിവാര്യമായും വ്യത്യസ്തമായ തരത്തിൽ പെട്ട ഒന്നായിരിക്കണം വിപ്ലവ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സംഘടനാ തൊഴിലാളികളുടെ സംഘടന. ഒന്നാമത്, ഒരു ട്രേഡ് യൂണിയൻ സംഘടനയായിരിക്കണം. രണ്ടാമത്, കഴിയുന്നത്ര വിശാലം ആയിരിക്കണം. മൂന്നാമത് സാഹചര്യങ്ങൾ അനുവദിക്കുന്നിടത്തോളം പരസ്യമായി പ്രവർത്തിക്കുന്ന ഒന്നായിരിക്കണം. നേരെമറിച്ച് വിപ്ലവകാരികളുടെ സംഘടനയിൽ ആകട്ടെ സർവോപരി ഉണ്ടായിരിക്കേണ്ടത് വിപ്ലവ പ്രവർ

ത്തനം തൊഴിലായി എടുത്തവരായിരിക്കണം.

രാഷ്ട്രീയ സ്വാതന്ത്ര്യം നിലവിലുള്ള രാജ്യങ്ങളിൽ ഒരു ട്രേഡ് യൂണിയൻ സംഘടനയും രാഷ്ട്രീയ സംഘടനയും തമ്മിലുള്ള വ്യത്യാസം തികച്ചും വ്യക്തമാണ്. ട്രേഡ് യൂണിയനുകളും സോഷ്യൽ ഡെമോക്രാറ്റുകളും തമ്മിലുള്ള വ്യത്യാസം അത്രതന്നെ വ്യക്തവുമാണ്. ഓരോ രാജ്യത്തും സോഷ്യൽ ഡെമോക്രാറ്റിക്, ട്രേഡ് യൂണിയനുകളോടുള്ള ബന്ധങ്ങൾ ചരിത്രപരവും നീതിന്യായപരവും സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തവുമായിരിക്കും. തൊഴിലാളികളുടെ സാമ്പത്തിക സമരത്തിന്റെ മുഖ്യ ആയുധമായ പണിമുടക്കിനെ ഒരു ക്രിമിനൽ കുറ്റമായി കരുതുന്നതുകൊണ്ട് സാമ്പത്തിക സമരത്തിനുള്ള സംഘടനകൾ തൊഴിലാളി സംഘടനകളായിരിക്കണം. സോഷ്യൽ ഡെമോക്രാറ്റിക് തൊഴിലാളിയും കഴിയുന്നിടത്തോളം ആ സംഘടനകളെ സഹായിക്കുകയും അവയിൽ സജീവമായി പങ്കെടുക്കുകയും വേണം. എന്നുവച്ച് സോഷ്യൽ ഡെമോക്രാറ്റിക് മാത്രമേ ട്രേഡ് യൂണിയനുകളിൽ അംഗങ്ങളാകാൻ പാടുള്ളൂ എന്ന് ശഠിക്കുന്നത് തീർച്ചയായും തൊഴിലാളി താൽപ്പര്യമല്ല. കാരണം അത് ബഹുജനങ്ങൾക്കിടയിൽ നമ്മുടെ സ്വാധീനത്തിന് വ്യാപ്തി ചുരുക്കുക യേ ഉള്ളൂ. തൊഴിലുടമകൾക്കും ഗവൺമെന്റിനും എതിരെ സമരത്തിന് വേണ്ടി ഒന്നിക്കേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കുന്ന എല്ലാ തൊഴിലാളികളും ട്രേഡ് യൂണിയനുകളിൽ ചേരണം. ഏറ്റവും ചുരുങ്ങിയത് ഈ പ്രാഥമിക സംഗതിയെങ്കിലും മനസിലാക്കിയിട്ടുള്ള മുഴുവനാളുകളെയും ട്രേഡ് യൂണിയനുകളിൽ ഏകോപിപ്പിക്കുന്നില്ല. വളരെ വിശാലമായ സംഘടന ഇല്ലെങ്കിൽ അവയ്ക്ക് അവരുടെ ലക്ഷ്യം നേടാൻ തന്നെ സാധിക്കുന്നതല്ല. പാർട്ടിയുമായി ട്രേഡ് യൂണിയനുകൾക്ക് ബന്ധം ഉണ്ടാകണമെന്ന് സൈദ്ധാന്തിക നിലപാട് ബോൾഷെവിക്കുകൾ സ്വീകരിച്ചു. വക്രീകരിക്കപ്പെട്ട നിലയിലായിരുന്നു ബ്രിട്ടീഷ് ലേബർ പാർട്ടിയെ പോലുള്ളവർ നടപ്പിലാക്കിയത്. എന്നാൽ നിലപാടിൽ അവർ ഉറച്ചുനിന്നില്ല. തൊഴിലാളി പ്രസ്ഥാനത്തിൽ നിലനിന്നിരുന്ന ഒട്ടേറെ ഭിന്നതകൾ മൂലമായിരുന്നു അത്. പാർടികോൺഗ്രസിൽ പ്ലഖ്നോവ് ചൂണ്ടിക്കാണിച്ചത്, അന്ന് റഷ്യയിൽ തൊഴിലാളിവർഗ്ഗത്തിന് പിന്തുണയായി മത്സരിക്കുന്ന 15 പാർട്ടികൾ ഉണ്ടായിരുന്നതായിട്ടാണ്. ട്രേഡ് യൂണിയനുകളെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയോട് സംഘടനാപരമായി ബന്ധപ്പെടുത്തുന്നത് ഭിന്നിപ്പിന്റെ ആഴം കൂട്ടുകയോ ഉള്ളൂ എന്നും ചൂണ്ടിക്കാണിച്ചു. ട്രേഡ് യൂണിയനുകളെ സംബന്ധിച്ച ബോൾഷെവിക്കുകളുടെ പ്രായോഗിക സമീപനം അവയെ പാർട്ടിയോട് അഫിലിയേറ്റ് ചെയ്യണമെന്നോ നിഷ്പക്ഷത പാലിക്കണം എന്നോ അല്ലായിരുന്നു. മറിച്ച് പാർടിയുടെ പൊതു നേതൃത്വത്തിൽ കീഴിൽ എല്ലാ തൊഴിലാളി വിഭാഗങ്ങളും സഹകരണം പുലർത്തണം എന്നതായിരുന്നു. അതേസമയം ശാശ്വതമായി പാർട്ടിയുടെ പങ്കിനെ സംബന്ധിച്ച പ്രശ്നത്തെക്കുറിച്ച് എല്ലായിടത്തും ആശയസമരം നടന്നിരുന്നു. ബ്രിട്ടനിലെ ലേബർ പാർട്ടി പരിഷ്കരണ പരമായ നയം സ്വീകരിച്ചിരുന്നു. അത് സൈദ്ധാന്തികമായ പ്രശ്നങ്ങളിൽ അല്പം പോലും താൽപ്പര്യം വെച്ചിരുന്നില്ല. തൊഴിലാളി പ്രസ്ഥാനത്തിന് ആകെ യഥാർത്ഥ തൊഴിലാളിവർഗ്ഗം നേതൃത്വം നൽകുന്നതിന് ഉറച്ച ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി സൃഷ്ടിക്കുന്നതിനുള്ള എല്ലാ നീക്കങ്ങളെയും പൊളിക്കുന്നതായിരുന്നു അവരുടെ സമീപനം.

ജർമനിയിൽ മിക്കവാറും പാർട്ടി മെമ്പർമാർ മാത്രവും ബേൺസ്റ്റീൻ റിവിഷനിസത്തിന്റെ മുഖ്യ പിന്തുണക്കാർ ആയിരുന്ന ഫ്രീ ട്രേഡ് യൂണിയനുകളുടെ നേതാക്കന്മാർ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയെ നിയന്ത്രിക്കുന്നതിന് നിഗൂഢ ശ്രമം നടത്തിയിരുന്നു. 1906ൽ നിയന്ത്രണം കരസ്ഥമാക്കാൻ അവർക്ക് കഴിഞ്ഞു. പൊതുപണിമുടക്കിനെക്കുറിച്ചുള്ള പ്രശ്നത്തിൽ നടന്ന വലിയ പോരാട്ടത്തിനോടനുബന്ധിച്ച് ആയിരുന്നു അവർ ഇത് നേടിയത്. അന്ന് റഷ്യയിൽ നടന്നുകൊണ്ടിരുന്ന രൂക്ഷമായ പോരാട്ടത്തിലെ സമ്മർദ്ദം കാരണം സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി അടുത്തുവരുന്ന അതിന്റെ സമ്മേളനത്തിൽ തൊഴിലാളികൾക്ക് സാർവത്രികമായ വോട്ടവകാശം നേടിയെടുക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ അംഗീകരിക്കുമെന്ന് ബോധ്യമായ ട്രേഡ് യൂണിയൻ നേതാക്കന്മാർ പാർട്ടിയുടെ നടപടിയെ 1905ൽ ചേർന്ന സമ്മേളനത്തിൽ മുൻകൂട്ടി തടഞ്ഞു. പണിമുടക്കിനെ അവർ ശക്തമായി അപലപിച്ചു.

ഫ്രാൻസിൽ അനാർക്കോ സിൻഡിക്കലിസ്റ്റ് ട്രേഡ് യൂണിയൻ നേതാക്കളും ശക്തമായി നേതൃത്വം നൽകുന്ന രാഷ്ട്രീയ പാർട്ടിയെ എതിർത്തു. യഥാർത്ഥത്തിൽ അവർ തൊഴിലാളിവർഗ പാർട്ടി തന്നെ എതിരായിരുന്നു. ●

# ഒമിക്രോൺ അല്ല, മുതലാളിത്തത്തിന്റെ അത്യാർത്തിയാണ് ലോകത്തിനു ഭീഷണി




**ദക്ഷിണാഫ്രിക്കയിലെ** ഗോട്ടെങ് പ്രവിശ്യയിൽ കണ്ടെത്തിയ ഒമൈക്രോൺ എന്ന പുതിയ SARSCoV2 വൈറസ് ഉത്കണ്ഠയുടെ പുതിയ രൂപാന്തരമായാണ് ലോകാരോഗ്യ സംഘടന കണക്കാക്കുന്നത്. മറ്റു പല രാജ്യങ്ങളിലും ഒമിക്രോൺ കണ്ടെത്തിയതോടെ ഈ രോഗം ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ നിയന്ത്രിക്കാൻ കഴിയില്ലെന്ന് വ്യക്തമായിരിക്കുന്നു. പുതിയ രോഗബാധയുടെ കാര്യത്തിൽ ഡെൽറ്റയെ ഇത് മറികടക്കുകയാണെങ്കിൽ കോവിഡ് 19 ന്റെ പ്രധാന രൂപാന്തരമായ ഡെൽറ്റ മുൻപത്തെ രൂപാന്തരങ്ങൾക്ക് പകരമായി ഭവിച്ചതുപോലെ ഡെൽറ്റ പുതിയ വൈറസിന് വഴിമാറി കൊടുക്കേണ്ടി വരും. ദരിദ്ര രാജ്യങ്ങളിൽ ജനസംഖ്യയുടെ



പ്രബീർ പുർകായസ്ത

വലിയ വിഭാഗം വാക്സിനേറ്റ് ചെയ്യപ്പെടാതിരിക്കുകയും വിവിധ രാജ്യങ്ങളിലെ തീവ്ര വലതുപക്ഷ ഗ്രൂപ്പുകൾ വാക്സിനേഷൻ എതിർക്കുകയും ചെയ്യുന്നതോടെ മഹാമാരിയെ മറികടക്കാനാവാതെ ലോകം വീണ്ടുമൊരു ദുരന്തത്തിലേക്ക് മുങ്ങിത്താഴും.

വാക്സിൻ സമത്വം മാത്രമാണ് മഹാമാരിയെ നിയന്ത്രിക്കാനുള്ള പോംവഴി എന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകുന്നുണ്ട്. SARS CoV2 നെ നേരിടാൻ നമ്മുടെ പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കിയില്ലെങ്കിൽ കോവിഡ് 19 മഹാമാരി തുടരുകയും വൻതോതിൽ മരണങ്ങളും സാമ്പത്തിക തകർച്ചയും ആവർത്തിക്കുകയും ചെയ്യും. ഒന്നാം ലോക യുദ്ധത്തിന് ശേഷം ലോകമാകെ പടർന്ന ഇൻഫ്ളുവൻസ മഹാമാരി ദശലക്ഷം പേരുടെ ജീവനെടുത്തത് നാം മറക്കാൻ പാടില്ല. മരിച്ചവരിൽ പകുതിയും ഇന്ത്യക്കാരായിരുന്നു. പ്രകൃതി പ്രതിരോധം തരും. പക്ഷെ അതിനു കുറച്ചു വർഷങ്ങൾ എടുക്കുമെന്നാണ് ചരിത്രം. അപ്പോഴേക്കും സമൂഹം വലിയ വില നൽകേണ്ടി വരും. അതുകൊണ്ടാണ് മഹാമാരി തടയാൻ വാക്സിൻ എല്ലാവർക്കും ലഭ്യമാക്കേണ്ടത് അനിവാര്യമാകുന്നത്. എന്നാൽ ദരിദ്ര രാജ്യങ്ങൾക്കു താങ്ങാവുന്ന വിലയ്ക്ക് വാക്സിൻ ലഭ്യമാക്കുന്നതിന് പകരം യൂറോപ്യൻ യൂണിയനും ബ്രിട്ടനും വാക്സിൻ പേറ്റന്റ് എടുത്തു മാറ്റുന്നതിനെയും വാക്സിൻ നിർമാണ വിജ്ഞാനം പങ്കുവയ്ക്കുന്നതിനെയും എതിർക്കുകയാണ്. അത്തരം നടപടികളെ അനുകൂലിക്കുന്ന അമേരിക്കയാകട്ടെ അതിന്റെ ചുമതല മഹാമാരിയുടെ പേരിൽ വമ്പൻ ലാഭമുണ്ടാക്കിയ കമ്പനികളായ ഫൈസറിനെയും മോഡർനയെയും ഏല്പിച്ചിരിക്കയാണ്. ഈ കാഴ്ചപ്പാടിലൂടെ എല്ലാം നോക്കിക്കാണണം: പീപ്പിൾസ് വാക്സിൻ അലയൻസിന്റെ കണക്കുപ്രകാരം ഈ വർഷം ഫൈസർ ബയോടെക്, മോഡർന എന്നീ കമ്പനികൾ ഉണ്ടാക്കുന്നത് 34 ശതകോടി ഡോളർ ലാഭമാണ് (നികുതി അടയ്ക്കുന്നതിനു മുമ്പുള്ള ലാഭം). അതായത് പ്രതിദിന ലാഭം 93 . 5 ദശലക്ഷം ഡോളർ. ഇതിന്റെ പകുതി തുക മതി വരുമാനം കുറവുള്ള രാജ്യങ്ങളിലെ എല്ലാ ജനങ്ങൾക്കും വാക്സിൻ നല്കാൻ!

നവംബർ പതിനാറു മുതൽ പതിനെട്ടു വരെ നടന്ന ഔഷധ കമ്പനികളുടെ വാർഷിക ഉച്ച കോടി (STAT Summit ) യിൽ കമ്പനികൾ വച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഏറ്റവും പുതിയ കണക്കുകൾ തയ്യാറാക്കിയ ത്. വാക്സിനുകൾ അങ്ങേയറ്റം ആവശ്യമായ ദരിദ്ര രാജ്യങ്ങളിലെ ജനങ്ങളെ പരിഗണിക്കാൻ ഫൈസർ ബയോടെക്കും മോഡർനയും തയ്യാറാവുന്നില്ലെന്ന് പീപ്പിൾസ് വാക്സിൻ അലയൻസ് പറയുന്നു. ഈ കമ്പനികൾ അവർ വിതരണം ചെയ്യുന്ന വാക്സിന്റെ മൈനസ് ഒരു ശതമാനം മുതൽ 0 . 2 ശതമാനം മാത്രമാണ് ദരിദ്ര രാജ്യ ങ്ങൾക്ക് നൽകുന്നത്.

ദരിദ്ര രാജ്യങ്ങളിൽ മഹാമാരി രൂക്ഷമാകുമ്പോഴും സമ്പന്ന രാജ്യങ്ങൾക്ക് അവിടുത്തെ ജനങ്ങളെ രോഗങ്ങളിൽ നിന്ന് ഒരു പരിധി വരെ രക്ഷിക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. ഫൈസർ ബയോടെക്കും മോഡർനയും നിർമിക്കുന്ന ഗുണനിലവാരം കൂടിയ mRNA വാക്സിനുകൾ ഉപയോഗിച്ച ജനങ്ങൾക്ക് ഏറെക്കുറെ പൂർണമായ പ്രതിരോധം ഉറപ്പാക്കാൻ സാധിക്കുമെന്ന വിശ്വാസമാണ് ഈ വിലയിരുത്തലിന്റെ അടിസ്ഥാനം. മനുഷ്യന്റെ മൂക്കിലും ശ്വസന നാളത്തിലും പറ്റിപ്പിടിച്ചു നില്ക്കാൻ സഹായിക്കുന്ന പ്രോട്ടീൻ മുനകൾ ഒമിക്രോൺ രൂപാന്തരത്തിൽ കാലാന്തരത്തിൽ രൂപം കൊള്ളാൻ ഇടയുണ്ട്. കൂടുതൽ പ്രസരണ സാധ്യതയും വാക്സിനുകൾ മറികടക്കാൻ ശേഷി ഉള്ളതുമായ ഈ വൈറസുകൾക്ക് അനായാസം അണുബാധ സൃഷ്ടിക്കാൻ സാധിക്കും. പ്രോട്ടീൻ മുനകളിലെ ഇത്തരം മുപ്പതു തവണ പരിവർത്തനങ്ങൾ ഒമിക്രോണിൽ കണ്ടു വരുന്നു. ചിലയിടങ്ങളിൽ മാത്രമായി തലമുറകളിലെ രൂപാന്തരം നടക്കുമ്പോൾ മുപ്പത് എന്നത് വലിയ എണ്ണമാണ്.

പുതിയ രൂപാന്തരങ്ങളിൽ എന്തുകൊണ്ട് ഇത്രയും പെട്ടന്ന് പ്രവർത്തനങ്ങൾ സംഭവിക്കുന്നു എന്നത് ഇപ്പോഴും വ്യക്തമല്ല. പ്രതിരോധം കുറവുള്ള രോഗികളിലൂടെ ശരീരത്തിൽ വ്യത്യസ്ത തലമുറകളിൽ പെട്ട വൈറസുകളെ വഹിക്കുന്നത് കൊണ്ടാകാം. അല്ലെങ്കിൽ ഏതെങ്കിലും മൃഗങ്ങളിൽ നിന്ന് ചാടി പ്പോന്നതുമാകാം.

നമുക്കിപ്പോഴും രണ്ടു ഔഷധ ഇടപെടലുകളാണ് ഇന്ന് സാധ്യമായിട്ടുള്ളത്. അവ മഹാമാരിയുടെ തുടക്കത്തിൽ നമുക്കുണ്ടായിരുന്നില്ല.

ഒന്നാമത്തെ കാര്യം രൂപാന്തരം പ്രാപിച്ച പുതിയ വൈറസുകൾക്ക് എതിരെ ഫലപ്രദം അല്ലെങ്കിൽ പോലും

നമുക്ക് വാക്സിൻ ഉണ്ട്. വൈറസുകൾക്ക് എതിരെ തന്നെയാണ് അവ വികസിപ്പിച്ചിട്ടുള്ളത് എന്നത് കൊണ്ട് തന്നെ അവ ഒരു പരിധി വരെ നമുക്ക് സംരക്ഷണം നൽകുന്നുണ്ട്. നമ്മുടെ പ്രതിരോധ സംവിധാനത്തിന് വാക്സിനെ കുറിച്ചോ മുൻപത്തെ രോഗബാധയെ കുറിച്ചോ ഓർമകൾ ഉണ്ടാകും. അത് രൂപാന്തരം പ്രാപിച്ച പുതിയ വൈറസുകളോട് പോലും പ്രതികരിക്കും.

രണ്ടാമത്തെ കാര്യം ഇതാണ്. സമീപ കാലത്ത് വികസിപ്പിച്ച രണ്ടു ആന്റിവൈറലുകൾ ഫലപ്രദം ആണെന്ന് പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ഇൻഫ്ലുവൻസക്ക് എതിരെ ഇമോറി സർവകലാശാല വികസിപ്പിച്ച മോൾനുപിരവിർ എന്ന മരുന്ന് കോവിഡ് 19നു ചികിത്സിക്കാൻ വേണ്ടി മേർക്ക്, ചെറുകിട ഔഷധ കമ്പനിയായ റിഡ്ജ്ബാക്ക് തെറാപ്യൂട്ടിക്സ് എന്നിവ ഉപയോഗിക്കുന്നുണ്ട്.

ഫൈസറിന്റെ പാക്സ്ലോവിഡ് ആണ് രണ്ടാമത്തേത്. സാർസിന് ചികിത്സിക്കാൻ തുടക്കത്തിൽ ഉപയോഗിച്ച ഒരു മരുന്നിന്റെയും HIVക്ക് എതിരെയുള്ള റിട്ടോനാവിർ എന്ന ആന്റിറിട്രോവൈറലിന്റെയും സംയുക്തമാണിത്. നേരത്തെയുള്ള ആന്റി വൈറൽ ആയ റേം ഡിസീവർ വില കൂടിയതും ഇൻജെക്ഷൻ രൂപത്തിലുള്ളതും ആയതു കൊണ്ട് വ്യാപകമായി ഉപയോഗിക്കാനുള്ള സാധ്യതയും കുറവാണ്.

വാക്സിനുകൾ കൊവിഡ് 19 രോഗബാധയെ പൂർണമായി പ്രതിരോധിക്കുമോ എന്നതല്ല കാതലായ ചോദ്യം. മറിച്ച് ഗുരുതരമായ കേസുകൾ അത് പ്രതി രോധിക്കുമോ എന്നും ആശുപത്രിവാസവും മരണവും തടയാൻ അതിനാവുമോ എന്നതാണ്.

ആന്റി വൈറലു കളുടെ കാര്യത്തിലും ഇത് സംഭവിക്കാൻ സാധ്യതയുണ്ട്. നമ്മുടെ ശരീരത്തിൽ വൈറസുകളുടെ പകർപ്പുകൾ ഉണ്ടാകുന്നത് തടയാൻ ആന്റിവൈറലുകൾക്ക് സാധിക്കും. വൈറസുകൾക്കുണ്ടാകുന്ന മാറ്റങ്ങളെ പ്രതിരോധിക്കാനും അതുവഴി സാധിക്കും. മഹാമാരിക്കു മുമ്പുള്ള കാലത്തെക്കാൾ ശാസ്ത്രീയവും സാങ്കേതികവുമായ അർഥത്തിൽ നമ്മളിൽ ഔഷധങ്ങൾ മെച്ചപ്പെട്ട നിലയിലാണ് വിന്യസിക്കപ്പെട്ടിട്ടുള്ളത്.

മഹാമാരിയെ ഒരു ആരോഗ്യ പ്രശ്നമായി നേരിടുന്നതിലുള്ള രാഷ്ട്രീയമായ ഇച്ഛാശക്തി

യാണ് നമുക്ക് ഇല്ലാതെ പോകുന്നത്. അതിനു പകരം നമുക്കുള്ളത് വാക്സിൻ ദേശീയതയും മഹാമാരിയെ മഹാലാഭത്തിനുള്ള ഉപാധിയായി കാണുന്ന വൈതാളിക കമ്പനികളും ജനങ്ങളുടെ ആരോഗ്യം ബലിനൽകി ഇത്തരം ലാഭക്കൊതിയന്മാരെ പിന്തുണയ്ക്കുന്ന രാജ്യങ്ങളുമാണ് നമുക്കുള്ളത്.

ഇത്തരം മഹാലാഭങ്ങൾ കൊയ്യാൻ തങ്ങളെ അനുവദിച്ചില്ലെങ്കിൽ ഭാവിയിലെ മരുന്നുകളുടെയും വാക്സിനുകളുടെയും നിർമാണത്തിന് ഒരു പ്രോത്സാഹനവും ലഭിക്കില്ലെന്നാണ് സ്വകാര്യ കമ്പനികൾ വാദിക്കുന്നത്. ഇത് പച്ചക്കള്ളമാണ്. വാക്സിനായാലും മരുന്നായാലും അവ വികസിപ്പിക്കുന്നത് ശാസ്ത്രത്തിന്റെ പൊതുമണ്ഡലത്തിൽ നിന്നാണ്. mRNAയുടെ എല്ലാ ഘടകങ്ങളും വരുന്നത് പൊതു ഫണ്ടുപയോഗിച്ചുകൊണ്ടുള്ള ഗവേഷണത്തിലൂടെയാണ്. മൊഡേർന അതിന്റെ വാക്സിൻ നിർമിക്കുന്നതിന്റെ ഏറ്റവും നിർണായകമായ ഗവേഷണം നടത്തിയത് യു എസ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിൽ നിന്നാണ്. മൊഡേർനയും യു എസ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തും തമ്മിൽ ഒരു പ്രധാന കേസ് നിലനിൽക്കുന്നത് തന്നെ ഇതു സംബന്ധിച്ച് ഫയൽ ചെയ്ത കേസിനെ അടിസ്ഥാനപ്പെടുത്തിയാണ്. വാക്സിൻ വികസിപ്പിച്ചെടുക്കാൻ മൊഡേർനയ്ക്ക് നൽകുന്ന കോടികളുടെ പൊതു പണത്തിന് പുറമെയാണിത്. തുർക്കിക്കാരായ ദമ്പതികളുടെ കീഴിലുള്ള BioNTech എന്ന ഒരു ചെറിയ ജർമൻ കമ്പനി ജർമൻ സർക്കാരിന്റെ ഗ്രാന്റോടെ ഒരു വാക്സിൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതാണവരുടെ ആദ്യ വാണിജ്യ ഉൽപ്പന്നം. BioNTech ന്റെ വാക്സിനാണ് ഫൈസർ എടുത്ത് അതിന്റെ നിർമാണ മാർക്കറ്റിങ് സാധ്യതകളുപയോഗിച്ച് ലോകവ്യാപകമായ അവകാശം നേടിയെടുത്തത്. വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിൽ ഒരു പങ്കും ഫൈസറിന് ഇല്ലാതിരുന്നിട്ടും ഇന്ന് ആ വാക്സിൻ തെറ്റായി അറിയപ്പെടുന്നത് ഫൈസർ വാക്സിൻ എന്നാണ്.

ആന്റി വൈറലുകൾ വികസിപ്പിച്ചെടുക്കുന്ന കാര്യത്തിലും മറ്റൊന്നല്ല സംഭവിച്ചത്. മോൾനുപിരാവർ വികസിപ്പിച്ചത് ഇമോറി യൂണിവേഴ്സിറ്റിയാണ്. അതുപോലെ എച്ച്ഐവിക്ക് എതിരെയുള്ളതും SARSCoV2ക്ക് എതിരായി ഇപ്പോൾ ഉപയോഗിക്കുന്നതുമായ ആന്റിവൈറൽ വികസിപ്പിച്ചതും പൊതു പണം ഉപയോഗിച്ചു നടത്തിയ ഗവേഷണത്തിന്റെ ഫലമായാണ്.

സ്വകാര്യ കമ്പനികൾ പാറ്റന്റുകൾ ചുളുവിലയ്ക്ക് വാങ്ങുകയും മരുന്നുകൾ അവരുടെ കുത്തകയാക്കി മാറ്റുകയുമാണ്

വാക്സിനുകൾക്കും ആന്റിവൈറലുകൾക്കുമുള്ള പ്രധാന പ്രശ്നം അവയുടെ വിലയും ലഭ്യതയുമാണ്. ഇവിടെ ഫൈസറിന്റെ കാര്യത്തിൽ അവരുടെ ശക്തമായ മാർക്കറ്റിങ് ശൃംഖലയും അമേരിക്കൻ സർക്കാരിന്റെ പിന്തുണയും ഉപയോഗിച്ച് കനത്ത ലാഭമാണ് ഉണ്ടാക്കിയത്. ദരിദ്രരാജ്യങ്ങൾ താങ്ങാൻ കഴിയാത്ത വില വാക്സിന് നിശ്ചയിച്ചുകൊണ്ടും എല്ലാ നിയമപരിരക്ഷയും സ്വന്തമാക്കിക്കൊണ്ടും ലോകത്തെ മുഴുവൻ ഈ കമ്പനികൾ അവരുടെ ഇച്ഛക്കനുസരിച്ച് നിയന്ത്രിക്കുകയാണ്. നിയമവ്യവഹാരങ്ങളിൽ രാജ്യങ്ങളോട് അവരുടെ സ്വർണവും തുറമുഖങ്ങളും അടക്കമുള്ള ആസ്തികൾ ജാമ്യമായി നൽകാനും ആവശ്യപ്പെടുന്നുണ്ട്. ഫിനാൻഷ്യൽ ടൈംസിൽ ഫൈസർ വാക്സിന്റെ അന്തർനാടകങ്ങളെക്കുറിച്ചുള്ള 'A Once in an Epoch Windfall' എന്ന പേരിലുള്ള ലേഖനത്തിൽ, വിവിധ രാജ്യങ്ങളെ ഭീഷണിപ്പെടുത്തുന്നതിനും സമ്പന്ന രാജ്യങ്ങൾ കൂടുതൽ വില നൽകിയാൽ, ദരിദ്രരാജ്യങ്ങൾ വാഗ്ദാനം ചെയ്ത വാക്സിൻ ദരിദ്രരാജ്യങ്ങൾക്കുള്ള വിതരണം മുടക്കാനുമൊക്കെ കുത്തകാവകാശം ദുരുപയോഗപ്പെടുത്തുന്ന ഈ കമ്പനിയെക്കുറിച്ച് വിശദമാക്കുന്നുണ്ട്.

നമ്മുടെ തലയ്ക്കു മുകളിൽ തൂങ്ങിയാടുന്ന ഒമിക്രോൺ ഭീഷണി ഊന്നിപ്പറയുന്നത് ഒമിക്രോൺ ഭീഷണി പൂർണമായും ഒഴിവാക്കാൻ പറ്റുമായിരുന്നു എന്നാണ്. ലോകമാകെയുള്ള ജനങ്ങളുടെയും തങ്ങളുടെ തന്നെയും താൽപര്യം മാനിക്കാനും വൻകിട ഔഷധക്കമ്പനികൾക്ക് സഹായം വാരിക്കോരി കൊടുക്കാതിരിക്കാനും സമ്പന്ന രാജ്യങ്ങൾ തയ്യാറായിരുന്നുവെങ്കിൽ ഈ ദുരന്തം ഒഴിവാക്കാമായിരുന്നു കോവിഡ് 19 വാക്സിന്റെ വൻതോതിലുള്ള ഉൽപ്പാദനം മാത്രമായിരുന്നു ഇതിനുള്ള പോംവഴി. ഒരു വാക്സിൻ യുഗത്തിലേക്ക് പതിമൂന്നു മാസത്തിനകം വൈറസിന്റെ പുതിയ രൂപാന്തരങ്ങളെ പ്രവേശിക്കാൻ അനുവദിക്കുന്നത് തീർച്ചയായും സമ്പന്നലോകത്തിന്റെ താൽപര്യപ്രകാരമായിരിക്കും എന്നാണ് പകർച്ച വ്യാധി വിദഗ്ധൻ ശ്രീനിവാസ് മൂർത്തി പറയുന്നത്. അതിനുള്ള വില നമ്മളോരുത്തരും ലോക്ഡൗണിന്റെയും സാമ്പത്തിക പ്രതിസന്ധിയുടെയും ആശുപത്രി വാസത്തിന്റെയുമെല്ലാം പേരിൽ കൊടുക്കുകയും വേണം. •



വിജയ് പ്രഷാദ്

## ലാറ്റിനമേരിക്കൻ വോട്ട്

# അമേരിക്കൻ സാമ്രാജ്യത്തത്തിനെതിരെ

ലാറ്റിനമേരിക്കയിൽ നവംബർ മാസത്തിൽ നടന്ന ജനാധിപത്യ പ്രക്രിയയിൽ അമേരിക്കൻ സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛകൾക്ക് തുടർച്ചയായ തിരിച്ചടിയാണുണ്ടായത്. മധ്യ അമേരിക്കയിലെ നികരാഗ്വയിലും ഹോണ്ടുരാസിലും നടന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പുകളിൽ വാഷിംഗ്ടന്റെ പിന്തുണയുള്ള വലതുപക്ഷത്തിന് ഇടതുപക്ഷം വൻതിരിച്ചടിയാണ് നൽകിയത്. വെനീസുലയിൽ നടന്ന പ്രാദേശിക തെരഞ്ഞെടുപ്പിലും ഭരണത്തിലുള്ള യുണൈറ്റഡ് സോഷ്യലിസ്റ്റ് പാർട്ടി മിക്കയിടത്തും സംയുക്ത പ്രതിപക്ഷത്തെ തോൽപിച്ചു. 23 ഗവർണർമാരിൽ 19 ഇടത്തും ഇടതുപക്ഷം വിജയിച്ചു. ക്യൂബയിലാകട്ടെ ഭരണം അട്ടിമറിക്കാനുള്ള അമേരിക്കൻ ഗൂഢപദ്ധതിക്ക് അവിടത്തെ വിപ്ളവശക്തികൾ തടയിടുകയും ചെയ്തു. ഇതെല്ലാം ഇടതുപക്ഷം ശക്തിപ്രാപിക്കുന്നതിന്റെ നാടകീയ ഉദാഹരണങ്ങളാണ്. അത് കേവലം സൂചനകൾ മാത്രമല്ല.

തെക്കേയറ്റത്തുള്ള ചിലിയിലും അർജന്റീനയിലും നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷാഭിമുഖ്യമുള്ള പാർട്ടികൾ അവരുടെ കരുത്ത് തെളിയിച്ചു. ചിലിയിലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്ഥാനാർത്ഥി ഗബ്രിയൽ ബോറക് നയിച്ച അപ്രൂവ്ഡ് ഡിഗ്നിറ്റി മുന്നണി ഒന്നാം റൗണ്ടിൽ വലതുപക്ഷ ഫാസിസ്റ്റ് സ്ഥാനാർത്ഥിയായ ജോസ് അന്റോണിയോ കാസ്റ്റിന് തൊട്ടുതാഴെ രണ്ടാം സ്ഥാനത്തെത്തി. ഒരു മധ്യ ഇടതു രാഷ്ട്രീയക്കാരനായ ബോറിക്കിനെ ചിലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണച്ചു. ഡിസംബർ 19 ന് നടക്കാൻ പോകുന്ന രണ്ടാം റൗണ്ടിൽ ബോറിക്കിനാണ് മുൻതൂക്കം. തെട്ടയൽപക്കമായ അർജന്റീനയിൽ ഭരണത്തിലുള്ള മധ്യ ഇടതുപക്ഷമുന്നണിയുടെ നേതാവായ ആൽബർട്ടോ ഫെർണാണ്ടസിന് 40 വർഷത്തിലാദ്യമായി ബ്യൂണസ് അയേഴ്സിലും ലാപാമ്പയിലും വൻ തിരിച്ചടിയേറ്റു. IMFമായുള്ള കൂടിയാലോചന സൃഷ്ടിച്ച വൈഷമ്യങ്ങൾ ഉണ്ടായിട്ടും ചേമ്പർ ഓഫ് ഡെപ്യൂട്ടീസിൽ ഭൂരിപക്ഷം നിലനിർത്താൻ കഴിഞ്ഞു.നവലിബറലിസത്തിന്റെ തട്ടകത്തിൽ ബോറിക്ക് നേടിയ വിജയം തെക്കേ അമേരിക്കയുടെ ഏകഛത്രാധിപത്യത്തിന് വൻ തിരിച്ചടിയാണ്.

ഹോണ്ടുറാസിലും ചിലിയിലുമടക്കം ഇടതുപക്ഷത്തിന്റെ വൻമുന്നേറ്റം അവിടത്തെ വലതുപക്ഷപാർട്ടികളെയും അമേരിക്കയെയും വല്ലാതെ അസ്വസ്ഥരാക്കി. നിക്കരാഗ്വയിൽ ഡാനിയൽ ഒർട്ടെഗാ നയിക്കുന്ന FSLN–ൽ തന്റെ തൊട്ടടുത്ത എതിരാളിക്ക് 14 ശതമാനം വോട്ടു ലഭിച്ചപ്പോൾ 76 ശതമാനം വോട്ടു നേടിയാണ് ചരിത്രവിജയം ഉറപ്പിച്ചത്. അനധികൃത ഇടപെടലുണ്ടായി എന്ന ആരോപണമൊക്കെയുണ്ടെങ്കിലും ഒർട്ടെഗാ ഭരണം കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കൈകാര്യം ചെയ്യതിലെ മികവ് പരക്കെ അംഗീകാരം നേടിയിരുന്നു. ഹോണ്ടുറാസിൽ സിമോറാ കാസ്ട്രോയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷം 2009ൽ ഭരണം അട്ടിമറിച്ച പാർട്ടികൾക്കെതിരെ പൊരുതിയാണ് ഭരണം പിടിച്ചത്. ഇത് ലാറ്റിനമേരിക്കയിൽ അമേരിക്കൻ സാമ്രാജ്യത്തത്തിന് നേരിടേണ്ടി വന്ന രണ്ടാമത്തെ തിരിച്ചടിയാണ്.2019ൽ അട്ടിമറിയിലൂടെ ഭരണം കൈക്കലാക്കിയ വലതുപക്ഷത്തെ ബൊളിവീയയിലെ ജനങ്ങൾ ഈ വർഷം ആദ്യമാണ് തെരഞ്ഞെടുപ്പിലൂടെ പുറത്താക്കി സോഷ്യലിസ്റ്റ് പ്രസ്ഥാന സർക്കാരിനെ വിജയത്തിലേക്ക് നയിച്ചത്.

## തെരഞ്ഞെടുപ്പിലെ ഇടപെടലുകൾ

അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ 2021 ജൂൺ 16ന് ഇങ്ങനെ പറഞ്ഞു'എങ്ങനെയാണ് മറ്റ് രാജ്യങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ അമേരിക്ക നേരിട്ടിടപെടുന്നു എന്നും അതെല്ലാവർക്കും അറിയാമെന്നും ഞങ്ങളെപ്പറ്റി മറ്റുള്ളവർക്കു പറയാനാവുക'. അമേരിക്കൻ സിഐഎക്ക് ഒരു ഡിജിറ്റൽ ലൈബ്രറി ഉണ്ട്. അതിലെ രേഖകൾ ആർക്കും പരിശോധിക്കാം. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകത്താകെ തെരഞ്ഞെടുപ്പടക്കം ജനാധിപത്യപ്രക്രിയയിൽ അമേരിക്ക ഇടപെടുന്നു എന്ന് അപ്പോൾ സംശയരഹിതമായി ബോധ്യപ്പെടും. അമേരിക്കൻ അർധഗോളത്തിൽ നിന്നുള്ള തെളിവുകൾ ഇതാ. 1954 ഗ്വാട്ടിമാലയിലെ അട്ടിമറി, 1964–ൽ ബ്രസീലിൽ, 1973–ൽ ചിലിയിൽ 1990–ൽ നിക്കരാഗ്വയിൽ, 1982 മുതൽ എൽസാൽവഡോറിൽ. കൂടാതെ അമേരിക്കൻ സർക്കാരും അവരുടെ വിവിധ ഫണ്ടിംഗ് ഏജൻസികളും അട്ടിമറിക്ക് പണമൊഴുക്കുന്നു. ഈയിടെയാണ് ഫേസ്ബുക്കിലൂടെ ഒരു വ്യക്തി എങ്ങനെയാണ് ബൊളീവിയയിലും ഹോണ്ടുറാസിലും ബ്രസീലിലും വലതുപക്ഷ ഡ്രോൺ പട്ടാളത്തെ അമേരിക്ക കേന്ദ്രമാക്കി ഡ്രോൺ



സിമോറാ കാസ്ട്രോ

ആക്രമണം ആസൂത്രണം ചെയ്യതെന്ന് വെളിപ്പെടുത്തിയത്. കഴിഞ്ഞ ചില വർഷങ്ങളിൽ അമേരിക്കൻ സർക്കാർ സ്ഥാപനങ്ങൾ നിക്വരാഗ്വയിലും വെനീസുലയിലും അക്രമം സംഘടിപ്പിക്കാൻ പണം വാരിക്കോരി നൽകി. ഹെയ്തിയിൽ സ്വേഛാധിപത്യ ഭരണം തുടരാനും ജനാധിപത്യ പ്രക്രിയ തകർക്കാനും പച്ചക്കൊടി കാട്ടിയതും അമേരിക്കയാണ്. പരോക്ഷമായി മാത്രമല്ല, പ്രത്യക്ഷമായും നടത്തിയ ഇടപെടലുകൾക്ക് രേഖകളുണ്ട്.

നിക്കരാഗ്വയിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പു കാലത്ത് അവിടെ ഉപരോധം ഏർപ്പെടുത്തുന്ന ഒരു നിയമം (റീഎൻഫോഴ്സിങ് നിക്വരാഗ്വാസ് അഡ്ഹിയറൻസ് ടു കണ്ടീഷൻസ് ഓഫ് ഇലക്ടറൽ റീഫോംസ്) അമേരിക്കൻ ഗവൺമെന്റ് പാസാക്കി. നിക്കരാഗ്വയിലെ സർക്കാരിനെ പുറത്താക്കാൻ അവിടെയുള്ള വിവിധ രാഷ്ട്രീയ പാർടികൾക്ക് പണം നൽകി. അവരെ കൊണ്ട് 2021ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ 'പെട്ടെന്ന് രാഷ്ട്രീയമാറ്റം' കൊണ്ടുവരാൻ സ്വീകരിച്ച നടപടി അമേരിക്കൻ ഏജൻസിയുടെ രഹസ്യരേഖ പുറത്തായപ്പോൾ വെളിപ്പെട്ടു. തെരഞ്ഞെടുപ്പ് നി



ഡാനിയൽ ഒർട്ടേഗ



നിക്കോളാസ് മഡുറോ

യമവിരുദ്ധമെന്ന് വരുത്താൻ അമേരിക്കയിലെ വിവിധ ശക്തികൾ അതിനെ 'തെരഞ്ഞെടുപ്പ് കാട്ടിക്കൂട്ടൽ' എന്ന് വിശേഷിപ്പിച്ചു. ഇത് ലളിതമായ ഒരു കളിയാണ്. തെരഞ്ഞെടുപ്പ് നിയമവിരുദ്ധമെന്ന് സ്ഥാപിക്കുക, എന്നിട്ട് അതിന്റെ മറവിൽ ഉപരോധമേർപ്പെടുത്തി ശ്വാസം മുട്ടിച്ച് അമേരിക്കയുടെ ഇംഗീതത്തിന് വഴങ്ങേണ്ട സ്ഥിതിയിൽ മുഖ്യ രാഷ്ട്രീയ പാർടികളെ എത്തിക്കുക ഇതാണ് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അത് 'തെരഞ്ഞെടുപ്പിൽ ഇടപെടൽ' സംബന്ധിച്ച ബൈഡന്റെ നിർവചന പരിധിയിൽ വരില്ലെന്ന് മാത്രം.

വെനിസ്വലയിലെ ഇടപെടൽ ഇതിലും ആഴത്തിലുള്ളതാണ്. ട്രമ്പും പിന്നാലെ ബൈഡനും അവിടെ ഏർപ്പെടുത്തിയ ഉപരോധം വെനിസ്വലയിലെ ജനങ്ങൾക്ക് മുന്നിൽ വൻവെല്ലുവിളിയാണ് ഉയർത്തിയത്. ലോകത്തെ മറ്റു രാജ്യങ്ങളേക്കാൾ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തിയ നാടാണിത്. ഏറെ നീണ്ട പ്രക്രിയയിലൂടെ നിക്കോളാസ് മഡുറോ ഗവൺമെന്റ് എല്ലാ പ്രതിപക്ഷ പാർടികളുമായും ചർച്ച നടത്തി. വീണ്ടുമൊരിക്കൽ പ്രതിപക്ഷം ഒന്നിച്ചുകൂടി മത്സരിച്ചിട്ടും ബോളിവിയൻ വിപ്ലവത്തിന്റെ സിദ്ധാന്തത്തിൽ അടിയുറച്ച ചാവിസ്റ്റോ പാർടിയുടെ മുന്നേറ്റത്തെ തടയാൻ അവർക്കായില്ല. അമേരിക്കയുടെ മാനസപുത്രനായ വലതുപക്ഷക്കാരൻ ജുവാൻ ഗൈഡക്കുപോലും പ്രതിപക്ഷത്തിന് കൂടുതൽ ഐക്യത്തോടെ ഇനിയും പൊരുതേണ്ടി വരുമെന്ന പ്രസ്താവനയിലൂടെ തെരഞ്ഞെടുപ്പിനെ അംഗീകരിക്കേണ്ടിവന്നു. എന്നാൽ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ 'പ്രതിപക്ഷത്തെ' പീഡിപ്പിച്ചു; മാധ്യമ സെൻസർഷിപ്പ് ഏർപ്പെടുത്തി, മറ്റു ജനാധിപത്യ വിരുദ്ധ നടപടികൾ സ്വീകരിച്ചു; അതിനാൽ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവകവുമായ ഒന്നല്ല' എന്നാണ് ആരോപിച്ചത്. ലാറ്റിനമേരിക്കയിലെ ഇടതുപക്ഷത്തിന് അനുകൂലമായ ജനവിധികൾ അമേരിക്കയ്ക്ക് ചതുർഥിയാണ്.

## സമ്മർദ പ്രചരണങ്ങൾ

ജൂൺമാസം പെറുവിലെ തെരഞ്ഞെടുപ്പിൽ സംഭവിച്ചതുപോലെ പരാജയത്തെ മറികടക്കാനാവാതെ വന്നാൽ ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കാൻ ഒരുങ്ങുന്നവർക്കൊപ്പം അമേരിക്കയും പങ്കുചേരും. സമ്മർദം തീവ്രമായപ്പോൾ പ്രസിഡന്റ് പെഡ്രോ കാസ്റ്റിലോക്ക് വിദേശമന്ത്രി ഹെക്റ്റർ ബിജാറിനെ വെനിസ്വലക്കെതിരെയുള്ള ഉപരോധത്തെ എതിർത്തതിന്റെ പേരിൽ രാജിവെയ്ക്കാൻ ആവശ്യപ്പെടേണ്ടിവന്നു. പകരം നിയമിച്ചവരിൽ മുൻകാല ലോകബാങ്ക് ഉദ്യോഗസ്ഥനായ പെഡ്രോ ഫ്രാങ്കിയെ ഉൾപ്പെടുത്തേണ്ടി വന്നു. മുൻ സിഐഎ ഏജന്റ് ലിഡാ കെന്നയുടെ നേതൃത്വത്തിലുള്ള അമേരിക്കൻ എംബസിയുടെ അദൃശ്യകരങ്ങൾ കാസ്റ്റിലോക്കും അദ്ദേഹത്തിന്റെ പാർടിയും തമ്മിൽ പ്രത്യേകിച്ചും അതിന്റെ നേതാവ് വ്ളാഡിമിൻ കെറോണുമായി വിടവുണ്ടാക്കാനും പരിശ്രമം നടത്തി. ഭരിക്കുന്നത് കാസ്റ്റിലോ തന്നെയാണ്. എന്നാൽ സമ്മർദത്തിന് കീഴ്പ്പെട്ട് ഇടതുപക്ഷ അജണ്ടയിൽ വെള്ളം ചേർക്കാൻ അദ്ദേഹം നിർബന്ധിതനായി. മധ്യ അമേരിക്കയിൽ അമേരിക്കൻ സൈനികത്താവളമുള്ള ഹോണ്ടുറാസിലെ സിമോറാ കാസ്ട്രോ സർക്കാരിനും ഇത്തരം സമ്മർദം നേരിടേണ്ടിവരാം.

സ്വന്തം നാട്ടിലെ പ്രാദേശിക സ്ഥാപനങ്ങളായ സെലാക് (CELAC) പോലുള്ള ഐക്യ പ്രസ്ഥാനങ്ങളുടെ ഏകോപനം വഴി ഇടതുപക്ഷം നിലയുറപ്പിക്കുന്നുണ്ട്. 2010ൽ രൂപീകരിച്ച ഈ കൂട്ടായ്മ മെക്സിക്കോയിലെ ആൻഡ്രൂസ് മാനുവൽ ലോപ്പസ് തുടങ്ങിയ നേതാക്കൾ അടക്കം ചേർന്ന് രാഷ്ട്രീയ ഐക്യം ശക്തിപ്പെടുത്താനും അമേരിക്ക നിയന്ത്രിക്കുന്ന ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സ് (OAS) ന് പകരം വെക്കാനും ശ്രമിച്ചുവരുന്നു. 2004–ൽ ഫിഡൽ കാസ്ട്രോയും ഹ്യൂഗോ ഷാവേസും ചേർന്ന് സൃഷ്ടിച്ച ബൊളിവേറിയൻ പാർടികളുടെ വികസനവും രാജ്യങ്ങൾ തമ്മിലുള്ള ഐക്യവും സുപ്രധാനമാണ്. അട്ടിമറിയെ അതിജീവിച്ച ശേഷം ബൊളീവിയ ഇതിലേക്ക് തിരിച്ചുവന്നതുപോലെ ഹോണ്ടുറാസും ഈ കൂട്ടായ്മയിലേക്ക് തിരികെ വരാനാണ് സാധ്യത. ഈ പൊതു പ്ലാ



**2004-ൽ ഫിഡൽ കാസ്ട്രോയും ഹ്യൂഗോ ഷാവേസും ചേർന്ന് സൃഷ്ടിച്ച ബൊളിവേറിയൻ പാർടികളുടെ പൊതു പ്ലാറ്റ്ഫോമിന് അമേരിക്കൻ കുറിപ്പടിക്ക് വഴങ്ങാതെ ഒരു നയവും പദ്ധതിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഹോണ്ടുറാസിലെ പ്രസിഡന്റ് സിമോറാ കാസ്ട്രോ ഈ കൂട്ടായ്മയിൽ ചേരുക മാത്രമല്ല, അവരുടെ ആദ്യ വിദേശ സന്ദർശനം അമേരിക്കയിലേക്കല്ലെന്നും വ്യക്തമാണ്. ബീജിംഗിലേക്കാണ് താൻ ആദ്യം പോകുക എന്നവർ പ്രസ്താവിച്ചുകഴിഞ്ഞു. ചൈനയും മറ്റ് ഏഷ്യൻ രാജ്യങ്ങളുമായും കൂടുതൽ അടുത്ത ബന്ധം പുലർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ലിബ്രേ പാർടി നേതാക്കൾ പ്രഖ്യാപിച്ചിട്ടുണ്ട്.**

റ്റ്ഫോമിന് അമേരിക്കൻ കുറിപ്പടിക്ക് വഴങ്ങാതെ ഒരു നയവും പദ്ധതിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഹോണ്ടുറാസിലെ പ്രസിഡന്റ് സിമോറാ കാസ്ട്രോ ഈ കൂട്ടായ്മയിൽ ചേരുക മാത്രമല്ല, അവരുടെ ആദ്യ വിദേശ സന്ദർശനം അമേരിക്കയിലേക്കല്ലെന്നും വ്യക്തമാണ്. ബീജിംഗിലേക്കാണ് താൻ ആദ്യം പോകുക എന്നവർ പ്രസ്താവിച്ചുകഴിഞ്ഞു. ചൈനയും മറ്റ് ഏഷ്യൻ രാജ്യങ്ങളുമായും കൂടുതൽ അടുത്ത ബന്ധം പുലർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ലിബ്രേ പാർടി നേതാക്കൾ പ്രഖ്യാപിച്ചിട്ടുണ്ട്. അമേരിക്കയ്ക്കൊപ്പം എന്ന ചരിത്രപരമായ രീതിയിൽ നിന്നുള്ള വ്യതിയാനമാണിത്. ഇത് ജനാധിപത്യ മുന്നേറ്റത്തിൽ സുപ്രധാനമാണ്. 2022ൽ ബ്രസീലിലും കൊളംബിയയിലും നടക്കുന്ന തെരഞ്ഞെടുപ്പോടെ ഇത് കൂടുതൽ ശക്തമാകും.

ഈ രണ്ട് രാജ്യങ്ങളിലും തീവ്രവലതു പക്ഷത്തിനെതിരെ ഇടതുപക്ഷത്തിന് കാര്യമായ മുൻകൈ നേടാനാകും. ബ്രസീൽ നൽകുന്ന സൂചന പ്രകാരം മുൻപ്രസിഡന്റ് ലുലയുടെ തിരിച്ചുവരവ് ഏകദേശം തീർച്ചയാണ്. ഇപ്പോഴത്തെ വലതുപക്ഷക്കാരനായ പ്രസിഡന്റ് ജെർ ബോൾസനാരോ 2018ൽ അധികാരത്തിൽ വന്നത് ലുലക്കെതിരെ കള്ള ക്രിമിനൽ കേസുണ്ടാക്കി അദ്ദേഹത്തെ തെരഞ്ഞെടുപ്പിൽ നിന്ന് മാറ്റിനിർത്തിയാണ്. ആ പണി ഇനി സാധ്യമല്ല.

കൊളംബിയയിൽ ഇടതുപക്ഷക്കാരനായ മുൻമേയർ ബോഗാട്ടോ ഗസ്റ്റാവോ പെട്രോ ആണ് പ്രസിഡന്റ് സ്ഥാനാർഥി. ഒരു ലിബറൽ ചിന്താഗതിക്കാരനെപ്പോലും ഉൾക്കൊള്ളാൻ തയ്യാറാകാത്ത കൊളംബിയൻ സ്വേച്ഛാധിപത്യത്തിൽ നിന്ന് വൻവെല്ലുവിളിയാണ് പെട്രോക്ക് നേരിടേണ്ടി വരിക. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ രണ്ടാം സ്ഥാനത്ത് എത്തിയ ഒരു മുൻഗറില്ലയായ പെട്രോക്ക് ഇടതുപക്ഷത്തെ ആകെ കൂട്ടി യോജിപ്പിക്കാൻ കഴിഞ്ഞാൽ ഇവാൻ സൂക്കിന്റെ ഭരണത്തിനെതിരെ വൻപ്രക്ഷോഭം അലയടിച്ചുയരുന്ന പശ്ചാത്തലത്തിൽ തീർച്ചയായും മുന്നേറാൻ കഴിയും. ബ്രസിലിൽ ലുലയും കൊളംബിയയിൽ പെട്രോയും വിജയിച്ചാൽ തെക്കേ അമേരിക്കയിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തുരുമ്പെടുക്കുന്ന ചട്ടക്കൂട് കൂടുതൽ ദുർബലമാകും. •

# ഓസ്ട്രിയൻ കമ്യൂണിസ്റ്റ് പാർടി ഗ്രാസിൽ ചെങ്കൊടി പാറിച്ചു



മധ്യയൂറോപ്പിന്റെ തെക്ക് ആൽപ്സിനോട് ചേർന്നു നിൽക്കുന്ന രാജ്യമാണ് ഓസ്ട്രിയ. വലതുപക്ഷ രാഷ്ട്രീയത്തിന് ഏറെ വേരോട്ടം ലഭിച്ച രാജ്യം. യാഥാസ്ഥിതിക കക്ഷിയായ ഓസ്ട്രിയൻ പീപ്പിൾസ് പാർടിയും തീവ്രവലതുപക്ഷ ഓസ്ട്രിയൻ ഫ്രീഡം പാർടിയുമാണ് സമീപകാല ഓസ്ട്രിയയുടെ രാഷ്ട്രീയം നിയന്ത്രിക്കുന്നത്. നൂറുവർഷം പിന്നിട്ട ഓസ്ട്രിയൻ കമ്യൂണിസ്റ്റ് പാർടിക്ക് നാമമാത്രമായ സ്വാധീനം മാത്രമേയുള്ളൂ. (ഒരു ശതമാനത്തിലും താഴെ മാത്രമാണ് വോട്ട്) എന്നിട്ടും ഓസ്ട്രിയയുടെ തെക്ക് ഭാഗത്തുള്ള ഗ്രാസ് നഗരത്തിൽ നവംബർ 17ന് കമ്യൂണിസ്റ്റ് മേയർ അധികാരമേറി. തലസ്ഥാനമായ വിയന്ന കഴിഞ്ഞാൽ  വലിയ നഗരമാണ് സ്റ്റൈറിയ സംസ്ഥാനത്തിന്റെ തലസ്ഥാനം കൂടിയായ ഗ്രാസ്. മൂർ നദിയുടെ ഇരുകരയിലുമായി സ്ഥിതിചെയ്യുന്ന ഈ നഗരത്തിൽ മൂന്ന് ലക്ഷമാണ് ജനസംഖ്യ. നേരത്തേ വൈസ് മേയർ പദവിയിലിരുന്ന(2016–17ൽ) അറുപതുകാരി എൽക കർ ആണ് മേയറായി അധികാരമേറ്റത്. ഓസ്ട്രിയൻ കമ്യൂണിസ്റ്റ് പാർടിയുടെ നേതാവാണ് 30 വർഷമായി പാർടിയിൽ സജീവ സാന്നിധ്യമായ കർ. 16 വർഷമായി നഗരത്തിലെ കൗൺസിലറാണ് അവർ. ഗ്രാസിൽ സെപ്തംബർ 26ന് നടന്ന മേയർ തെരഞ്ഞെടുപ്പിൽ 28.84 ശതമാനം വോട്ടും 15 സീറ്റും നേടിയാണ് കമ്യൂണിസ്റ്റ് പാർടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായത്.

# കരുതൽ എണ്ണവിൽപ്പന വ്യാപാരയുദ്ധത്തിന് വഴിതെളിക്കും

അമേരിക്കയുടെ രാഷ്ട്രീയതാൽപ്പര്യ സംരക്ഷണത്തിനായി എണ്ണമേഖലയിൽ വ്യാപാരയുദ്ധത്തിന് വഴിതുറക്കുന്ന നീക്കത്തിന് കൂട്ടുനിൽക്കുന്നത് ഇന്ത്യക്ക് ഭാവിയിൽ വൻ തിരിച്ചടിയാകും. കുറഞ്ഞ വിലയിൽ സംഭരിച്ച എണ്ണ നാലിരട്ടി നിരക്കിൽ വിറ്റ് ലാഭം കൊയ്യാനുള്ള വ്യഗ്രതയും അമേരിക്കയുടെ സമ്മർദവുമാണ് കരുതൽഎണ്ണശേഖരം പൊതുവിപണിയിൽ തുറന്നിടുന്നതിനു പിന്നിൽ. ക്രൂഡോയിൽ വില കുറയ്ക്കാനെന്ന പേരിലാണ് നടപടി.

അമേരിക്ക, ഇന്ത്യ, ചൈന, ജപ്പാൻ തുടങ്ങിയ വൻകിട എണ്ണ ഉപഭോ?ഗ രാജ്യങ്ങൾ കരുതൽനിക്ഷേപത്തിൽനിന്ന് വിൽപ്പന നടത്തിയാൽ എണ്ണ ഉത്പാദകരായ ഒപെക് രാജ്യങ്ങൾ എണ്ണവില കുറയ്ക്കാൻ സന്നദ്ധരാകുമെന്നാണ് അമേരിക്ക പ്രതീക്ഷിക്കുന്നത്. ഇടക്കാല തെരഞ്ഞെടുപ്പ് വരുന്ന സാഹചര്യത്തിൽ രാജ്യത്ത് എണ്ണവില താൽക്കാലികമായെങ്കിലും പിടിച്ചുനിർത്തേണ്ടത് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ രാഷ്ട്രീയ ആവശ്യമാണ്.  അറുപത് കോടി വീപ്പയിലേറെ എണ്ണ കരുതൽശേഖരമുള്ള അമേരിക്ക 50 ലക്ഷം വീപ്പ വിൽക്കുന്നത് പ്രശ്നമല്ല. ഇന്ത്യയുടെ കരുതൽ ശേഖരമാകട്ടെ നാലു കോടി വീപ്പയിൽ താഴെമാത്രം. ചൈന, ജപ്പാൻ രാജ്യങ്ങൾക്കും ഇന്ത്യയുടെ പതിന്മടങ്ങ് കരുതൽശേഖരമുണ്ട്.

എണ്ണ ഉൽപ്പാദക രാജ്യങ്ങളുമായി നിലവിൽ ഇന്ത്യയ്ക്ക് നല്ല ബന്ധമാണ്. അമേരിക്കയുടെ തീരുമാനത്തിനു കീഴടങ്ങിയുള്ള നീക്കം ഒപെക് രാജ്യങ്ങളുമായുള്ള അനാവശ്യമത്സരത്തിന് വഴിവെയ്ക്കും. രാജ്യാന്തരവിപണിയിൽ എണ്ണവിലയിൽ സ്ഥിരതയുണ്ടാകാൻ നയതന്ത്ര പരിഹാരമാണ് വേണ്ടത്. കോവിഡിൽ വിലയിടിഞ്ഞപ്പോൾ വീപ്പയ്ക്ക് 19 ഡോളറിനു വാങ്ങിയ എണ്ണ വിൽക്കുമ്പോൾ പകരം വാങ്ങാൻ നിലവിലെ വിപണിവില നൽകേണ്ടിവരും. വൻതോതിൽ വിദേശനാണ്യം ചെലവിടേണ്ടിവരും. ഇന്ത്യക്ക് ആവശ്യമായ എണ്ണയുടെ 85 ശതമാനവും ഇറക്കുമതിയാണ്. പ്രതിദിനം 42 ലക്ഷം വീപ്പ ഇന്ത്യ ഇറക്കുമതി ചെയ്യുന്നു. എണ്ണ ഉപയോഗത്തിൽ ലോകത്തെ മൂന്നാമത്തെ രാജ്യമായ ഇന്ത്യ ഉൽപ്പാദനത്തിൽ 20–ാം സ്ഥാനത്താണ്. ലോകത്തെ എണ്ണനിക്ഷേപത്തിന്റെ 0.29 % മാത്രമാണ് ഇന്ത്യയിലുള്ളത്.

# സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പരിഷ്കാരങ്ങളുടെ പരീക്ഷണശാല

**സി.ജെ. നന്ദകുമാർ**

പൊതുമേഖലാ ബാങ്കുകളുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണം സാധ്യമാക്കുന്ന ബാങ്കിംഗ് നിയമ ഭേദഗതി ബില്ലുകൾ പാർലമെന്റിന്റെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കാനുള്ള തയ്യാറെടുപ്പിലാണ് നരേന്ദ്രമോഡി സർക്കാർ. 1970ലേയും 1980ലേയും ബാങ്ക് ദേശസാൽക്കരണ നിയമങ്ങൾ, 1949ലെ ബാങ്കിംഗ് നിയന്ത്രണ നിയമങ്ങൾ എന്നിവയാണ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

**നഷ്ടങ്ങളെല്ലാം ദേശസാൽക്കരിക്കുകയും ലാഭങ്ങളെല്ലാം സ്വകാര്യ കോർപ്പറേറ്റുകൾക്ക് കൈമാറുകയും ചെയ്യുന്ന ചങ്ങാത്ത മുതലാളിത്ത നയങ്ങളുടെ പാരമ്യത്തിലാണ് ഇന്ത്യയിലെ ബാങ്കിംഗ് മേഖലയും എന്ന് SBIയുടെ അനുഭവങ്ങൾ വിളിച്ചുപറയുകയാണ്. ജനകീയ പ്രതിരോധത്തിനു മാത്രമേ ഈ വെല്ലുവിളികളെ മറികടക്കാൻ കഴിയുകയുള്ളൂ.**




രാജ്യത്ത് 22219 ശാഖകളും 71968 ബിസിനസ് കറസ്പോണ്ടൻമാർ വഴിയുള്ള കസ്റ്റമർ സർവ്വീസ് പോയിന്റുകളുമുള്ള സ്റ്റേറ്റ് ബാങ്ക് കേവലം 63 ശാഖകൾ മാത്രമുള്ള അദാനി കാപ്പിറ്റലുമായി ബന്ധപ്പെടുന്നതുവഴി ഇടപാടുകാരുടെ അടിത്തറ വിപുലപ്പെടുമെന്ന പ്രസ്താവനയിറക്കാൻ അസാമാന്യ തൊലിക്കട്ടിതന്നെ വേണ്ടിവരും. ജനകീയ ബാങ്കിംഗ് സ്ഥാപനം എന്ന നിലയിൽ നിന്ന് കോർപ്പറേറ്റ് ബാങ്കിംഗ് സ്ഥാപനം എന്ന അവസ്ഥയിലേക്ക് സ്റ്റേറ്റ് ബാങ്ക് പ്രയാണമാരംഭിച്ചത് ഇന്നോ ഇന്നലെയോ അല്ല. ഇന്ത്യയിലെ ബാങ്കിംഗ് പരിഷ്കാരങ്ങളുടെ 'ഗിനിപന്നി'യായി ഈ ബാങ്ക് മാറിക്കൊണ്ടിരിക്കുകയാണ്.

### പരിഷ്കാരങ്ങളുടെ പരീക്ഷണശാല

ഇന്ത്യാ സർക്കാരിന് ഇപ്പോഴും 56.92 ശതമാനം ഓഹരിയുണ്ടെങ്കിലും സ്റ്റേറ്റ് ബാങ്കിന്റെ പൊതുമേഖലാ സ്വഭാവം ക്രമാനുഗതമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. ഇന്ത്യയിൽ ആദ്യമായി കാർഷിക വികസന ശാഖകൾക്ക് രൂപംനൽകിയ എസ്.ബി.ഐ., ഇന്ന് രാജ്യത്തെ എട്ട് നഗരങ്ങളിലായി 51 കോർപ്പറേറ്റ് എക്കൗണ്ട്സ് ഗ്രൂപ്പ് ശാഖകൾ തുറന്ന് കോർപ്പറേറ്റുകൾക്ക് നൽകിയിട്ടുള്ള വായ്പ 818705 കോടി രൂപയാണ്. (മാർച്ച് 31, 2021). അതേസമയം ബാങ്കിന്റെ കാർഷിക വായ്പ 213000/- കോടി രൂപയാണ്. ഇതിൽ സിംഹഭാഗവും മഹാനഗരങ്ങളിൽ അഗ്രിബിസിനസ് കമ്പനികൾക്ക് നൽകിയിട്ടുള്ള വായ്പയാണെന്നോർക്കുക.

ഡിജിറ്റൽ ബാങ്കിംഗിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന സ്റ്റേറ്റ് ബാങ്ക്, പക്ഷേ, ഡിജിറ്റൽ വായ്പകൾക്കായി പത്ത് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളായ ഫിൻടെക് കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നു. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ പട്ടികയിൽവരുന്ന ഇവ ഈടാക്കുന്ന പലിശ നിരക്ക് 26 ശതമാനമാണെന്നോർക്കുക. എസ്.ബി.ഐ.തന്നെ വികസിപ്പിച്ചെടുത്ത ഡിജി

**ലയനശേഷം സ്റ്റേറ്റ് ബാങ്ക് 2500 ലധികം ശാഖകൾ അടച്ചുപൂട്ടി. സേവനങ്ങൾ പലതും പടിപടിയായി സ്വകാര്യ കമ്പനികളുമായി പങ്കുവയ്ക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് അദാനി കാപ്പിറ്റലുമായി ഉണ്ടാക്കിയ കരാർ.**

റ്റൽ ആപ്പ് ആണ് "യോനോ" എന്ന പേരിൽ അറിയപ്പെടുന്നത്. 'You only Need One' എന്ന പദം സൂചിപ്പിക്കുന്നതുപോലെ ഒരു ഇടപാടുകാരന് എല്ലാവിധ ബാങ്ക് ഇടപാടുകളും ഈ ഒരു ആപ് വഴി നിർവഹിക്കാൻ കഴിയും. ഈ ആപ് വികസിപ്പിക്കുന്നതിന് നേതൃത്വം നൽകിയ ഉയർന്ന ഉദ്യോഗസ്ഥയും പിന്നീട് റിലയൻസിൽ കടന്നുകൂടിയത് യാദൃശ്ചികമായിരിക്കാം. ഇപ്പോൾ യോനോ അടക്കമുള്ള സംവിധാനങ്ങളെ പ്രത്യേക സബ്സിഡിയറി കമ്പനികളാക്കി മാറ്റാനുള്ള നീക്കത്തിലാണ് എസ്.ബി.ഐ. ഏർപ്പെട്ടിരിക്കുന്നത്.

സബോർഡിനേറ്റ് കാഡറിൽ നിയമനം നിർത്തലാക്കി തൂപ്പുജോലികൾ പൂർണമായും സ്വകാര്യമേഖലയ്ക്ക് കരാർ കൊടുത്തിരിക്കയാണ്.

ഡ്രൈവർ തസ്തികകൾ നിർത്തലാക്കി ഔട്ട്സോഴ്സിങ്ങ് നടത്തിക്കഴിഞ്ഞു. ഇപ്പോൾ കാഷ് മാനേജ്മെന്റ് സിസ്റ്റവും ഔട്ട്സോഴ്സിങ്ങിന്റെ വഴിയിലാണ്. വ്യാപകമായ സ്വകാര്യ പുറംപണിക്കരാർ നിലനിൽക്കുന്നതുകൊണ്ട് ഇടപാടുകാരുടെ വിവരങ്ങൾ ചോരുന്ന സംഭവങ്ങളും ക്രമക്കേടുകളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഇതുകൂടാതെ സെക്കൻഡറി ലോൺ മാർക്കറ്റ് അസോസിയേഷൻ എന്ന ഓൺലൈൻ പ്ലാററ്ഫോം സ്റ്റേറ്റ് ബാങ്കിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു കഴിഞ്ഞു. കോർപ്പറേററ് വായ്പകൾ ദ്വിതീയ കമ്പോളത്തിൽ കച്ചവടം ചെയ്യുക എന്ന ദൗത്യമാണ് ഈ പ്ലാററ്ഫോം വഴി നിർവ്വഹിക്കാൻ പോകുന്നത്. അതായത് കിട്ടാക്കടം മാത്രമല്ല ബാങ്ക് വായ്പകൾ പോലും വിൽപ്പനച്ചരക്കാക്കി ഊഹക്കച്ചവടം നടത്തുന്നതിനുള്ള പുതിയ കമ്പോള സംവിധാനത്തിൽ ഇന്ത്യയിലെ ഏററവും വലിയ പൊതുമേഖലാ ബാങ്ക് നേതൃത്വം നൽകുന്നു.

### ജനകീയ ബാങ്കിങ്ങിന് മരണമണി

അറുപത്താറു വർഷം പ്രായമായ ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കിന്റെ അനുഭവം പാഠമാക്കി, വരാൻപോകുന്ന ബാങ്കിംഗ് നിയമ ഭേദഗതി ബില്ലുകൾകൂടി യാഥാർത്ഥ്യമായാൽ ജനങ്ങൾ പോരാടി നേടിയ ജനകീയ ബാങ്കിംഗിന് അന്ത്യംകുറിക്കാൻ ഇനി അധികദൂരം ഇല്ല എന്ന് തിരിച്ചറിയേണ്ടിവരും. അസ്സോസിയേറ്റ് ബാങ്കുകളെ നിർബന്ധപൂർവ്വം എസ്.ബി.ഐ.യിൽ ലയിപ്പിച്ചപ്പോൾ ഭരണാധികാരികൾ മുന്നോട്ടുവച്ച അവകാശവാദങ്ങൾ ആരും മറന്നിട്ടില്ല. ഈ ലയനത്തിന്റെ മറപിടിച്ചാണ് പിന്നീട് പത്ത് ബാങ്കുകളെ ലയിപ്പിച്ച് നാലാക്കി മാറ്റിയത്.

ലയനശേഷം സ്റ്റേറ്റ് ബാങ്ക് 2500 ലധികം ശാഖകൾ അടച്ചുപൂട്ടി. സേവനങ്ങൾ പലതും പടിപടിയായി സ്വകാര്യ കമ്പനികളുമായി പങ്കുവയ്ക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് അദാനി കാപ്പിറ്റലുമായി ഉണ്ടാക്കിയ കരാർ. 22000-ത്തിലധികം ശാഖകളും 58500 എ.ടി.എം.കളും രണ്ടര ലക്ഷം മനുഷ്യ വിഭവശേഷിയും 45 കോടിയിലധികം ഇടപാടുകാരുമുള്ള ബാങ്കിന് കാർഷിക വായ്പ നൽകാൻ അദാനിയുടെ കമ്പനിയുടെ സഹായം വേണമെന്നത് ആർക്കാണ് വിശ്വസിക്കാൻ കഴിയുക.

കരാർ ലംഘനങ്ങളും ക്രമക്കേടുകളും അവിഹിത ഇടപാടുകളും കൊണ്ട് കഴിഞ്ഞ മൂന്നു വർഷമായി റിലയൻസ് കാപ്പിറ്റൽ കുഴപ്പത്തിലാണ്. 2018-ൽത്തന്നെ കമ്പനിയുടെ ഓഡിറ്റർ ലോകപ്രശസ്ത പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ രാജിവച്ചു. ഓഡിറ്റർമാരുടെ ന്യായമായ സംശയങ്ങൾക്ക് കമ്പനി മറുപടി നൽകിയില്ല എന്നതാണ് കാരണം. മുപ്പതുശതമാനം മൂലധന പര്യാപ്തത വേണ്ടിയിരുന്ന റിലയൻസ് കാപ്പിറ്റലിന്റെ യഥാർത്ഥ മൂലധന പര്യാപ്തത 10.8 ശതമാനം മാത്രം.

നഷ്ടങ്ങളെല്ലാം ദേശസാൽക്കരിക്കുകയും ലാഭങ്ങളെല്ലാം സ്വകാര്യ കോർപ്പറേറ്റുകൾക്ക് കൈമാറുകയും ചെയ്യുന്ന ചങ്ങാത്ത മുതലാളിത്ത നയങ്ങളുടെ പാരമ്യത്തിലാണ് ഇന്ത്യയിലെ ബാങ്കിംഗ് മേഖലയും എന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുഭവങ്ങൾ വിളിച്ചുപറയുകയാണ്. വലിയ ജനകീയ പ്രതിരോധത്തിനു മാത്രമേ ഈ വെല്ലുവിളികളെ മറികടക്കാൻ കഴിയുകയുള്ളൂ. ബാങ്ക് ജീവനക്കാരുടെ പോരാട്ടങ്ങൾ ഈ ദിശയിൽ മുന്നേറുമെന്ന് പ്രതീക്ഷിക്കാം.



എസ്.ജയമോഹൻ

# പ്ലാന്റേഷൻ നയം തോട്ടം മേഖലയ്ക്ക് ആശ്വാസകരമാകും

**ജസ്റ്റീസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്ലാന്റേഷൻ നയം രൂപീകരിയ്ക്കാനുള്ള നീക്കങ്ങൾ സർക്കാർ ആരംഭിച്ചിരിക്കുന്നു. അതിനായി പുറത്തിറക്കിയിട്ടുള്ള കരട് നിർദ്ദേശങ്ങൾ തോട്ടം വ്യവസായികളും, കൃഷിക്കാരും, തൊഴിലാളികളും, സ്വാഗതം ചെയ്യുന്നതാണ്. ഇന്ത്യയിലാദ്യമായിട്ടായിരിയ്ക്കും ഒരു സംസ്ഥാനത്ത് പ്ലാന്റേഷൻ നയം രൂപീകരിക്കാനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കാനുമുള്ള തീരുമാനം എടുക്കുന്നത്.**

ഇന്ത്യയ്ക്ക് ആവശ്യമായ റബ്ബറിന്റെ 80%വും ഉൽപാദിപ്പിച്ച് നൽകുന്ന കേരളത്തിന് ഒരുപരിഗണനയും കേന്ദ്രം കേരളത്തിലെ റബ്ബർ കർഷകന് നൽകുന്നില്ല. കേരളത്തിന്റെ റബ്ബർ കൃഷി ഉൾപ്പെടെയുള്ള തോട്ടവിളകളുടെ സംരക്ഷണ ചുമതല സംസ്ഥാന ഗവൺമെന്റിലേക്ക് എത്തിച്ചേരുകയാണ്. ഈ സന്ദർഭത്തിൽ പ്രതിസന്ധി മുന്നിൽ കണ്ട് കേരള സർക്കാർ തുടക്കം കുറിച്ചിരിക്കുന്ന പ്ലാന്റേഷൻ നയം പൂർണ്ണതയിലേയ്ക്ക് എത്തിയാൽ അത് ഏറെ ആശ്വാസകരമായിരിക്കും. അത് രാജ്യത്തിനാകെ മാതൃകായി മാറുകയും ചെയ്യും.

ജസ്റ്റീസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്ലാന്റേഷൻ നയം രൂപീകരിയ്ക്കാനുള്ള നീക്കങ്ങൾ സർക്കാർ ആരംഭിച്ചിരിക്കുന്നു. അതിനായി പുറത്തിറക്കിയിട്ടുള്ള കരട് നിർദ്ദേശങ്ങൾ തോട്ടം വ്യവസായികളും, കൃഷിക്കാരും, തൊഴിലാളികളും, സ്വാഗതം ചെയ്യുന്നതാണ്. ഇന്ത്യയിലാദ്യമായിട്ടായിരിയ്ക്കും ഒരു സംസ്ഥാനത്ത് പ്ലാന്റേഷൻ നയം രൂപീകരിക്കാനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കാനുമുള്ള തീരുമാനം എടുക്കുന്നത്.

തോട്ടം മേഖലയെ അഭിവൃദ്ധിപ്പെടുത്തുകയും തൊഴിലാളികളുടെ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും, വേതനവും ഉറപ്പാക്കുകയുമാണ് ഈ നയം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. പ്ലാന്റേഷൻ മേഖലയുടെ പ്രതാപകാലം വീണ്ടെടുക്കൽ, തൊഴിലാളികളുടെ ജീവിത സാഹചര്യം അഭിവൃദ്ധിപ്പെടുത്തൽ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, വൈവിദ്യവത്ക്കരണം, ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണി കണ്ടെത്തൽ തുടങ്ങിയവയാണ് ഈ നയത്തിന്റെ കാതൽ.

തോട്ടവിളകളുടെ അനിയന്ത്രിതമായ ഇറക്കുമതി വൻതോതിലുള്ള വിലയിടിവിന് കാരണമാകുകവഴി ആഭ്യന്തര തോട്ടം വ്യവസായം തകർച്ചയിലേയ്ക്ക് കൂപ്പുകുത്തി.

ഉല്പാദനത്തിലും ഉൽപാദനക്ഷമതയിലും ഉണ്ടായിട്ടുള്ള ഇടിവാണ് ഈ വ്യവസായം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. തേയിലയുടെ ഉല്പാദന ക്ഷമത ദേശീയ ശരാശരി ഹെക്ടറിന് 2362 കിലോഗ്രാമാണ്. കേരളത്തിലത് 1737 കിലോഗ്രാം മാത്രമാണ്. തേയില നഷ്ടമായതിനാൽ ഉല്പാദനക്ഷമത കൂടുതലുള്ള തേയില ചെടികൾ പ്ലാന്റേഷനിലൂടെ കൃഷി ചെയ്യാൻ തോട്ടം ഉടമകൾ തയ്യാറാകുന്നില്ല. റബ്ബറിന്റെ ഉല്പാദനത്തിലും വൻ കുറവാണ് ഉണ്ടായിട്ടുള്ളത്. 2011–12 ൽ ഹെക്ടറിന് 1931 കിലോഗ്രാം ആയിരുന്നത് 2017–18 ൽ 1622 ആയി കുറഞ്ഞു. ദേശീയതലത്തിലും 1841 കിലോഗ്രാമിൽ നിന്നും 1449 കിലോഗ്രാമായി കുറഞ്ഞു. ദക്ഷിണപൂർവ്വേഷ്യയിൽ നിന്ന് വൻതോതിലുള്ള ഇറക്കുമതിയും കേരളത്തിലെ റബ്ബർതോട്ടം മേഖലയെ കൂടുതൽ പ്രയാസത്തിലാക്കിയിരി



ക്കുകയാണ്. കാപ്പിയുടെ ഉല്പാദന ക്ഷമത 2018ൽ ദേശീയ തലത്തിൽ ഹെക്ടറിന് 765 കിലോഗ്രാമായിരിക്കുമ്പോൾ കേരളത്തിൽ അത് 774 ആണ്. കാപ്പിവിള കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് കേരളത്തിലും ഇന്ത്യയിലും വർദ്ധിച്ചിട്ടുണ്ട്. ഏലം ഉല്പാദനത്തിൽ 88.96% വും കേരളത്തിലാണ്. 2017 18 ൽ ഇന്ത്യയിൽ ആകെ ഉല്പാദിപ്പിച്ച ഏലം 20650 ടൺ ആണ്. അതിൽ 18350 ടണ്ണും നമ്മുടെ വിഹിതമാണ്. ഏലം തോട്ടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുകയാണ്. കലാവസ്ഥാ വ്യതിയാനം അതിനു ഒരു കാരണമാണ്.

തോട്ടം വ്യവസായം സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്ത വരുമാനത്തെയും നികുതിവരുമാനത്തെയും ഗണ്യമായി ബാധിയ്ക്കുന്നതാണ്. തോട്ടം വ്യവസായത്തിന്റെ പ്രതിസന്ധി ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചത് തൊഴിലാളികളെയും ഇടത്തരം കൃഷിക്കാരെയുമാണ്. കേരളത്തിലെ ജനങ്ങളുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്. കേരള മോഡൽ എന്ന വിശേഷണത്തിന് നാം അർഹത നേടിയത് തൊഴിലാളികളുടെ ഉൾപ്പെടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടതു കൊണ്ടുകൂടിയാണ്. തോട്ടം പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മററുമേഖലകളിലെ ശമ്പള വർദ്ധനവും ആനുകുല്യങ്ങളും ആമേഖലയിലെ തൊഴിലാളികൾക്കു ലഭിക്കുന്നില്ല. നഷ്ടത്തിന്റെ കണക്കുപറഞ്ഞു ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ തന്നെ നിഷേധിക്കുകയാണ് മാനേജ്മെന്റുകൾ ചെയ്യുന്നത്. നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പാക്കി തൊഴിലാളികളെ സംരക്ഷിക്കുന്ന നയമാണ് കേരള സർക്കാരും തൊഴിൽ വകുപ്പും സ്വീകരിച്ചുവരുന്നത്. തൊഴിലാളികളുടെ ഭവന പദ്ധതി, ഇ.എസ്.ഐ വഴിയുള്ള ചികിത്സ, തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് മുൻഗണന നൽകികൊണ്ട് റിഹാബിലിറ്റേഷൻ പ്ലാന്റേഷനിൽ ഉൾപ്പെടെ സ്ഥാപിക്കപ്പെട്ട ഗവൺമെന്റ് ഐ.റ്റി.ഐകൾ, ത്രിതല പഞ്ചായത്തുകളുടെ തോട്ടം മേഖലയിലെ പുനരുദ്ധാരണത്തിന് ഫണ്ട് വകയിരുത്തണമെന്ന ഉത്തരവ് ഇതെല്ലാം കാലഘട്ടത്തിന് അനുസരണമായിട്ടുള്ള ഒരു മാറ്റമാണ്.

സംസ്ഥാനത്തിന്റെ മലയോര മേഖലയിലെ ഇടത്തരക്കാർ റബ്ബർ, ഏലം, കുരമുളക്, തേയില, കാപ്പി, കശുവണ്ടി, നാളികേരം എന്നിവയാണ് കൃഷി ചെയ്യുന്നത്. റബ്ബറിന്റെ വിലയിടിവ് മൂലം ജീവിത പ്രയാസം അനുഭവിക്കുന്നത് ഈ ഇടത്തരം വിഭാഗക്കാരാണ്. സർക്കാർ പ്രഖ്യാപിച്ച 170 രൂപ പാക്കേജ് പ്രയോജനകരമാണെങ്കിലും പൂർണ്ണമായും കർഷകർ തൃപ്തരല്ല. അവർക്ക് ഒരു പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റ് കൂടി പ്രഖ്യാപിക്കണം.

പ്ലാന്റേഷൻ ഡയറക്ടറേറ്റ് നിലവിൽ വരുമ്പോൾ പല പ്രശ്നങ്ങളും നീണ്ടകാലത്തെ നിയമകുരുക്കിൽ പെട്ടുകിടക്കുന്നതിന് പരിഹാരം കാണാൻ കഴിയുമെന്നതാണ് പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്ന്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പല വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. നികുതി, നിയമം, വനം, റവന്യൂ, കൃഷി, തൊഴിൽ, പുനരുദ്ധാരണം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സംയോജനം ആവശ്യമാണ്. പലപ്പോഴും നിയമകുരുക്കുകളിൽപ്പെട്ട് വർഷങ്ങളോളം പരിഹാരം കാണാതെകിടക്കുന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഡയറക്ടറേറ്റു വരുന്നതോടെ അതിന് പരിഹാരം കാണാൻ കഴിയും.

ടൂറിസ്റ്റുകൾ നമ്മുടെ തോട്ടങ്ങളിൽ വരുന്നുണ്ട്. അവർക്ക് ഏറ്റവും ഇഷ്ടപ്പെടുന്നത് തേയിലയും, ഏലവും, എണ്ണപ്പനയും, കുരുമുളകും, റബ്ബർ പ്ലാന്റേഷനുകളും, പ്ലാന്റേഷനുകൾക്കകത്തുള്ള വെള്ളച്ചാട്ടങ്ങളും, അരുവികളുമാണ്. ഇത് പ്രയോജനപ്പെടുത്താൻ ഫാം ടൂറിസം നാം പ്രോത്സാഹിപ്പിക്കണം.●

# പത്തനംതിട്ട ജില്ല KSEB എംപ്ലോയീസ് സഹകരണസംഘം

പി.ടി. 39, പത്തനംതിട്ട, 110 kv substation building,
പത്തനംതിട്ട, 689 645, ഫോൺ : 0468 2323363

- അംഗങ്ങൾക്ക് 10 ലക്ഷം രൂപ വരെ ഉദാരമായ ജാമ്യ വ്യവസ്ഥയിൽ വായ്പ
- മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട്
- 30,000 രൂപ വരെ എമർജൻസി വായ്പ
- വിദ്യാഭ്യാസ വായ്പ 50,000 രൂപ വരെ
- കൺസ്യൂമർ വായ്പ 1 ലക്ഷം രൂപ വരെ
- വ്യക്തിഗത വായ്പ 2 ലക്ഷം രൂപ വരെ
- ഫെസ്റ്റിവൽ ലോൺ 1 ലക്ഷം രൂപ വരെ

**ഫിക്സ്ഡ് ഡിപ്പോസിറ്റിന് ദേശസാൽകൃത ബാങ്കുകളേക്കാൾ കൂടുതൽ പലിശ നൽകുന്നു.**

**സ്റ്റാൻലി ജോസഫ്**
(പ്രസിഡന്റ്)

**മനു ടി.എൻ**
(സെക്രട്ടറി)

ആശംസകൾ....

# ചെങ്ങറ സർവീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 3137
ഹെഡ് ഓഫീസ് ചെങ്ങറ : ഫോൺ 0468 2349172
അട്ടച്ചാക്കൽ ശാഖ : ഫോൺ 0468 2349451
എക്സ്റ്റൻഷൻ കൗണ്ടർ അതുമ്പുംകുളം 0468 2999257

- കാർഷികവും കാർഷികേതരവുമായ വിവിധയിനം വായ്പകൾ
- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- സ്വർണ്ണപ്പണയത്തിന്മേൽ മിതമായ പലിശ നിരക്കിൽ വായ്പ
- നിക്ഷേപങ്ങൾക്ക് പൂർണ സുരക്ഷിതത്വം സർക്കാർ ഗ്യാരണ്ടി
- വിവിധ സലകളിലുള്ള MMBF (ചിട്ടി) നടത്തിവരുന്നു.

എസ് സന്തോഷ്കുമാർ
പ്രസിഡന്റ്
ഫോൺ : 9447090914

കെ.പി. ശിവദാസ്
സെക്രട്ടറി
9446754665

# സംഘടനാ വാർത്തകൾ

## കെ.എസ്.ഇ.ബി വർക്കേഴ്സ് അസോ. (സി.ഐ.ടി.യു)
## 27-ാം സംസ്ഥാന സമ്മേളനം







എളമരം കരീം (പ്രസിഡന്റ്)

എസ്. ഹരിലാൽ (ജന.സെക്രട്ടറി)

സജു.എ.എച്ച് (ട്രഷറർ)

കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന സമ്മേളനം ഡിസംബർ 3, 4, 5 തീയതികളിൽ കോട്ടയത്ത് നടന്നു.

കോട്ടയം നഗരത്തിൽ സജ്ജമാക്കിയ സ:ഇ. ബാലാനന്ദൻ നഗറിൽ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സ.എളമരം കരീം എം.പി അദ്ധ്യക്ഷനായിരുന്നു.

കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ സിഐടിയു മുൻ ജനറൽ സെക്രട്ടറി സ. വിലക്ഷ്മണന്റെ നാമധേയത്തിലുള്ള ഹാളിലാണ് (മാമൻ മാപ്പിള ഹാൾ) സമ്മേളനം നടന്നത്. വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സ. എളമരം കരീം എം.പി പതാക ഉയർത്തി. സിഐടിയു സെന്ററിൽ നിന്നും സഖാക്കൾ കെ.ജെ തോമസ്, കെ.എൻ ഗോപിനാഥ് എന്നിവർ പങ്കെടുത്തു.




സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ.തപൻസെൻ ആണ് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തത്. വർക്കേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് സ. കാനം രാജേന്ദ്രൻ അഭിവാദ്യ പ്രസംഗം നടത്തി.

ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി സ.ജയപ്രകാശ് ചർച്ചകൾക്ക് മറുപടി പറഞ്ഞു. ദേശീയ സർവ്വദേശീയ ഭാഗങ്ങളിലെ വിഷയങ്ങളിൽ ഉന്നയിക്കപ്പെട്ട ചർച്ചകൾക്ക് പ്രസിഡന്റ് സ.എളമരം കരീം എം.പി മറുപടി നൽകി. വച്ചു. സഖാവ് കെ.എൻ ഗോപിനാഥ് സമ്മേളനത്തെ അഭിവാദ്യം ചെയ്തു.

പ്രസിഡന്റായി സ.എളമരം കരീം എം.പി, ജനറൽ സെക്രട്ടറിയായി സ.എസ് ഹരിലാൽ, ട്രഷററായി സ.സജു എ.എച്ചിനെയും അസിസ്റ്റന്റ് സെക്രട്ടറിയായി സ.ഉണ്ണികൃഷ്ണൻ സി.യേയും തെരഞ്ഞെടുത്തു.

വൈസ് പ്രസിഡന്റുമാർ: 1. വി.വി വിജയൻ, 2.ആർ ജ്യോതികുമാർ, 3.വിശ്വനാഥൻ എം., 4. ജനാർദ്ദനൻ വി, 5. കെ.ആർ ബാലകൃഷ്ണൻ, 6. പ്രകാശ് എസ്, 7. സാബു ജി., 8. രഘുനാഥ് കെ., 9. പ്രമോദ് പി.കെ, 10. മനോജ് കെ., 11. സജീവ് കുമാർ എം.പി, 12. ബേബി ജോസഫ്

ജോയിന്റ് സെക്രട്ടറിമാർ: 1. അബ്ദുൾ അക്ബർ എം.എം, 2. ഡേവിസ് എ.പി, 3. ദീപ കെ.രാജൻ, 4. ഉദയകുമാർ കെ.ബി, 5. എം.ബി പ്രസാദ്, 6. സനൽകുമാർ എസ്., 7. ലാലു എസ്., 8. രഘുനാഥൻ കെ., 9. അജിത സി., 10. എ.കെ ഫൈസൽ, 11. രമേശ് വി, 12. ദിലീപ് കെ.പി, 13. ഗീത കെ. 167 സംസ്ഥാന കമ്മിറ്റി അംഗങ്ങളെയും സമ്മേളനം ഏകകണ്ഠമായി തെരഞ്ഞെടുത്തു.

സമ്മേളനത്തിൽ 16 പ്രമേയങ്ങൾ അവതരിപ്പിച്ചു പാസ്സാക്കി.

# കെസിഇയു 29-ാം സംസ്ഥാന സമ്മേളനം

യൂണിയന്റെ 29-ാം സംസ്ഥാന സമ്മേളനം 2021 ഒക്ടോബർ 17, 18 തീയതികളിൽ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽ വെച്ച് നടന്നു. സമ്മേളനത്തിന് മുന്നോടിയായി ജില്ലയിൽ സഹകരണ മേഖലയും ജീവനക്കാരും എന്ന വിഷയത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ ഏഴ് സെമിനാറുകൾ സംഘടിപ്പിച്ചു.



പി.എം. വഹീദ (പ്രസിഡന്റ്)



എൻ.കെ. രാമചന്ദ്രൻ (ജന.സെക്രട്ടറി)



പി.എസ്. ജയചന്ദ്രൻ (ട്രഷറർ)

ഒക്ടോബർ 17 ന് രാവിലെ 9 മണിക്ക് സംസ്ഥാന പ്രസിഡന്റ് പി എം വഹീദ പതാക ഉയർത്തിക്കൊണ്ട് സമ്മേളനത്തിന് തുടക്കം കുറിച്ചു. തുടർന്ന് സമ്മേളന വേദിക്ക് മുന്നിൽ തയ്യാറാക്കിയ രക്തസാക്ഷി മണ്ഡപത്തിൽ പ്രതിനിധികൾ പുഷ്പാർച്ചന നടത്തി. യൂണിയൻ മുൻ ജനറൽ സെക്രട്ടറി കെ നാരായണൻ നഗറിൽ (കേരളാ ബാങ്ക് ഹാൾ) സമ്മേളന നടപടികൾ ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് പി എം വഹീദയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിനിധി സമ്മേളനത്തിന് സ്വാഗത സംഘം ചെയർമാൻ യു പി ജോസഫ് സ്വാഗതം ആശംസിച്ചു. യൂണിയൻ സംസ്ഥാന സെക്രട്ടറിമാരായ എസ് ടി ജയ്സൺ രക്തസാക്ഷി പ്രമേയവും എം എൻ മുരളി അനുശോചന പ്രമേയവും അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് പി എം വഹീദ, വൈസ് പ്രസിഡന്റുമാരായ ജാനകി, എം സുരേഷ് എന്നിവരടങ്ങുന്ന പ്രസീഡിയം സമ്മേളന നടപടികൾ നിയന്ത്രിച്ചു.

പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വി എ രമേഷ് പ്രവർത്തന റിപ്പോർട്ടും സംസ്ഥാന ട്രഷറർ കെ ജെ അനിൽ കുമാർ വരവ് ചെലവ് കണക്കും അവതിരിപ്പിച്ചു. പ്രശസ്ത സിനിമാ നടൻ ജയരാജ് വാര്യർ അവതരിപ്പിച്ച കാരിക്കേച്ചർ പ്രതിനിധികൾക്ക് ആസ്വാദ്യമായി.




രണ്ട് ദിവസങ്ങളിലായി അഞ്ചര മണിക്കൂർ നടന്ന ചർച്ചയിൽ വിവിധ ജില്ലകളിൽ നിന്നായി 41 സഖാക്കൾ പങ്കെടുത്തു.

സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ട്രേഡ്യൂണിയൻ പ്രഭാക്ഷണം നടത്തി.

സമ്മേളനത്തിന് മുന്നോടിയായി ഒക്ടോബർ 14ന് സംസ്ഥാന മീഡിയ സബ്കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സഹകരണ സർഗ്ഗോത്സവം പരിപാടി ഏറെ ശ്രദ്ധേയമായി.

ഭാരവാഹികളായി പി എം വഹീദ(പ്രസിഡന്റ്), എൻ കെ രാമചന്ദ്രൻ(ജനറൽ സെക്രട്ടറി), പി എസ് ജയചന്ദ്രൻ(ട്രഷറർ), പി ജാനകി, കെ കെ സുരേഷ് കുമാർ, എ പ്രദീപ്, ടി സി രാജശേഖരൻ നായർ, കെ ബാബുരാജ്, കെ സുജയ, സി ഡി വാസുദേവൻ (വൈസ് പ്രസിഡന്റുമാർ). എം എൻ മുരളി, പി ജി ഗോപകുമാർ, കെ ബി ജയപ്രകാശ്, ബി അനിൽ കുമാർ, ആർ രവീന്ദ്രൻ, ടി സി വിനോദ്, എം എം മനോഹരൻ (സെക്രട്ടറിമാർ) എന്നിവർ ഭാരവാഹികളായുള്ള 60 അംഗ കമ്മറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.



# കൺസ്യൂമർ ഫെഡ് വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന സമ്മേളനം



പി. നന്ദകുമാർ (പ്രസിഡന്റ്)



കെ.ജെ.ജിജു (ജന.സെക്രട്ടറി)



കെ. ഗിരീഷ് കുമാർ (ട്രഷറർ)

കൺസ്യൂമർ ഫെഡ് വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന സമ്മേളനം സാഹിത്യ അക്കാദമി ഹാളിൽ ചേർന്നു. സിഐടിയു ദേശീയ സെക്രട്ടറി സ. കെ. ചന്ദ്രൻപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് പി. നന്ദകുമാർ എംഎൽഎ അധ്യക്ഷനായിരുന്നു. യൂണിയൻ ജനറൽ സെക്രട്ടറി കെ.ജെ. ജിജു റിപ്പോർട്ട് അവതരിപ്പിച്ചു. സംഘാടക സമിതി ചെയർമാൻ യു.പി. ജോസഫ് സ്വാഗതം പറഞ്ഞു. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം എ. സിയാവുദീൻ ആശംസാപ്രസംഗം നടത്തി. സംഘാടക സമിതി കൺവീനർ സി.എഫ്. സജീവ് നന്ദി രേഖപ്പെടുത്തി.

ഭാരവാഹികൾ : പി. നന്ദകുമാർ എംഎൽഎ (പ്രസിഡന്റ്), കെ.ജെ. ജിജു (ജന. സെക്രട്ടറി), കെ. ഗിരീഷ്കുമാർ (ട്രഷറർ), ടി.എസ്. ഷീബ, ടി.കെ. നവിൽ, വി.കെ. രാജേഷ്, കെ.കെ. ഷൈജി, കുരുവിള സി. മാത്യു (വൈസ് പ്രസിഡന്റുമാർ), കെ.എം. ഷാജി, എ. അജിംഖാൻ, കെ.ജെ. സുധീർ, ഷീജ ഉണ്ണികൃഷ്ണൻ, സി.കെ. ചെന്താമരാക്ഷൻ. വി. രഞ്ജിത്, വി.സി. ഷെറീൻ (സെക്രട്ടറിമാർ)




# സമര പ്രഖ്യാപന കൺവെൻഷൻ



ആട്ടോ ടാക്സി നിരക്ക് പുതുക്കി നിശ്ചയിക്കുക, പഴയ വാഹനങ്ങളിൽ ജിപിഎസ് ഒഴിവാക്കുക, പഴയ വാഹനങ്ങൾ പൊളിക്കുന്നത് 15 വർഷമെന്നത് 20 വർഷമായി നീട്ടുക, ഇആട്ടോറിക്ഷകൾക്ക് പെർമിറ്റ് നിർബന്ധമാക്കുക, കോവിഡുമായി ബന്ധപ്പെട്ട് ഗവൺമെന്റ് അനുവദിച്ച ആനുകൂല്യങ്ങൾ പലതും ആർ.ടി. ഓഫീസുകളിലെ ഉദ്യോഗസ്ഥരെ കൊണ്ട് നടപ്പിലാക്കുക, കള്ള ടാക്സി, റെന്റ് എ കാർ എന്നിവക്ക് മേൽ നടപടി സ്വീകരിക്കുക, ജനസാന്ദ്രതക്ക് അനുസൃതമായി സിറ്റി പെർമിറ്റ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പണിമുടക്ക് സംഘടിപ്പിക്കാൻ തിരുവനന്തപുരത്ത് ബിടിആർ മെമ്മോറിയൽ ഹാളിൽ ചേർന്ന ആട്ടോ ടാക്സി ആന്റ് ലൈറ്റ് മോട്ടോർ സംയുക്ത സമര പ്രഖ്യാപന കൺവൻഷൻ തീരുമാനിച്ചു.

സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി നേതാവ് വി.ആർ. പ്രതാപൻ അധ്യക്ഷനായിരുന്നു. എഐടിയുസി നേതാവ് ജെ. ഉദയഭാനു സമരപരിപാടികൾ വിശദീകരിച്ചു.

# പാഴ്സൽ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം


കെ.പി. സഹദേവൻ (പ്രസിഡന്റ്)


കെ.എ. അലി അക്ബർ (ജന.സെക്രട്ടറി)

റോഡ് മാർഗം ചരക്ക് ഗതാഗതം നടത്തുന്ന പാഴ്സൽ ഓഫീസുകളുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന എല്ലാ വിഭാഗം തൊഴിലാളികളുടെയും തൊഴിൽ സുരക്ഷ ഉറപ്പാക്കുകയും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും വേണമെന്ന് ഓൾ കേരള പാഴ്സൽ സർവീസ് എംപ്ലോയീസ് യൂണിയൻ (സിഐടിയു) 51ാം സംസ്ഥാന സമ്മേളനം അധികാരികളോട് ആവശ്യപ്പെട്ടു.

സമ്മേളനം കെസിയുബി ഹാളിൽ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ജെ. തോമസ് ഉൽഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ.പി. സഹദേവൻ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി കെ. അലി അക്ബർ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സുനിതാ കുര്യൻ, ജില്ലാ പ്രസിഡന്റ് അഡ്വ. റെജി സഖറിയ, സ്വാഗതസംഘം ജനറൽ കൺവീനർ എ.പി. സെബാസ്റ്റ്യൻ, യൂണിയൻ ഭാരവാഹികളായ എസ്.എം. ഹുസൈൻ, ഷെല്ലി പി. ഫ്രാൻസിസ്, വി. രഘുനന്ദനൻ, പി.ആർ. ഷീജ എന്നിവർ സംസാരിച്ചു. വിവിധ ജില്ലകളിൽ നിന്നായി 125 പ്രതിനിധികൾ പങ്കെടുത്തു.




കെ.പി. സഹദേവൻ (പ്രസിഡന്റ്), കെ.എ. അലി അക്ബർ (ജനറൽ സെക്രട്ടറി), ഷെല്ലി പി ഫ്രാൻസിസ് (ട്രഷറർ), എ.പി. സെബാസ്റ്റ്യൻ, വി. രഘുനന്ദനൻ, ടി.എസ്. ഷൺമുഖദാസ്, (വൈസ് പ്രസിഡന്റുമാർ), എസ്.എം. ഹുസൈൻ, പി.ആർ. ഷിജു, എം. ഷാജഹാൻ (സെക്രട്ടറിമാർ) എന്നിവർ ഉൾപ്പെട്ട 45 അംഗ സംസ്ഥാന കമ്മിറ്റിയേയും തെരഞ്ഞെടുത്തു.

# റിസർവ്വ് ബാങ്കിന് മുന്നിലേക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തി

സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്ര നയം തിരുത്തുക, സഹകരണ ബാങ്കിംഗ് മേഖലയ്ക്ക് എതിരായ ആർബിഐയുടെ നിയമവിരുദ്ധ നടപടികൾ അവസാനിപ്പിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തി കേരള കോഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മറ്റി ആഹ്വാനം ചെയ്ത ആർബിഐ മാർച്ചും ധർണ്ണയും തിരുവനന്തപുരത്ത് സിഐടിയു സംസ്ഥാന സെക്രട്ടറി കെ എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് സി ജാനകി അധ്യക്ഷയായി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡൻറ് പി എസ് മധുസൂദനൻ, യൂണിയൻ സംസ്ഥാന ട്രഷറർ പി എസ് ജയചന്ദ്രൻ, യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എൻ.കെ രാമചന്ദ്രൻ എന്നിർ മാർച്ചിനെ അഭിസംബോധന ചെയ്തു. എറണാകുളത്ത് നടന്ന ധർണ്ണ സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി എം വഹീദ അദ്ധ്യക്ഷത വഹിച്ചു.

# ചുമട്ടുതൊഴിലാളികളുടെ ആത്മാഭിമാനസദസ്സ്



നഗരത്തിലെ ആശുപത്രികളിൽ ദിവസവും ശരാശരി അഞ്ചു കുപ്പി രക്തമെങ്കിലും നൽകി രക്തദാനത്തെ മഹാദാനമാക്കുന്നവർ. മഹാമാരിയിലും പ്രകൃതിദുരന്തങ്ങളിലും മുന്നണിപ്പോരാളികളായവർ. അപകടങ്ങളുണ്ടായാൽ ആദ്യം ഓടിയെത്തി രക്ഷാപ്രവർത്തനം നടത്തുന്നവർ. കേരളത്തിന്റെ കരളുറപ്പായ ചുമട്ടുതൊഴിലാളികൾ. അവരെ അധിക്ഷേപിക്കാനും തൊഴിൽ ഇല്ലാതാക്കാനുമുള്ള നീക്കത്തിനെതിരായ ആത്മാഭിമാന സദസ്സ് പോരാട്ടത്തിന്റെ പുതുചരിത്രമെഴുതി.

അഭിമാനത്തോടെ തൊഴിലെടുത്തു ജീവിക്കാനുള്ള അവകാശം ആർക്കും അടിയറവയ്ക്കില്ലെന്ന പ്രഖ്യാപനവുമായി ആയിരക്കണക്കിന് തൊഴിലാളികൾ അണിനിരന്ന ആത്മാഭിമാനസദസ്സ് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു.

സിഐടിയു, ഐഎൻടിയുസി, എഐടിയുസി, എസ്ടിയു തൊഴിലാളി സംഘടനകൾ ഉൾപ്പെട്ട സംയുക്തസമരസമിതിയുടെ നേതൃത്വത്തിൽ എറണാകുളം മറൈൻഡ്രൈവ് ഹെലിപാഡ് ഗ്രൗണ്ടിൽ നടന്ന സദസ്സിൽ ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ അധ്യക്ഷനായി.

എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ പി രാജേന്ദ്രൻ, സിഐടിയു അഖിലേന്ത്യാ സെക്രട്ടറി കെ ചന്ദ്രൻപിള്ള, ദേശീയ കൗൺസിൽ അംഗം സി എൻ മോഹനൻ, സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ്, ജില്ലാ പ്രസിഡന്റ് ജോൺ ഫെർണാണ്ടസ്, സെക്രട്ടറി പി ആർ മുരളീധരൻ, എസ്ടിയു സംസ്ഥാന പ്രസിഡന്റ് അഡ്വ. എം റഹ്മത്തുള്ള, അഡ്വ. കെ പി ഹരിദാസ്, കെ കെ ഇബ്രാഹിംകുട്ടി, കെ എൻ ഗോപി, കരീം പാടത്തിക്കര, കെ ജെ ജേക്കബ്, കെ എ നവാസ് എന്നിവർ സംസാരിച്ചു. ഹെഡ്‌ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ (സിഐടിയു) ജില്ലാ ജനറൽ സെക്രട്ടറി കെ എം അഷ്റഫ് സ്വാഗതം പറഞ്ഞു.

## കേരളത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നത് 0.71 ശതമാനം മാത്രം

രാജ്യത്ത് ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമെന്ന് നിതി ആയോഗിന്റെ ബഹുമേഖല ദാരിദ്ര്യ സൂചിക (എംപിഐ) റിപ്പോർട്ട്. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നീ മേഖലകളിലെ 12 മാനദണ്ഡപ്രകാരം കേരളത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നത് 0.71 ശതമാനം പേർ മാത്രം. ബിഹാറിൽ 51.91 ശതമാനം, ജാർഖണ്ഡിൽ 42.16, ഉത്തർപ്രദേശിൽ 37.79 ശതമാനം പേർ വീതം ദാരിദ്ര്യത്തിലാണ്. വ്യക്തിപരമായ ദാരിദ്ര്യം, സംസ്ഥാനത്തെ പൊതുസ്ഥിതി എന്നിവ കൂട്ടിച്ചേർത്താണ് സൂചിക തയ്യാറാക്കിയത്.

ബാലയുവ പ്രായത്തിലുള്ളവരുടെ മരണനിരക്ക്, ഗർഭിണികൾക്ക് ലഭിക്കുന്ന പരിചരണം, പോഷകാഹാര ലഭ്യത എന്നിവയാണ് ആരോഗ്യമേഖലാ മാനദണ്ഡങ്ങൾ. സ്കൂളുകളിലെ ഹാജർ നിലവാരം, സ്കൂളിൽ പോയി പഠിക്കുന്ന വർഷങ്ങൾ എന്നിവയാണ് വിദ്യാഭ്യാസമേഖലയിൽ പരിഗണിച്ചത്. പാചക ഇന്ധനം, ശുചീകരണം, കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, ആസ്തി, ബാങ്ക് അക്കൗണ്ട് എന്നിവ കണക്കിലെടുത്താണ് ജീവിതനിലവാരം നിർണയിച്ചത്.

മഹാമാരിയിലും ജനങ്ങളെ ചേർത്തുപിടിച്ചുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ദേശീയ ഏജൻസികളുടെ അംഗീകാരങ്ങൾ നിരന്തരം തേടിയെത്തി. ആറു മാസത്തിനിടെ പുറത്തുവന്ന റിപ്പോർട്ടുകളിലെല്ലാം കേരളത്തിന്റെ ജനകീയ ബദലുകളാണ് രാജ്യത്ത് മാതൃകയെന്ന് അടിവരയിടുന്നുണ്ട്.

അതീവ ദാരിദ്ര്യ നിർമാർജനത്തിന് ആവിഷ്കരിച്ച പുതിയ പദ്ധതികൾ പ്രാവർത്തികമാകുന്നതോടെ കേരളത്തിൽ ദാരിദ്ര്യം തുടച്ചുനീക്കാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.